Reg. No: M 2689—32. പേജ് 12 ഒറ്റപ്രതി വില 2 ണ. License No: 427 Dated 4—8—1941

# മലയാളരാജ്യം

പുസ്തകം ൧൫ | കൊല്ലം, ൧൯൪൫ ഏപ്രിൽ ൧൬-ാംനു-യ്ക്കു | ൧൧൨൦ മേടം ൪-ാംനു- തിങ്കളാഴ്ച | ലക്കം ൨൩൮

## അനുശോചനം

*

### റൂസ്‌വെൽററിൻെറ ചരമത്തിൽ

ശവസംസ്കാരം നടന്നു

(റായിട്ടർ)

തിരുവനന്തപുരം ഏപ്രിൽ ൧൪-പ്രസിഡൻറ റൂസ്വെൽററിൻെറ ചരമം പ്രമാണിച്ചു അദ്ദേഹത്തിൻെറ ശവസംസ്കാരം നടന്ന ഇന്നു, ഗവണ്മെൻറ നിർദ്ദേശമനുസരിച്ചു എല്ലാ പബ്ളിക്കസ്ഥാപനങ്ങളിലും കൊടികൾ പകുതി ഇറക്കിനിൎത്തുകയുണ്ടായി. (എ-പി)

### ഈഡൻ വാഷിംഗ്ഡനിൽ

വാഷിംഗ്ടൻ, ഏപ്രിൽ ൧൪ ബ്രിട്ടീഷ് വിദേശകാര്യസെക്രട്ടറി മി. ആൻറണി ഈഡൻ പ്രസിഡൻറ റൂസ്‌വെൽററിൻെറ ശവസംസ്കാരഘോഷയാത്രയിൽ സംബന്ധിക്കാൻ വിമാനമാർഗ്ഗം ഇവിടെ എത്തിയിരിക്കുന്നു.

പ്രസിഡൻറ റൂസ്‌വെൽററിൻെറ മൃതശരീരം വഹിച്ചുകൊണ്ടു ട്രെയിൻ ഇന്നു ലോക്കൽ ടൈം പത്തുമണിക്കു മുൻപു യൂണിയൻസ്റ്റേഷനിൽ എത്തുകയുണ്ടായി. പ്രസിഡൻറ ട്രൂമനും വാണിജ്യസെക്രട്ടറി മി. ഹെൻറി വാലസ്സും മുൻപു വാർമൊബിലൈസേഷൻസെക്രട്ടറിയായിരുന്ന ഇപ്പോൾ പ്രസിഡൻറിൻെറ അഡൈ്വസറായിരിക്കുന്ന മി. ജേംസ് ബയൺസും ഈയിടെ ലണ്ടനിൽ ഉണ്ടായിരുന്ന മി. ബർണാഡ്ബ്ച്ചും ട്രെയിൻ എതിരേല്ക്കാൻ പ്ലാററ്ഫാറത്തിൽ നിന്നിരുന്നു. പ്രസിഡൻറിൻെറ പത്നി മിസ്സിസ് എലിനാർ റൂസ്വെൽററ് വൈററ് ഹൌസ് സെക്രട്ടറി മി സ്റ്റീഫൻ ഏർജിയാൽ അനുഗതയായി ട്രെയിനിൽനിന്നു ആദ്യം ഇറങ്ങുകയുണ്ടായി. ലണ്ടനിൽനിന്നു വന്നെത്തിയ അവരുടെ പുത്രൻ ബ്രിഗേഡിയർ ജനറൽ ഇലിയട്ടും അന്ത്യമമാസങ്ങളിൽ പ്രസിഡൻറിനെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന അവരുടെ പുത്രി മിസ്സിസ് ജാൺ ബൊററിംഗരും മിസ്സിസ റൂസ്‌വെൽററിനെ സ്വീകരിച്ചു മൃതശരീരം അടക്കംചെയ്തപെട്ടി ട്രെയിനിൽനിന്നു അടുത്തുണ്ടായിരുന്ന ഒരു വാഹനത്തിലേക്കു ഇറക്കിവച്ചവേളയിൽ സ്റ്റേഷനിൽനിന്നു വൈററ്ഹൌസിലേക്കുള്ള റോഡുകളിൽ വലിയ ജനക്കൂട്ടം അണിനിരന്നിരുന്നു.

### ടോക്കിയോയും ബർളിനും സ്വീകരിച്ചവിധം

ലണ്ടൻ, ഏപ്രിൽ ൧൩ പ്രസിഡൻറ റൂസ്‌വെൽററിൻെറ ചരമത്തെപ്പററി റിപ്പോർട്ടുചെയ്തുകൊണ്ടു ടോക്കിയോ റേഡിയോ ഇപ്രകാരം പ്രസ്താവിച്ചു: “ഈ വലിയ ആളിൻെറ ചരമത്തിൽ ബഹുമാനസൂചകമായി ഞങ്ങൾ ഇപ്പോൾ ഏതാനും മിനിട്ടുനേരത്തെ വിശേഷാൽ സംഗീതം അവതരിപ്പിക്കുന്നു.”

### ജർമ്മനിയിൽ

ഒരുസമരനേതാവെന്ന നിലയിൽ റൂസ്‌വെൽററിൻെറ മഹത്വത്തെപ്പററി വ്യംഗ്യാർത്ഥത്തിൽ പ്രശംസിച്ചുകൊണ്ടു ജർമ്മൻറേഡിയോ ഇപ്രകാരം പ്രസ്താവിച്ചു: “ഇപ്പോഴത്തെ യുദ്ധം ഒരു രണ്ടാംലോകമഹായുദ്ധമായി പടരുന്നതിനു പ്രേരിപ്പിച്ച ഒരാളെന്ന നിലയിൽ അദ്ദേഹം ചരിത്രത്തിൽ സ്മരണീയനായിരിക്കും.”

### പശ്ചിമസമരമുഖത്തു “ശീതക്കാററു”

ലണ്ടൻ, ഏപ്രിൽ ൧൩ പ്രസിഡൻറ റൂസ്‌വെൽററിൻെറ ചരമത്തെപ്പററിയുള്ള വാൎത്ത ഒരു ശീതക്കാററുപോലെ പശ്ചിമസമരമുഖമെങ്ങും വ്യാപിക്കുകയും ആയതു ഹാളണ്ടിലും വടക്കുപടിഞ്ഞാറേ ജർമ്മനിയിലും പൊരുതിക്കൊണ്ടിരിക്കുന്ന നിരവധി ബ്രിട്ടീഷും കനേഡിയനും ഭടന്മാരുടെ കണ്ണുകൾ നിറപ്പിക്കുകയുംചെയ്തു പിന്നണിയിലുള്ള റേഡിയോസെററുകളിൽനിന്നു ഓരോരുത്തരും പറഞ്ഞു പറഞ്ഞു മുന്നണിയിലുള്ളവരുടെ ഇടയ്ക്കു ഈ വാൎത്ത പരന്നു ആക്രമണമുഖമായി വൎത്തിക്കുന്ന ടാംകുകളിലെ ഭടന്മാർ തങ്ങളുടെ റേഡിയോസെററുകളിൽ വാൎത്തകേൾക്കുകയും അവർ അതു ഇരുട്ടിൽ റോഡിലൂടെ പ്രയാണംചെയ്യുകയൊ ടാങ്കിൽ യാത്രചെയ്കയോചെയ്യുന്ന പദാതിഭടന്മാരെ അറിയിക്കുകയുംചെയ്തു.

## ലോകമഹായുദ്ധം മേലാൽ ഉണ്ടാകാതിരിക്കണം

### റൂസ്‌വെൽററ ചെയ്യാനിരുന്നപ്രക്ഷേപണപ്രസംഗം

അററ്ലാൻറാ (ജാർജിയാ) ഏ: 13 —“മൂന്നാമതൊരു ലോകമഹായുദ്ധം ഉണ്ടാവരുതെന്ന ദൃഢനിശ്ചയം പ്രസിഡൻറ റൂസ്സ്‌വെൽററ് ഇന്നു രാത്രിയിൽ ഇവിടെവച്ചു പ്രക്ഷേപണംചെയ്യാനുദ്ദേശിച്ചു എഴുതിവച്ചിരുന്ന ഒരു പ്രസംഗത്തിൽ ശക്തിയായിപ്രകാശിപ്പിച്ചിരിക്കുന്നു. പ്രസംഗത്തിൻെറ പൂൎണ്ണരൂപം ഇതാണു്:— നമ്മുടെ ശത്രുക്കളെ ജയിക്കുകമാത്ര കൊണ്ടായില്ല ഈ ഘോരതയൊക്കെ സാധ്യമാക്കിയ സംശയങ്ങൾ, ഭീതികൾ, അജ്ഞത, അതിമോഹം എന്നിവയെ വെന്നടക്കുവാൻ നമ്മുടെ ശക്തിയിൽ പെട്ടതെല്ലാം നാം തുടൎന്നുചെയ്തുകൊണ്ടുതന്നെയിരിക്കണം.

ഇന്നു നമ്മെ അഭിമുഖീകരിക്കുന്ന പരമപ്രധാനവസ്തുത ഇതാണു് നാഗരികത ലോകത്തു നിലനിൽക്കണമെങ്കിൽ, മാനുഷോചിതബന്ധങ്ങളുടെ ശാസ്ത്രം എല്ലാതരത്തിലുമുള്ള എല്ലാജനതകളും ഒരേലോകത്തു സമാധാനമായി ഒന്നിച്ചു ജീവിക്കുവാനുള്ള കഴിവിൻെറ ശാസ്ത്രം നാം വശമാക്കണം.

നിർവഹിക്കേണ്ട ജോലിയിൽ ഞാൻ പൂൎവ്വാധികം നിഷ്ഠയോടെ ഏൎപ്പെട്ടിരിക്കയാണെന്നും ഈ ജോലി ശാശ്വതഫലപ്രദമാകണമെന്നുള്ള ദൃഢനിശ്ചയത്തിൽ നിങ്ങൾ—കോടിക്കോടിജനങ്ങൾ—എന്നോടൊന്നിച്ചുണ്ടെന്ന ബോധത്തോടെ ഞാൻ ആ ജോലിയിൽ കൂടുതൽ ഉറപ്പോടെ വ്യാപരിച്ചുവരികയാണെന്നും ഞാൻ നിങ്ങൾക്കു ഉറപ്പുനൽകിക്കൊള്ളട്ടെ.

ആ ജോലിയാണു സമാധാനം. സകല യുദ്ധങ്ങളുടെയും സമാരംഭങ്ങൾക്കു ഒരറുതിവരുത്തൽ. ജനതകളെ കൂട്ടത്തോടെ കൊന്നുകൊണ്ടു ഗവർമ്മെൻറുകൾ തമ്മിൽ വഴക്കുകളൊതുക്കുന്ന ഈ അപ്രായോഗികവും യഥാൎത്ഥ്യബോധരഹിതവുമായ രീതിക്കു എന്നെന്നേയ്ക്കുമായി അറുതിവരുത്തുക. (റായിട്ടർ)

## വിഷുലെവി

*—

തിരുവനന്തപുരം, ഏപ്രിൽ 15 മഹാരാജാവു തിരുമനസ്സുകൊണ്ടു ഇന്നലെ വിഷുപ്രമാണിച്ചു ലെവി കല്പിച്ചുനടത്തിയിരിക്കുന്നു. ദിവാൻജിയും സംസ്ഥാനത്തെ ഉയൎന്നഉദ്യോഗസ്ഥന്മാരും കേട്ടയ്ക്കകത്തെ കൊട്ടാരത്തിൽ എത്തിച്ചേരുകയും, മഹാരാജാവുതിരുമനസ്സുകൊണ്ടു എഴുന്നള്ളിയിരുന്നപ്പോൾ ആചാരോപചാരങ്ങൾ നിൎവഹിക്കയുംചെയ്തു. ദിവാൻജി അനുമോദനാശീസ്സുകൾ തിരുമനസ്സുണൎത്തിച്ചു. (ഏ പി.)

## നിശ്ചലാവസ്ഥഭഞ്ജിച്ചു

—൦—

### ചെമ്പട മദ്ധ്യ ഓഡെർരംഗത്തു്

—*—

(റായ്ട്ടർ)

ലണ്ടൻ, ഏപ്രിൽ ൧൪ അത്യുഗ്രമായ പീരങ്കിപ്രയോഗം നടത്തിക്കൊണ്ടു റഷ്യാക്കാർ ഇന്നുകാലത്തു ബർളിനു കിഴക്കുള്ള മദ്ധ്യഓഡെറിലെ ഫ്രാങ്കുഫർട്ട്--കൃസ്ത്രീൻരംഗത്തു ആക്രമണങ്ങൾ ആരംഭിച്ചിരിക്കുന്നതായി ജർമ്മൻ ന്യൂസ്ഏജൻസിലേഖകൻ

## ജൎമ്മൻ കമാൻറു് രണ്ടാക്കി

—൦—

### പശ്ചിമ സമരമുഖത്തു്

—൦—

ലണ്ടൻ, ഏപ്രിൽ ൧൪ പശ്ചിമസമരമുഖം: ജർമ്മനിയുടെ ഹൃദയാന്തർഭാഗത്തിലേയ്ക്കുള്ള സഖ്യസേനകളുടെ തള്ളിക്കയററംമൂലം ജർമ്മനി രണ്ടായി പിളൎക്കപ്പെടുകയും തൽഫലമായി പശ്ചിമസമരമുഖത്തെ ജർമ്മൻ കമാൻറ രണ്ടാക്കുകയും ചെയ്തിരിക്കുന്നു. വടക്കുപടിഞ്ഞാറെജർമ്മനിയിൽ മാണ്ട്ഗോമറിയുടെ സേനക്കെതിരായുള്ള തങ്ങളുടെ അവസാനകമാൻററായി ജർമ്മൻകാർ ഫീൽഡ് മാർഷൽബുഷിനെ നിയമിച്ചിരിക്കുന്നു. എൽബ്നദിയിലെ ഒരമേരിക്കൻ പാലമുഖപ്പു നിർമ്മാർജ്ജനം ചെയ്യുന്നതിനു ഫീൽഡ്മാർഷൽബുഷിനു സാധിച്ചിരിക്കുന്നു. തെക്കുകിഴക്കേജർമ്മനിയുടെയും മധ്യജർമ്മനിയുടെയും കമാൻറ് ഫീൽഡ്മാർഷൽ കെസെൽറിംഗിനാണെന്നും റിപ്പോർട്ടുചെയ്യപ്പെടുന്നു.

### ജൎമ്മൻപ്രത്യാക്രമണം

ഏപ്രിൽ ൧൪-ാംതീയതിയിലെ ജൎമ്മൻകമ്യൂണിക്കെയിൽ ഇപ്രകാരം പറയുന്നു: ചെറിയ ആംഗ്ലോഅമേരിക്കൻഭടസംഘങ്ങൾക്കു മാഗ്ഡിബെർഗിനു തെക്കുകിഴക്കു എൽബ്നദിയുടെ കിഴക്കേക്കരയിൽ ചില നേട്ടങ്ങളുണ്ടായി. ഇവിടെ ജൎമ്മൻപ്രത്യാക്രമണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

മദ്ധ്യജൎമ്മനിയിൽ അമേ; സേന വടക്കോട്ടും തെക്കുകിഴക്കോട്ടും പുരോഗമിച്ചു. അമേരിക്കൻതുറിംഗിയാവനത്തിൻെറ തെക്കുകിഴക്കേ കുന്നുകൾ കടന്നു യെണായ്ക്കും സാൽഫെൽഡിനുമിടയ്ക്കു സാൽനദി കടക്കുവാൻ പൊരുതിക്കൊണ്ടിരിക്കുന്നു. കുറേക്കൂടി തെക്കു ചെറിയസംഘംസേന ഫ്രാങ്കൻവാൾഡിലേയ്ക്കു പുരോഗമിക്കുന്നു.

സഖ്യഭടന്മാർ ഹാളണ്ടിൽ ആൺഹിം പിടിച്ചിരിക്കുന്നു.

—൦—

കേണൽഏഴ്സ്റ്റ് വാൺഹാമെർ പ്രസ്താവിക്കുന്നു.

### സാംലൻറുഉപദ്വീപിൽ ഉഗ്രസമരം

മാസ്കോ, ഏപ്രിൽ ൧൪—റഷ്യൻനിരയ്ക്കുപിന്നിൽ കോണിഗ്സ്ബർഗിനു വടക്കുപടിഞ്ഞാറു ശേഷിക്കുന്ന ജർമ്മൻപ്രതിരോധസ്ഥാനമായസാംലൻറുഉപദ്വീപിൽ ഉഗ്രസമരം നടക്കുന്ന കാൎയ്യം റഷ്യൻ കമ്യൂണിക്കെ സ്ഥിരീകരിച്ചിരിക്കുന്നു. ഏഴായിരം ജൎമ്മൻകാരെ ഇവിടെ തടവുകാരായി പിടിച്ചു. ചെക്കോസ്ലോവേക്യയിലും ആസ്ത്രിയായിലുമുള്ള റഷ്യനാക്രമണങ്ങൾ തുടരുകയുണ്ടായി.

# പ്രസിഡൻറ ട്രൂമൻ

## രാഷ്ട്രീയരംഗത്തിലെ ഉയൎച്ചയുടെ ചരിത്രം

അട്ടത്തമാസത്തിൽ 61 വയസ്സുതികയുന്ന സെനററർ ഹാരി ട്രൂമൻ 'മിസൗരിയിലാണ ജനിച്ചതു്. സ്കോട്ടിഷും ഐറിഷും ഡച്ചും ജനതയോട്ട അദ്ദേഹത്തിന രക്തബന്ധമുണ്ടു്.

അമ്പരപ്പിക്കുന്നതായി യാതൊന്നുംതന്നെ അദ്ദേഹത്തിൻെറ സ്വഭാവത്തിലോ രീതികളിലോ ഇല്ല. വിവാഹം കഴിഞ്ഞു് 25 വൎഷമായി. ശാന്തനായി ജീവിക്കുന്നു. ഒരുപുത്രി കാളേജിൽ പഠിക്കുന്നു. ഗ്രാൻഡുവ്യൂ ബാപ്റ്റിസ്ററ ചൎച്ചിൽ സെനററർ ഒരു അംഗമാണു്. 'ബക്മാൻ മോറൽ റി ആർമമെൻറ' പ്രസ്ഥാനത്തിൽ ഒരുകാലത്തു വലിയ താല്പൎയ്യമായിരുന്നു മദ്യം നിശ്ശേഷം വൎജ്ജിച്ചിട്ടുള്ള കൂട്ടത്തിലല്ല. ആൾ ഒരു കാളേജുസന്താനമല്ല എന്നാൽ എപ്പോഴും പഠനപ്രിയനും ഏററവും കൂടുതൽ അറിവുസമ്പാദിച്ചിട്ടുള്ള സെനററംഗങ്ങളിൽ ഒരാളുമാണു്. വലിയ ഒരു വാഗ്മിയല്ല, പക്ഷെ താൻ സംസാരിക്കുന്നതെന്തിനെപ്പററിയെന്നു എപ്പോഴും അദ്ദേഹത്തിനറിയാം. അതുകൊണ്ടു അദ്ദേഹത്തിൻെറ വാക്കുകൾക്കു കാൎയ്യംനേടുവാൻ കഴിയുന്നു 'ഒരുകൊള്ളാവുന്ന അമേരിക്കൻപൗരൻ' എന്നു സാധാരണ അറിയപ്പെടുന്ന ഒരു തികഞ്ഞ മാതൃക.

### രാഷ്ട്രീയജീവിതം.

എന്നാൽ രാഷ്ട്രീയതലത്തിൽ ഈ പ്രശസ്തവ്യക്തിത്വമില്ലാത്ത ആൾ നേടിയിട്ടുള്ള സ്ഥാനം കേവലം വിശ്വാസാതീതമാണു്. ഉയൎച്ച പ്രാപിക്കണമെന്ന ഉഗ്രവും നിൎദ്ദാക്ഷിണ്യവുമായ ദൃഢനിശ്ചയംകൂടാതെ ഒരാൾ രാഷ്ട്രീയസോപാനനിരയുടെ അഗ്രഭാഗത്തെത്തിയെന്നു പറഞ്ഞാൽ വിശ്വസിക്കുക വിഷമം. എന്നാൽ സെനററർ ട്രൂമൻെറ കാൎയ്യം വിശ്വസിച്ചേ മതിയാവൂ. അദ്ദേഹം ഉല്കൎഷേച്ഛുവാണു് തീൎച്ചതന്നെ. എന്നാൽ നിൎദ്ദാക്ഷിണ്യമായ ഭയങ്കര തീക്ഷ്ണത ആ ഉന്നതിമോഹത്തിനില്ലതന്നെ.

1934 വരെ അദ്ദേഹം കൗണ്ടികോർട്ടു ജഡ്ജിയെന്നതിൽ കവിഞ്ഞു് ഒരു സ്ഥാനവും വഹിച്ചിരുന്നില്ല. അതുതന്നെ ഒരു ജൂഡിഷ്യൽഉദ്യോഗവുമല്ല. കൗണ്ടികമ്മിഷണറന്മാരുടെ ബോർഡിലെ ചെയർമാൻ എന്നുമാത്രം. അതിന ശമ്പളവുമുണ്ടായിരുന്നില്ല. ജഡ്ജ് ട്രൂമൻ ജാക്സൻ കൗണ്ടിയിലെ രാഷ്ട്രീയരംഗത്തു ദീൎഘകാലം ക്ലേശിച്ചു വേലചെയ്തുവന്നയാളുമാണു്. അന്നു കാൻസാനഗരത്തിലെ ഡെമോക്രാററിക്ക്കക്ഷി മേധാവി ടാം പെൻഡർഗാസ്റ്റാണു് ആ കൗണ്ടിയിലെ അനിഷേധ്യനേതാവു്. കക്ഷിയിൽ നിന്നു താൻ ഇതിലൊക്കെ വിഞ്ഞു അൎഹിക്കുന്നു എന്നു തോന്നിയ; മി ട്രൂമൻ കൗണ്ടി കളക്ടർസ്ഥാനത്തിനുവേണ്ടി പയററുവാൻ തീരുമാനിച്ചുറച്ചു. ഒരുവിധം നല്ല വരുമാനമുള്ള സ്ഥാനവുമാണു്. അദ്ദേഹം കക്ഷിമേധാവിയെ വിവരം അറിയിച്ചു.

### സെനററിലേക്കു്

ടാം പെൻഡർഗാസ്റ്റ് കുഴങ്ങി. വിശ്വസ്തനായ വേറൊരു അനുയായിക്കു കളക്ടർസ്ഥാനം അദ്ദേഹം വാഗ്ദാനംചെയ്തിരുന്നു. പക്ഷേ ഹാരി ട്രൂമൻ അതിലേക്കു അൎഹതതികഞ്ഞ ഒരു ഡെമോക്രാററായിരുന്നു. വോട്ടറന്മാർക്കു ട്രൂമനെ കാൎയ്യവുമായിരുന്നു, ഏതായാലും അദ്ദേഹം കളക്ടർസ്ഥാനത്തിനു മത്സരിക്കാനിടവരുതെന്നു നേതാവു നിശ്ചയിച്ചു. കക്ഷിസംഘടനയിൽ കലക്കങ്ങൾക്കിടയാകരുതെന്നുള്ളതായിരുന്നു മുഖ്യനോട്ടം. ഒരാൾ ന്യായമായി ആവശ്യപ്പെടുന്നതു കൊടുക്കാതേയും, എന്നാൽ ആയാൾക്കു അതൃപ്തിയ്ക്കിടവരാതേയും കാൎയ്യമൊതുക്കുക അത്ര എളുപ്പമല്ലല്ലോ. പെൻഡർഗാസ്റ്റ് അതു സാധിച്ചു. ട്രൂമനെ യു എസ്സ്. സെനററിലേക്കു തിരഞ്ഞെടുത്തു സെനററർസ്ഥാനം കളക്ടർസ്ഥാനത്തേപ്പോലെ പെൻഡർഗാസ്റ്റിനു അത്ര പ്രാധാന്യമുള്ളതായിരുന്നില്ല. അതു ട്രൂമനു ഇരുന്നുകൊള്ളട്ടേ എന്നു അദ്ദേഹം നിശ്ചയിച്ചു. മി. ട്രൂമനെസംബന്ധിച്ചാണെങ്കിൽ അതു ഒരുവലിയ സംഭവമായിരുന്നുതാനും

൧൯൩൯-ഏപ്രിൽമാസത്തിൽ ടാം പെൻഡർഗാസ്റ്റിനെ ആദായനികുതി അടയ്ക്കാതെ ഒഴിഞ്ഞു എന്ന കുററത്തിനു ശിക്ഷിച്ചു ജയിലിലാക്കി. പെൻഡർഗാസ്ററ യന്ത്രം തകൎന്നു നാശമടഞ്ഞു. ട്രൂമൻെറയും നില ഒന്നുലഞ്ഞു. പെൻഡർഗാസ്ററിൻെറ ദുഷ്കൃതത്തിൽ അദ്ദേഹത്തിൻെറപേർ ആരും വലിച്ചിഴച്ചില്ലെങ്കിലും അവസാനവരെ അദ്ദേഹം പെൻഡർഗാസ്റ്റിൻെറ പക്ഷത്തുതന്നെ ചേൎന്നുനിന്നു.

ഏതായാലും സെനററർ ട്രൂമൻ ആ ഘട്ടസന്ധിയെ അതിജീവിച്ചു. വീണ്ടും അദ്ദേഹത്തെ സെനററിലേക്കു തിരഞ്ഞെടുത്തു ഒന്നിൽ കൂടുതൽ എതിരാളികൾക്കു വോട്ടുകൾ വിഭജിച്ചുപോയതിൻെറ ഫലമായിരുന്നു ആ വിജയം. ൧൯൪൦-ൽ യുദ്ധച്ചിലവിലേക്കുള്ള പണത്തിൻെറ വിനിയോഗം സംബന്ധിച്ചു അന്വേഷണത്തിനു അദ്ദേഹം നിയുക്തനായി. ൩൦൦൦൦-മൈൽ സഞ്ചരിച്ചു ഒടുവിൽ പാഴ്നഷ്ടങ്ങൾ ഉള്ളതായി അദ്ദേഹം പ്രഖ്യാപിച്ചു. അവയെ അവസാനിപ്പിക്കുവാൻ ഉടനടി നടപടികൾ നടത്തണമെന്നും അദ്ദേഹം വാദിച്ചു. പക്ഷെ മൂപ്പുകൂടുന്ന രാഷ്ട്രീയന്മാൎക്കൊക്കും ഇക്കാൎയ്യത്തിൽ ഒരു താല്പൎയ്യവും തോന്നിയില്ല. എങ്കിലും, മനസ്സില്ലാമനസ്സോടെയെന്നപോലെ ഒരു സമിതിയെ നിയമിച്ചു. മി. ട്രൂമൻ അതിൻെറ ചെയർമാനാക്കപ്പെടുകയും ചെയ്തു. യുദ്ധകാണ്ട്രാക്ററുകളുടെ വിഷയത്തിൽ രാജ്യത്തിനു വമ്പിച്ച തുകകൾ ഇതിൻെറഫലമായി ലാഭപ്പെട്ടു. മറെറാന്നിലും സെനററർ ട്രൂമൻ ഒരു പ്രമാണ്യവും പ്രകടിപ്പിച്ചിട്ടില്ല.

കഴിഞ്ഞ യുദ്ധത്തിൽ ആർട്ടിലറി വകുപ്പിൽ അദ്ദേഹം സേവനം നടത്തിയിരുന്നു. ഒരു മേജറായി അദ്ദേഹം മടങ്ങുകയുംചെയ്തു.

വൈസ്പ്രസിഡൻറസ്ഥാനം ഒഴിഞ്ഞുകിടക്കുകയേയുള്ളു. എന്നാൽ സെനററർ കെന്നത് മക്കല്ലാർ സെനററിൻെറ സ്ഥിരംപ്രിസൈഡിംഗ് ആഫീസർ എന്ന സ്ഥാനം വഹിക്കും.

### ആറാമത്തു്

യു. എസ്സിൻെറ ചരിത്രത്തിൽ പ്രസിഡണ്ടിൻെറ നിൎയ്യാണത്തെത്തുടൎന്നു പ്രസിഡൻറായിട്ടുള്ളവരിൽ ആറാമനാണു് മി. ട്രൂമൻ.

—o—

# വാൺപേപ്പനെയും പുത്രനെയും പിടിച്ചു,

—*—

ഷോഫ്, ഏപ്രിൽ ൧൮—പൂൎവ്വഫ്രൻറിനകത്തുവെച്ചു ജൎമ്മൻനയതന്ത്രജ്ഞനായ വാൺപേപ്പൻെറ അമേരിക്കൻ‌ട്രൂപ്പർ സേനാഭടർ പിടച്ചെന്നു ഔദ്യോഗികമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. വാൺപേപ്പൻ മുമ്പ് റെയിക്കു ചാൻസലറായിരുന്നിട്ടുണ്ടു്. ജൎമ്മൻസൈന്യത്തിലുണ്ടായിരുന്നഅദ്ദേഹത്തിൻെറപുത്രൻ ക്യാപ്ററൻ വാൺപേപ്പനെയാണു് ആദ്യം പിടിച്ചതു്. സംഭാഷണവേളയിൽ ഇംഗ്ലീഷ്ഭാഷയിലുള്ള തൻെറ സ്ഫുടതകൊണ്ടു അമേരിക്കൻഭടർ ചോദ്യംചെയ്തതിൻെറ ഫലമായി ക്യാപ്ററൻ വാൺപേപ്പൻ താൻ ആരാണെന്ന കാൎയ്യം വെളിപ്പെടുത്തുകയും തൻെറ പിതാവു സ്റ്റേക്ക് ഹാംഷനപിന്നിലുള്ളകുന്നുകളിലെ ഒരു നായാട്ടുപാൎപ്പിടത്തിൽ ഒളിഞ്ഞിരിക്കുന്നതായി വെളിപ്പെടുത്തുകയുംചെയ്തു.


ചവറ ബേബിടാക്കീസ്സിൽ

ജനമ്മ, ശാന്താ ഹൂബ്ലിക്കർ ഗുബ്ബിവീരണ്ണ മുതലായവർ അഭിനയിച്ച

"ജീവൻനാടകം"

എന്ന ചിത്രം പ്രദർശിപ്പിക്കുന്നു.


ഗ്രന്ഥനിരൂപണം

# കടാക്ഷം

(ഗ്രന്ഥകൎത്താ, മി. ജോസഫ് മുണ്ടശ്ശേരി എം. ഏ.

(സി. ജീ. മാധവൻപിള്ള)

പ്രൊഫസ്സർ മുണ്ടശ്ശേരിയെ നല്ല ഒരു ഉപന്യാസകൎത്താവും ഒന്നാംതരം ഒരു നിരൂപകനും രസികൻ ഒരു പ്രാസംഗികനും എന്നുള്ള നിലകളിലേ ഞാൻ ഇതുവരെ അറിഞ്ഞിരുന്നുള്ളു. ഇപ്പോഴം(?)ഇതാ ഒരു ചെറുകഥാകൃത്തായി അദ്ദേഹം പ്രത്യക്ഷപ്പെട്ടിരിക്കുന്നു. തലമുടി വേണ്ടുവോളമുണ്ടെങ്കിൽ അതു ഏതുവഴിക്കു് എതെല്ലാം രൂപത്തിലാണു് കെട്ടിവെക്കാൻ സാദ്ധ്യമല്ലാത്തതു്? അശ്രുബിന്ദു, ബ്ളൗസു്, മംഗളാചരണം, നിക്ഷിപ്തം, ആ തേങ്ങൽ, ഉദകമണ്ഡലൻ, കടാക്ഷം, ഓൺ ആക്ടീവ് സർവീസു്, കലണ്ടർ, സെക്കൻഡ് ക്ലാസു്, വൗച്ചർ എന്നു പത്തു കഥകളാണു ഇതിൽ ഉള്ളതു്. ഇവയിൽ ഏതിലും ഗ്രന്ഥകൎത്താവിൻെറ ലോകനിരീക്ഷണവും മൎമ്മഗ്രാഹിത്വവും വെളിപ്പെടുകാണാം. സമുദായത്തിലെ ഒരു വൃത്തികേടും കുത്തിപ്പൊക്കിനാററിച്ചിട്ടില്ല. നെഷ്യരിൽ ഇക്കാലത്തു അമിതമായി വൎദ്ധിച്ചുകാണുന്ന ലൈംഗികവികാരങ്ങൾക്കു് കിക്കിളിയിട്ടു വായനക്കാരെ രസിപ്പിക്കാൻ ഒരുങ്ങിയിട്ടില്ല. ഒരു സംസ്കാരസമ്പന്നൻെറ മാന്യതയും രസികതയുമെല്ലാം ഇതിൽ എവിടെയും സവിശേഷം വെളിപ്പെടുകാണാം. പുസ്തകത്തിൽ പാണ്ഡിത്യമുദ്ര എല്ലാംകഥകളിലുമുണ്ടു്. തഴച്ച ഭാവനകൾ ഒന്നുമില്ലെങ്കിലും ഉള്ളവയ്ക്കു് ഐക്യതയുണ്ടു്. കലാകാരനെക്കാൾ കൂടുതൽ പണ്ഡിതനാണു ഗ്രന്ഥകൎത്താവെന്നു് കാച്ചങ്ങോട്ടു വായിക്കുമ്പോൾ ബോധ്യപ്പെടാതിരിക്കയില്ല. കാല്പനികപ്രസ്ഥാനക്കാരനാണു്. ഈ വൈദ്യനെ വിശ്വസിക്കാം. ഒരുപക്ഷേ ചില രോഗങ്ങൾ മാററാൻ അദ്ദേഹത്തെക്കൊണ്ടു കഴിഞ്ഞില്ലെങ്കിലും ചികിത്സകൊണ്ടു് അപകടമുണ്ടാകുകയില്ല നിശ്ചയം. നമ്മുടെ ഭാഷയ്ക്കു സ്വീകാൎയ്യങ്ങളായ പല നൂതന ശൈലികളും അദ്ദേഹം തേടിപ്പിടിച്ചും സ്വയം വാൎത്തും ഇതിൽ പ്രയോഗിച്ചുകാണിച്ചിട്ടുണ്ടു് ചെറുകഥാനിൎമ്മാണത്തിലുള്ള അദ്ദേഹത്തിൻെറ വാസനയേയും സാമൎത്ഥ്യത്തേയും ഈ ഗ്രന്ഥംകൊണ്ടു് ഒരു പബ്ളിക്ക് പരീക്ഷകൻ എന്നോണം ഞാൻ അളക്കുകയാണെങ്കിൽ അദ്ദേഹത്തിനു് ഒരു ഫസ്റ്റ്ക്ലാസ്സ് പോയിട്ടു് ഒരു സെക്കൻഡ് ക്ലാസ്സുപോലും കൊടുക്കാൻതുനിയുകയില്ല. എന്നാൽ ഒരു തേഡ്ക്ലാസ്സിനു് വേണ്ടച്ചതിനേക്കാൾ വളരെക്കൂടുതൽ അദ്ദേഹത്തിനു നിശ്ചയമായും സിദ്ധിക്കയുംചെയ്യും. അതുകൊണ്ടു് ഈ 'കടാക്ഷം' അദ്ദേഹത്തിനു് യഥാൎത്ഥത്തിൽ ലഭിച്ചതും മേലിൽ ലഭിക്കേണ്ടതുമായ ഒരു സരസ്വതീകടാക്ഷമായിത്തീരട്ടെ എന്നു് ആശംസിക്കുന്നു.

o


മഹത്തായ 2-ാംവാരം

നിൎവൃതിദായകമായ ഗാനമാധുരി സമാസ്വദിക്കുവാൻ

കൊല്ലം S. M. P. പാലസ്സിൽ

പ്രദർശിപ്പിക്കുന്ന

ശ്രീ സീതാരാമജനനം

കാഞ്ചൻ വിൻ.

കമലാകോട്ട്നിസ്, ഗസ്സ്ലാ

അഭിനയിച്ചതു്.

"ബ്രിട്ടനിലെ സ്ത്രീകൾ"

എന്ന ന്യൂസ് ചിത്രവും പ്രദൎശിപ്പിക്കുന്നു

കൊട്ടാരക്കര യൂണിയൻ ടാക്കീസിൽ

എം. കെ. ത്യാഗരാജഭാഗവതർ എസ്സ്. ഡി. സുബ്ബലക്ഷ്മി മുതലായവർ

അഭിനയിച്ച

"നവീനസാരംഗധര"

എന്ന തമിഴ് ചിത്രം പ്രദൎശിപ്പിച്ചുവരുന്നു

7-30-നു്  10-30-നു്


# അറിയിപ്പ്

## പാദരക്ഷാനിയന്ത്രണം

1120-ലെ തിരുവിതാംകൂർ പാദരക്ഷാനിയന്ത്രണഉത്തരവിൻപ്രകാരം എല്ലാം പ്രധാന ഇനം പാദരക്ഷകളുടെയും പരമാവധി വില ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. സംസ്ഥാനത്തെ വ്യാപാരികൾ വില്പനനടത്തുന്ന "ഫ്ളെക്സ്" "ബാററാ" എന്നീ പാദരക്ഷകളിൽ ഓരോ ഇനത്തിനുമുള്ള പ്രത്യേകവിലകളും നിശ്ചയിച്ചിട്ടുണ്ടു്. ആൎക്കും കാണാവുന്നവിധത്തിൽ വിലവിവരപ്പട്ടികകൾ വച്ചിരിക്കണമെന്നു കച്ചവടക്കാരോടു് ആവശ്യപ്പെട്ടിട്ടുണ്ടു്. ഇറക്കുമതിചെയ്യപ്പെടുന്നവയോ അളവെടുപ്പിച്ചു ഉണ്ടാക്കിക്കുന്നവയോ ഒഴികെയുള്ള ഏതുതരം പാദരക്ഷയ്ക്കും പരമാവധി വില 18 രൂപയിൽ കവിയാൻ പാടുള്ളതല്ല. ഗവൎമ്മെൻറ കൈക്കൊണ്ടിരിക്കുന്ന നിയന്ത്രണനടപടികൾ ഗൗനിക്കുന്നതിനും വ്യാപാരികൾ കൂടുതൽ വില ചുമത്തുന്നപക്ഷം വിവരം താഴെ പേർ വിവരിക്കുന്ന ആളെ അറിയിക്കുന്നതിനും പൊതുജനങ്ങളോടു് അഭ്യൎത്ഥിക്കുന്നു.

എൽ. ജി. പെരേരാ,

അമിതസംഭരണ അമിതാദായ കൺട്രോളർ,

തിരുവനന്തപുരം.

# ബർമ്മയിൽനിന്നുള്ള എൻെറ വിജയകരമായ പിന്മാററം

## ii. ഐരാവതിനദിയിൽ

(പി. കെ രാജരാജവർമ്മ, എം. ഏ)

മാൻഡലേയിലെ ബോട്ടുജട്ടിക്കു സമീപം ഞങ്ങളെ ഇറക്കിയിട്ടു് ലോറികൾ മടങ്ങി. ഭാവിപരിപാടിയെപ്പററി യാതൊരു ഊഹവുമില്ലാതെ ഞങ്ങൾ അവിടെ കാത്തിരുന്നു കുറേ കഴിഞ്ഞപ്പോൾ ജട്ടിയിൽ ഒരു കപ്പൽ കിടക്കുന്നുണ്ടെന്നും അതിൽ ജനങ്ങൾ കയറുന്നുണ്ടെന്നും ഒരു വാർത്ത കേട്ടു. അതു കേൾക്കാത്ത താമസം, ഞങ്ങൾ സാമാനങ്ങളും ചുമന്നുകൊണ്ടു് അങ്ങോട്ടു ഓടി. മൂന്നു വലിയ ബോട്ടുകൾ ഒന്നിച്ചു ബന്ധിച്ചിട്ടിരുന്നതായിരുന്നു ആ കപ്പൽ. നടുവിൽ കിടന്നിരുന്നതു് രണ്ടുനിലയുള്ളതും വൃത്തിയുള്ളതും ആയ വല്ല ഒരു ബോട്ടും രണ്ടുവശങ്ങളിലും കിടന്നിരുന്നതു് സാമാനങ്ങൾ കൊണ്ടുപോകുന്ന വൃത്തികെട്ട ബോട്ടുകളും ആയിരുന്നു ജനക്കൂട്ടത്തിൻെറ ഇടയിൽ ഞങ്ങളും തള്ളിക്കയറി. ഓരോരുത്തർ ഓരോ ദിക്കിലായി. ഞാനും മററൊരാളും നടുവിലത്തെ ബോട്ടിൻെറ മുകളിലത്തെ തട്ടിൽ കയറിച്ചെന്നു. ആ തട്ടിൻെറ മുക്കാൽഭാഗവും കമ്പിളികളും കിടക്കകളും വിരിച്ചു് ആംഗ്ലോ ഇന്ത്യൻ സ്ത്രീകളും പുരുഷന്മാരും സ്ഥലം പിടിച്ചിരുന്നു. ബാക്കിഭാഗത്തു ഉയർന്ന കൂട്ടരെന്നു ഗണിക്കപ്പെടുന്ന കുറെ ഇന്ത്യാക്കാരും സ്ഥലം പിടിച്ചിരുന്നു. ഒരു മൂലയ്ക്കു സ്വല്പം സ്ഥലം കണ്ടെത്തു് ഞങ്ങൾ ഞങ്ങളുടെ സാമാനങ്ങൾ ഇറക്കിവെച്ചു. അപ്പോൾ അടുത്തുണ്ടായിരുന്ന രണ്ടു ആംഗ്ലോ ഇൻഡ്യൻ സ്ത്രീകൾ ആ സ്ഥലത്തു സാമാനംവയ്ക്കാൻ പാടില്ലെന്നും അതു സ്ത്രീകൾക്കു മാത്രമായുള്ളതാണെന്നും ഞങ്ങളെ വിലക്കി. ഒരുത്തി മൂർഖതയോടെയും മററവൾ സൌമ്യതയോടെയും ആയിരുന്നു സംസാരിച്ചതു്. ചുററുപാടും ഒന്നു നോക്കിയതിൽ സ്ത്രീകളും പുരുഷന്മാരും ഇടകലർന്നാണു എല്ലായിടത്തും ഇരിക്കുന്നതു കണ്ടതു്. അതിനാൽ അവരുടെ വാക്കിനെ വകവയ്ക്കാതെ ഞങ്ങൾ കിടക്കകൾ വിരിച്ചു

സ്വല്പനേരം കഴിഞ്ഞപ്പോൾ കപ്പലിലെ ഉദ്യോഗസ്ഥനായ ഒരു ധ്വര ഞങ്ങളുടെ സമീപത്തുവന്നു, "നിങ്ങളാരു്? പോകിനിവിടുന്നു്!" എന്നു് ഉത്തരവുതന്നു

അവിടത്തെ വലിയ ബഹളത്തിൽ അതു കേട്ടില്ലെന്നു നടിച്ചും ഗ്രഹപ്പിഴയായി എന്നു വിലപിച്ചും ഞങ്ങൾ അവിടെത്തന്നെ ഇരുന്നു.

"സ്ത്രീകളുടെ സ്ഥലത്തു വന്നിരിക്കുന്നോ! പോകാനല്ലയോടാ പറഞ്ഞതു്?" എന്നു അട്ടഹസിച്ചുകൊണ്ടു് ധ്വര വടികൊണ്ടു് ഞങ്ങളുടെ പുറത്തുകുത്തി. ഞങ്ങൾ എഴുന്നേററു കിടക്ക ചുരുട്ടുന്നതു് അയാൾ നോക്കിക്കൊണ്ടിരുന്നു.

"ക്ഷമിക്കണം സ്ത്രീകൾക്കുള്ള സ്ഥലമാണെന്നു് ഞങ്ങൾ അറിഞ്ഞില്ല. ഞങ്ങൾ എവിടെയാണുപോകേണ്ടതു്?" ഞാൻ താഴ്മയോടെ ചോദിച്ചു.

"അറിഞ്ഞില്ലത്രേ! ഇവിടുന്നുപോകാൻ ഞാൻ ആദ്യമേ പറഞ്ഞതാണു്!" മൂർഖയായ ആ സ്ത്രീ ഇടയ്ക്കുകയറിപറഞ്ഞു

"ഞങ്ങൾ സർക്കാരുദ്യോഗസ്ഥന്മാരാണു്. ഞങ്ങൾക്കു സ്ഥലം എവിടെയാണു്?" ഞാൻ വീണ്ടും താഴ്മയോടെ ചോദ്യം തുടന്നു

"സർക്കാരുദ്യോഗസ്ഥന്മാരോ?" അസഹ്യമായ കോപത്തോടെ ധ്വര അലറി "സർക്കാരുദ്യോഗസ്ഥന്മാരോ! ഉപദ്രവമല്ലാതെ ഒരുപകാരം ഇവററകളെക്കൊണ്ടു് ഉണ്ടായിട്ടില്ല! എവിടെച്ചെന്നാലും ഉപദ്രവം! സർക്കാരുദ്യോഗസ്ഥന്മാർ! നിങ്ങൾക്കു പ്രത്യേക സ്ഥലം വെച്ചിരിക്കുന്നു! വേഗം ഇറങ്ങിപ്പോ ഇവിടുന്നു്!"

സ്വല്പം ദൂരെമാറി ഇന്ത്യാക്കാരായ ചിലർ ഇരുന്നതിൻെറ അടുത്തു വഴിയുടെ സമീപമുള്ള ഒരു സ്ഥലത്തേക്കു ഞങ്ങൾ കിടക്കകൾ മാററി. അതിനിടെ മുന്നോട്ടുപോയ ധ്വര തിരിയെ പിന്നാക്കംവന്നു് പിന്നെയും അട്ടഹസിച്ചു. "താനെന്തുപറഞ്ഞു? സർക്കാരുദ്യോഗസ്ഥനെന്നോ? ഹും!" പല്ലും കടിച്ചുകൊണ്ടു് അയാൾ പോയി. ഈ ധ്വരയ്ക്കു സർക്കാരുദ്യോഗസ്ഥന്മാരോടു് ഇത്ര വൈരാഗ്യം തോന്നാൻ തക്കവണ്ണം അവർ എന്തപരാധമാണു പ്രവർത്തിച്ചിട്ടുള്ളതെന്നു എനിക്കു ഇനിയും മനസ്സിലായിട്ടില്ല.

സൌമ്യമായി മുമ്പു സംസാരിച്ച സ്ത്രീ ഞങ്ങളുടെ അടുക്കൽ വന്നുപറഞ്ഞു. "നിങ്ങൾക്കു ഞങ്ങളോടു വൈരാഗ്യമൊന്നും തോന്നരുതേ. ഞങ്ങൾ പറഞ്ഞിട്ടാണു നിങ്ങളെ ഇവിടെനിന്നും മാററിയതെന്നു തെററിദ്ധരിക്കരുതേ."

"ഒന്നുമില്ല." എന്നു മറുപടിപറഞ്ഞിട്ടു, കിട്ടിയസ്ഥലത്തു ഞങ്ങൾ വിരിച്ചുകിടന്നു.

മണി അഞ്ചു കഴിഞ്ഞപ്പോൾ കപ്പൽ നീങ്ങിത്തുടങ്ങി. ഞങ്ങളുടെ സംഘത്തിലെ മററുള്ളവരേ കണ്ടുപിടിക്കുന്നതിനായി ഞങ്ങൾപുറപ്പെട്ടു. കപ്പലിൽ കാപ്പിക്കടകൾ ഒന്നുമില്ലെന്നു മ്ലാനതയോടെ ഞങ്ങൾമനസ്സിലാക്കി. ഒരുവശത്തുള്ള ബോട്ടിൻെറ ഒരററം പൊതുഅടുക്കളയായി ഉപയോഗിക്കാൻ തിരിച്ചിട്ടിരുന്നു. ആ അടുക്കളയിൽ ഒരുടിത്ത'അലമാരിയും കട്ടിലും ഉണ്ടായിരുന്നതു ഞങ്ങളുടെ കൂട്ടുകാർ കരസ്ഥമാക്കി അവിടത്തന്നെ ലാവണമടിച്ചിരുന്നു. കപ്പൽ ഐരാവതിനദിയിൽക്കൂടി വടക്കോട്ടുകയറി "കത്താ" എന്ന സ്ഥലത്തേക്കാണു പോകുന്നതെന്നും, അവിടെനിന്നു "വൃന്തോ" വഴി ഇൻഡ്യയിലേയ്ക്കു കരമാർഗ്ഗംകൊണ്ടു പോകുന്നതാണെന്നും ഒരാഴ്ചയോളം കപ്പൽയാത്രവേണ്ടിവരുമെന്നും പ്രചരിച്ചിരുന്ന ശ്രുതി അവരിൽനിന്നുകേട്ടു. ഭക്ഷണസാധനങ്ങൾ കുറെയൊക്കെ ഞങ്ങളുടെവശം ഉണ്ടായിരുന്നതുകൊണ്ടും അതുപാകംചെയ്യുന്നതിനു സഹായിക്കുന്നതിനായി രണ്ടുതെലുങ്കു കൂലിക്കാർ വന്നുചേർന്നിരുന്നതുകൊണ്ടും എന്നിൽ ഈ വാർത്ത ആശങ്കയെ ജനിപ്പിച്ചില്ല.

തിരിയെ ഞങ്ങൾ ഞങ്ങളുടെ സ്ഥലത്തുവന്നപ്പോൾ വേറൊരു ധ്വര ഒരു വടിയുമായി അവിടെ നിന്നിരുന്നു.

"ഈ സാമാനങ്ങൾ ആരുടെയാണു്? നിങ്ങളുടെ ആണോ?" അയാൾ ചോദിച്ചു. അയാളുടെ സ്വരത്തിൽ സ്വല്പം മര്യാദ ഉണ്ടായിരുന്നു.

"അതെ" ഞാൻ മറുപടി പറഞ്ഞു.

"ഇവിടെ കിടക്കാൻപാടില്ല ഇതു വഴിയാണു്" അയാൾ ആജ്ഞാപിച്ചു.

"വഴിക്കു തടസ്സംകൂടാതെ ഇട്ടുകൊള്ളാം എന്നുപറഞ്ഞുഞാൻ കിടക്കകൾ വലിച്ചൊതുക്കിവച്ചു.

"ഇവിടെ ചിലസ്ത്രീകൾക്കു സ്ഥലംകൊടുക്കണം. നിങ്ങൾ അങ്ങേക്കപ്പലിൽ പോവിൻ. അവിടെ ധാരാളംസ്ഥലമുണ്ടു്." എന്നായി ധ്വര.

ഞങ്ങൾ ആ കപ്പലിൽപോയിനോക്കിയിട്ടാണു വരുന്നതു്. അവിടെ തീരെ സ്ഥലമില്ല." ഞാൻ വിനീതമായി അറിയിച്ചു.

"ആരുപറഞ്ഞു സ്ഥലമില്ലെന്നു്? ഞാൻ സ്ഥലംകാണിച്ചുതരാം വരിൻ" എന്നു പറഞ്ഞുകൊണ്ടു അയാൾ നടന്നു. ഞങ്ങൾപിൻതുടന്നു: വശത്തുള്ളകപ്പലിലേ അടുക്കളയുടെ മേലുള്ളതും, കാററംവെളിച്ചവും ലവലേശംകയറാത്തതും, ആ സമയത്തുകൂടി ഇരുട്ടായിരുന്നതും, അടുക്കളയിലെ തീയിൻെറചൂടുകൊണ്ടു തറകുറേശ്ശെപൊള്ളുന്നതും, സാധുക്കളും വൃത്തിഹീനരും ആയ അഞ്ചാറുപേർ കിടന്നിരുന്നതും ആയ തട്ടിൻപുറത്തേക്കാണു അയാൾ ഞങ്ങളെനയിച്ചതു്.

"ഇവിടെ വേണ്ടത്ര സ്ഥലമുണ്ടു്. സാമാനങ്ങൾ കൊണ്ടുവരിൻ" എന്നു നിർദ്ദേശിച്ചു. അവിടെയുണ്ടായിരുന്നവരെ അയാൾ ഒരു വശത്തേക്കു മാററിയിരുത്തി.

"ഇവിടെ വലിയ വൃത്തികേടാണു്" ഞാൻ സംശയിച്ചു പതുക്കെപ്പറഞ്ഞു. അയാൾ കോപിച്ചു ഒരു നോട്ടം നോക്കി. സ്വരം നന്നായിരിക്കുമ്പോൾതന്നെ പാട്ടുനിർത്തുകയാണുത്തമം എന്നു കരുതി ഞങ്ങൾ സാമാനങ്ങൾ ആ ഇരുട്ടുഗുഹയിലേക്കു കെട്ടിച്ചുമന്നു.

രാത്രി എട്ടുമണിമുതൽ കാലത്തു അഞ്ചു മണിവരെ കപ്പൽ നങ്കൂരമിട്ടു നിർത്തുകയല്ലാതെ ആ നദിയിൽക്കൂടെ ഓടിക്കുക പതിവില്ലായിരുന്നതിനാൽ ഞങ്ങളുടെ പുരോഗതി വളരെ മന്ദഗതയിലായിരുന്നു. സൂര്യൻ ആകാശത്തിലും അഗ്നി അടുക്കളയിലും നിന്നുപ്രവർത്തിച്ചു ചൂടുപിടിപ്പിച്ചിരുന്ന ആ അന്തരീക്ഷത്തിൽ നിന്നു ഐരാവതിനദിയുടെ കുളുർമ്മയേറിയ മാർവിടം ഞങ്ങൾക്കു അഭയം നൽകി. അടുക്കളയുടെ മുമ്പിലുള്ള വരാന്തയിലിരുന്നു ആററിൽനിന്നു വെള്ളംകോരി പരസ്പരം തലവഴി അഭിഷേകം ചെയ്യുക എന്നതു് ദിവസം രണ്ടുനേരവും ഉള്ള ഉല്ലാസകരവും ഉജ്ജീവനപരവും ആയ ഒരു കർമ്മമായിരുന്നു. "....നമ്മുടെവിധി എന്നും ഇതുതന്നെ!" എന്നമനഃസ്ഥിതിയാൽ ഉണ്ടാവുന്ന ശാന്തതയോടുകൂടി ഒഴുകിക്കൊണ്ടിരുന്ന ഐരാവതിനദിയേയും തങ്ങളുടെ സ്വച്ഛന്ദവിഹാരത്തിനു പ്രതിബന്ധമായിട്ടുള്ള കപ്പലിൻെറ ആഗമനത്തിൽ പ്രതിഷേധിച്ചു ചാടുന്ന മത്സ്യങ്ങളേയും, ഐരാവതിയുടെ വക്ഷസ്സിൽ വന്നു ഇരുന്നും മേല്പോട്ടു പാറന്നും കളിക്കുന്ന ഒരുതരം പക്ഷിവൃന്ദങ്ങളേയും തീരങ്ങളിൽ മേയുന്ന നാൽക്കാലികളേയും മററും വീക്ഷിച്ചുകൊണ്ടു കപ്പലിൻെറ മുൻഭാഗത്തു നിൽക്കുന്നതു് സന്തോഷപ്രദമായ മററൊരു പ്രവൃത്തിയായിരുന്നു. ഭക്ഷണത്തിനു ഞങ്ങൾക്കുണ്ടായിരുന്ന വൈഷമ്യങ്ങൾക്കിടയിൽ, നടുവിലത്തെ ബോട്ടി

(ശേഷം നാലാംപേജിൽ)


## ഏക്കമൊ



### ഇപ്പോഴും?

നിങ്ങൾ ഇപ്പോഴും കാസശ്വാസോപദ്രവത്താൽ കഷ്ടപ്പെടുന്നുണ്ടെങ്കിൽ, എന്തിനായി വേഗത്തിൽ ഭേദമാവും ഫലത്തെപ്പററി സംശയമില്ലാ എന്നെല്ലാം ഒരേ ... ത്തു പറഞ്ഞു വഞ്ചിക്കുന്നവരുടെ ...ൽപ്പടിക്കു കളിക്കുന്നു?

"ശ്വാസഹാരി" (Shwas Hari) ആസ്ത്മക്കു് ഡോക്ടർമാർക്കുള്ള ഒരുകൈകണ്ട ഔഷധമാകുന്നു. അതു് ആസ്ത്മയുടെ ശക്തിയെ കുറയ്ക്കുക മാത്രമല്ലാ ആ രോഗത്തെ തീരെ ഭേദപ്പെടുത്തുന്നു. ഒരിക്കൽ മരുന്നു കഴിച്ചാൽതന്നെ ചുമയും മുട്ടലും ഇല്ലാതാകുന്നു. നിങ്ങൾക്കു് എത്രയും സുഖകരമായ നിദ്ര ലഭിക്കും. നല്ലവണ്ണം ഭക്ഷണം കഴിക്കുവാനും അതു ദഹിക്കുവാനും സാധിക്കുന്നു. ക്രമത്തിൽ നിങ്ങളുടെ ആരോഗ്യത്തെ വർദ്ധിപ്പിക്കും. നിങ്ങളുടെ ശ്വാസകോശങ്ങൾക്കു ബലം വർദ്ധിക്കും. കാസശ്വാസത്തിൻെറ ഉപദ്രവം തീരെ ഇല്ലാതാവുകയുംചെയ്യും.

എല്ലാ പ്രധാന വ്യാപാരികളിൽ നിന്നും 3 ഔൺസ്, 6 ഔൺസ്, 12 ഔൺസ്. എന്നീ തോതിൽ 3 ക. 6 ണ, 5 ക. 12 ണ, 10 ക. എന്നീ വിലയ്ക്കു ലഭിക്കുന്നതാണു്.

Quilon Stockists:- S. Ramalingam Pil'ai & Sons, Big Bazaar,
*Manufacturers*:-
Dr. Purohit's Pharmacy, Kolhapur.

Purohit's
**SHWASHARI**

# ഓട്ടിക്ക്

ചെവിക്കുത്തു, ചീക്കായു്, ചെവികേൾക്കായ്ക മുതലായ എല്ലാ കർണ്ണരോഗങ്ങളേയും ശമിപ്പിക്കുന്നു.

# സുലോചന

കണ്ണിലുണ്ടാകുന്ന ചുവപ്പു്, കുരു മുതലായവയെ ശമിപ്പിച്ചു് കണ്ണിനു കുളിർമ്മയെ നൽകുന്നു.

എല്ലാ സ്ഥലങ്ങളിലുമുള്ള ഞങ്ങളുടെ ഏജൻറന്മാരിൽനിന്നും ഈ മരുന്നുകൾ ലഭിക്കുന്നതാണു്.

**ആയുർവേദിക് കാമ്പൗണ്ട്**
**ടിഞ്ചേഴ്സ (ക്ലിപ്തം)**
**ആലപ്പുഴ.**

## ബമ്മയിൽനിന്നുള്ള എൻെറ വിജയകരമായ പിന്മാററം

(മൂന്നാം പേജിൽനിന്നും തുടർച്ച)

ൻെറ മേൽത്തട്ടിൽ പ്രത്യേകം തയാർ ചെയ്യപ്പെട്ടിരുന്ന ഒരു സ്ഥലത്തു ആംഗ്ലോഇൻഡ്യൻസ് വന്നിരുന്നു ചായ, ഓവൽടിൻ, ബിസ്കററ്, പലഹാരങ്ങൾ മുതലായ ആഹാരങ്ങൾ മാത്രമല്ല ലഹരിപദാർത്ഥങ്ങളും നിർലോഭം കഴിക്കുന്ന കാഴ്ച ഞങ്ങളുടെ അസൂയയേയും വർഗ്ഗീയമനഃസ്ഥിതിയേയും ഇടക്കിടെ ഇളക്കിവിട്ടുകൊണ്ടിരുന്നു. ഇൻഡ്യാക്കാരെ മാത്രം വഹിച്ചിരുന്ന വശത്തുള്ള ബോട്ടുകളെ വഴിയിൽവിട്ടിട്ടു ആംഗ്ലോഇൻഡ്യൻസിനെ വഹിച്ചിരുന്ന നടക്കുള്ള ബോട്ടുമാത്രം മുന്നോട്ടു കൊണ്ടുപോകാനാണു അധികാരികൾ ആലോചിക്കുന്നതു എന്നു പ്രചരിച്ചുകൊണ്ടിരുന്ന ശ്രുതികൾ ഞങ്ങളുടെ മനഃസമാധാനത്തിൻെറ അടിവാരം തോണ്ടിക്കൊണ്ടിരുന്നു.

അടുത്തദിവസം, ൨൧-ാംതീയതി കാലത്തു ഞങ്ങളിരുന്ന സ്ഥലത്തു ധാര പിന്നെയും ഹാജരായി. സുഖക്കേടുള്ള ഒരാളെ അവിടെ കൊണ്ടുവരുന്നുണ്ടെന്നും ആ ആളിനു സ്ഥലമൊഴിച്ചുകൊടുക്കണമെന്നും പറഞ്ഞിട്ടു അയാൾപോയി കുറെ കഴിഞ്ഞപ്പോൾ ഒരാളെ ചിലർ പിടിച്ചു നടത്തിക്കൊണ്ടു ആ സ്ഥലത്തിൻെറ ഒരു മൂലയിൽ കൊണ്ടുവന്നുകിടത്തി. മസൂരിയാണു ആ ആളിൻെറ സുഖക്കേടെന്നു കുറച്ചുനേരത്തിനുശേഷമാണു ഞങ്ങൾക്കു മനസ്സിലായതു്. അവിടെനിന്നു എങ്ങോട്ടെങ്കിലും മാറണം എന്നു നിശ്ചയിച്ചു ഞങ്ങൾ കിടക്കകളും എടുത്തു ഓരോ ദിക്കിലേക്കു നടന്നു. നടുവിലത്തെ കപ്പലിൽ ഞാൻ കടന്നപ്പോൾ മുമ്പിലത്തെ ധാര എന്നെ തടഞ്ഞു "എവിടെപോകുന്നു? ആരുപറഞ്ഞു ഇങ്ങോട്ടുവരാൻ?" എന്നു ചോദിച്ചു.

"ദീനക്കാരനു സ്ഥലമൊഴിച്ചുകൊടുക്കണമെന്നു നിങ്ങൾ കുറച്ചുമുമ്പു പറഞ്ഞതനുസരിച്ചു മാറുകയാണു്" ഞാൻ ഉത്തരം പറഞ്ഞു.

"അവിടുന്നു എണീററുപോകാൻ ഞാൻ പറഞ്ഞില്ല" ധാര പ്രതിവചിച്ചു. "അയാൾക്കു സ്ഥലംകൊടുത്തിട്ടു അവിടെത്തന്നെ മാറിഇരിക്കാനാണു ഞാൻ പറഞ്ഞതു്."

"ക്ഷമിക്കണം. ഞാൻ ഇങ്ങനെയാണു ധരിച്ചതു്. ഇവിടെ വേറൊരു സ്ഥലമുണ്ടു്. ഞാൻ അവിടെ ഇരുന്നുകൊള്ളാം." ഞാൻ അപേക്ഷയായി പറഞ്ഞു.

"മേലേ പോകാൻ പാടില്ല. പോയാൽ അപ്പോൾ കാണിച്ചുതരാം" എന്നു സായിപ്പു സ്വരംമൂപ്പിച്ചു പറഞ്ഞു.

"ഇല്ലേ! താഴെത്തന്നെയാണോ!" എന്നു പറഞ്ഞു കിടക്ക ഒരു പരിചയക്കാരനെ ഏല്പിച്ചിട്ടു സ്ഥലമില്ലാതെ ഞാൻ പരുങ്ങി.

അടുത്തദിവസം കാലത്തു ഒൻപതുമണി കഴിഞ്ഞപ്പോൾ കപ്പലിലേ അന്തരീക്ഷം പ്രക്ഷുബ്ധമായി. വശങ്ങളിലെ രണ്ടു ബോട്ടുകളും അവിടെ വിട്ടിട്ടുപോകാൻപോകുന്നു എന്നു ശ്രുതി ബലപ്പെട്ടു. ഉടനെ ഞങ്ങൾ അടുപ്പത്തുകിടന്നിരുന്ന ചോറു വാങ്ങിയെടുക്കുകയും സാമാനങ്ങൾ കെട്ടുകയും അവ ഓരോന്നായി സൂത്രത്തിൽ നടുവിലത്തെബോട്ടിലേക്കു കൊണ്ടുവരികയും ചെയ്തു. കാച്ചു കഴിഞ്ഞപ്പോൾ; ഇൻഡ്യക്കാരെ എല്ലാവരേയും അവിടെ ഇറക്കുന്നതാണു എന്നു ശ്രുതിക്കു പ്രാബല്യം വർദ്ധിച്ചു. അസാധാരണമായി ആ സമയത്തു കപ്പൽ അവിടെ നിർത്തിയപ്പോൾ ഞങ്ങളുടെ ഭയം തീരെ അടിസ്ഥാനരഹിതമല്ല എന്നു ബോദ്ധ്യമായി. ജനങ്ങൾ പരിഭ്രമത്തോടെ അങ്ങോട്ടുമിങ്ങോട്ടും നടന്നു തിരക്കുകൂട്ടി. വിമാനയാത്രയ്ക്കു പാസ്സുള്ളവരേ മാത്രമേ എനിയും മേലോട്ടു കപ്പലിൽ കൊണ്ടുപോകയുള്ളുവെന്നും മറെറല്ലാവരും അവിടെ ഇറങ്ങണമെന്നും ഒന്നു രണ്ടു ധാരമാർ അധികം താമസിയാതെവന്നു എല്ലാവരെയും അറിയിച്ചു.

ഞങ്ങളുടെ സംഘങ്ങളിലെ ചില നേതാക്കന്മാർ ഒരു ധാരയുടെ ചുററും അടുത്തുകൂടി. ഞങ്ങൾ ഇന്ത്യയിലേക്കു സ്ഥലംമാററപ്പെട്ട സർക്കാരുദ്യോഗസ്ഥന്മാരാണെന്നും അതുകൊണ്ടു് ഞങ്ങളേ "കത്ത" വരെകൊണ്ടുവിടണമെന്നും ആവശ്യപ്പെട്ടു. വിമാനയാത്രയ്ക്കു പാസ്സില്ലാത്ത എല്ലാവരെയും അവിടെ ഇറക്കണമെന്നാണു ഉത്തരവെന്നും അതുകൊണ്ടു് ഞങ്ങൾക്കും അവിടെ ഇറങ്ങാതെ നിവൃത്തിയില്ലെന്നും ആയിരുന്നു അയാളുടെ മറുപടി. ഞങ്ങളെ കൊണ്ടുപോകാൻ ലോറിവല്ലതും ഏർപ്പാടുചെയ്തിട്ടുണ്ടോ എന്നു ചോദിച്ചതിനു് ഇല്ലെന്നും, ഇനിയുള്ളയാത്ര ഞങ്ങൾ "എങ്ങനെയെങ്കിലും" സ്വയം നിർവ്വഹിച്ചുകൊള്ളണമെന്നും, അല്ലെങ്കിൽ ആ സ്ഥലത്തുള്ള ക്യാമ്പിൽതാമസിച്ചു് അവിടെയുള്ള മററു ജനങ്ങളുടെ മുറ കഴിയുന്നതുവരെ കാത്തിരിക്കണമെന്നും അയാൾ അറിയിച്ചു. എല്ലാവരും നിരാശരായി. ഇതിനിടയ്ക്കു ഇന്ത്യാക്കാരായവരെ എല്ലാം പിടിച്ചെഴുന്നേല്പിച്ചു് കപ്പലിൽനിന്നു് താഴെയിറക്കിക്കൊണ്ടിരുന്നു. എന്നാൽ യാതൊരു പാസും ഇല്ലാത്ത ആംഗ്ലോ ഇന്ത്യൻസിനെ അവിടെത്തന്നെ ഇരുത്തുകയുംചെയ്തു. ഈ സൂത്രം മനസ്സിലായപ്പോൾ ഇന്ത്യാക്കാർക്കെല്ലാം കോപവും താപവും ഉണ്ടായി. എഴുന്നേൽക്കാതെ പിന്നെയും സ്ഥലത്തുതന്നെ ഇരുന്നിരുന്ന ഒരു ഇന്ത്യാക്കാരനോടും അയാളുടെ ഭാര്യാകുട്ടികളോടും എഴുന്നേററുപോകാൻ ഒരു ധാര ആവശ്യപ്പെട്ടപ്പോൾ അവർ വിമാനപാസ്സ് എടുത്തു കാട്ടിക്കൊടുത്തു. വിമാനപാസ്സുണ്ടെങ്കിലും അവർ ഇറങ്ങിപ്പോകണമെന്നു ധാര ശഠിച്ചു. "എൻെറ കപ്പലിൽ ഒരു ഇന്ത്യാക്കാരനേയും എനിക്കു കാണേണ്ട! എല്ലാവരും പോ, വെളിയിൽ!" എന്നു അട്ടഹസിച്ചുകൊണ്ടു അയാൾ ആ ഇന്ത്യാക്കാരനെ പിടിച്ചെഴുന്നേല്പിച്ചു ഒരുതള്ളുകൊടുത്തു. ആ സ്ത്രീകളുംകുട്ടികളുംകരഞ്ഞുകൊണ്ടു കപ്പലിൽനിന്നിറങ്ങി ഈ സംഭവം ഞങ്ങളുടെ പ്രമാണികളിൽ ചിലരേ കോപാവിഷ്ടരാക്കി. ആംഗ്ലോ ഇൻഡ്യൻസിനോ അവർ ഉറക്കെ ശകാരിക്കുകയും, ഇന്ത്യയിൽ ഇന്ത്യാക്കാരുടെ ഇടയിലേക്കാണു പൊകുന്നതെന്നും, ഇപ്പോൾ നിസ്സഹായരായ ഈ ഇന്ത്യാക്കാർക്കു ഇന്ത്യയിൽ ചെന്നാൽ ചില ഉപദ്രവങ്ങൾ ചെയ്യാൻ സാധിക്കുമെന്നും ഓർമ്മവേണമെന്നു് അവർ വിളിച്ചുപറയുകയുംചെയ്തു. ചില ആംഗ്ലോഇൻന്ത്യൻസ് ഹാസ്യമായി ചിരിച്ചു. മററു ചിലർ കോപംകൊണ്ടുവിറച്ചു. മറുപടിപറഞ്ഞു അടിപിടി ഉണ്ടാക്കരുതെന്നു ചില സ്ത്രീകൾ കോപിഷ്ടന്മാരെ വിലക്കി. ചില കിഴവികൾ ഭയപ്പെട്ടോടിവന്നു പ്രാർത്ഥനയായിപറഞ്ഞു "ഞങ്ങളോടെന്തിനാണു ദേഷ്യപ്പെടുന്നതു്? ഞങ്ങൾ എന്തുകുററംചെയ്തു? കപ്പലിൽ ഇരുന്നുകൊള്ളാൻ അനുവദിച്ചതുകൊണ്ടു ഞങ്ങൾ ഇരുന്നു എന്നല്ലേഉള്ളു? ഇന്ത്യയിൽപോയാൽ സാധുക്കളായ ഞങ്ങളെ ഉപദ്രവിക്കാൻ നിങ്ങൾ മുതിരരുതേ!" അപ്പോഴേക്കും ഞങ്ങളുടെ കോപിഷ്ടന്മാരെയും സമാധാനപ്പെടുത്താൻ ചിലർ അടുത്തുകൂടി.

"പോവിൻ! ഇന്ത്യാക്കാരെല്ലാം പോവിൻ! വേഗം! വേഗം!" എന്നു വിളിച്ചുകൊണ്ടു് കപ്പിത്താൻ ധാര കയ്യിൽ റിവാൾവറും പിടിച്ചു അവിടൊക്കെ ഓടിനടന്നു. എൻെറ രക്തം തിളയ്ക്കുന്നതുപോലെ തോന്നി. എന്നാൽ അഗാധവും ഭയാനകവും ആയ നിസ്സഹായാവസ്ഥ എന്നെ ഇറുക്കിപ്പിടിച്ചുകൊണ്ടിരുന്നു. അടിമത്തത്തിൻെറ കഠോരകുത്തുകളുടെ ഭയങ്കരമായ വേദന ഞാൻ അനുഭവിച്ചു. ചൈനയോടും റഷ്യയോടും സ്നേഹിയായ സഹതാപമുള്ള ഞാൻ ജപ്പാൻകാരുടെ വിജയത്തിനു് ഒരിക്കലും ആഗ്രഹിച്ചിട്ടില്ല ഇപ്പോഴും ആഗ്രഹിക്കുന്നുമില്ല. എങ്കിലും, ആ സമയത്തു്, "ദൈവമേ, ഈ ധാരമാർ ......................" എന്നു ഞാൻ പറഞ്ഞുപോയി.


### മിന്നുന്നതെല്ലാം പൊന്നല്ല.

ക്ഷയം, കാസം, ഏങ്ങൽ, വാതരോഗങ്ങൾ എന്നിവയെ സവിശേഷം ശമിപ്പിച്ചു്, ശരീരശക്തിയും പുഷ്ടിയും കൈവരുത്തുവാൻ അനുപമമായ സിദ്ധൌഷധമെന്നു ഞങ്ങളുടെ

# കരിംകുരങ്ങുരസായനം

സുപ്രസിദ്ധി നേടിക്കഴിഞ്ഞിരിക്കുന്നു.

അതിൻെറ അതുല്യഫലസിദ്ധിയും പ്രചാരപ്രവാഹവുംനിമിത്തം "കരിംകുരങ്ങു" ചേർന്ന പേരുകളിൽ അനവധി അനുകരണങ്ങൾ അടുത്തു് ഉണ്ടായിട്ടുണ്ടു്.

അനുകരണങ്ങളിൽ വഞ്ചിതരാകാതെ സൂക്ഷിക്കുവിൻ!

മിന്നുന്നതെല്ലാം പൊന്നല്ല. കാചവും കാഞ്ചനവും തിരിച്ചറിയുവിൻ!

യൌവ്വനത്തെ നിലനിർത്തുവാനും പ്രസവരക്ഷയ്ക്കും ഇതിൽപരം ഔഷധമില്ല

വില റാത്തൽ ഒന്നിനു് 5 ക. മാത്രം.

പാക്കിംഗ് ആൻറു് പോസ്റ്റേജ് വേറെ.



ആവശ്യപ്പെടുവിൻ:—

## സ്വതന്ത്രഫാർമസി,

ചാലക്കുടി, കൊച്ചിൻസ്റ്റേററ്

വി. ഗംഗാധരൻവൈദ്യൻ, വൈദ്യകലാനിധി.

ബ്രാഞ്ചുകൾ:— 1. ആലപ്പുഴ (പോലീസ്സ്റ്റേഷന സമീപം) 2 കോട്ടകര 3 എറണാകുളം



അമിതഭോഗം, ചതവു്, ദീർഘമായ രോഗം, പ്രസവം മുതലായവയാൽ മെലിഞ്ഞ ശരീരത്തെ അല്പദിവസത്തിനുള്ളിൽ പുഷ്ടിപ്പെടുത്തുന്നതിനു് അനുഭവപ്രസിദ്ധമായ

# കോഡ്‌ലിവർപ്രാശ്

ചുമ, ചങ്കിൽ വേദന, ക്ഷയം ഇവയെ ശമിപ്പിക്കുന്നു. സ്വപ്നസ്ഖലനത്തിനു് അന്തകനാണു്.

ശരീരത്തിൻെറ തൂക്കം വർദ്ധിക്കുമെന്നു് ഉറപ്പുനൽകാം.

വില റാത്തൽ 1-ക്കു് 4 ക. പാക്കിംഗ് & പോസ്റ്റേജ് പുറമെ.

പനക്കൽ ആയുർവൈദ്യശാല, പാലാ—തിരുവിതാംകൂർ.

# റൈ സമ്മേളനം

ഗഗനവിഹാരി എൽ. മേതാ

II

[റൈ സമ്മേളനത്തിൽ ഇൻഡ്യൻപ്രതിനിധികൾ നിർവ്വഹിച്ചതെന്തെന്നും സർവ്വരാഷ്ട്രീയസമ്മേളനങ്ങളിൽ ഇൻഡ്യയെപ്പോലെയുള്ള അസ്വതന്ത്ര രാജ്യങ്ങൾ ഏതേതു പരിമിതികൾക്കു് അവശ്യം വിധേയമാണെന്നും ഈ ലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്നു.]

ലോകവാണിജ്യത്തിലൂടെ ലോകസമാധാനം എന്നതാണ് അമേരിക്കൻവർത്തകന്റെ മുദ്രാവാക്യം. ലോകസമാധാനത്തിനുവേണ്ടിയുള്ള ചട്ടക്കൂട്ട് രാഷ്ട്രീയമെന്നതുപോലെതന്നെ സാമ്പത്തികവുമായിരിക്കണമെന്നുള്ളതിൽ തർക്കമില്ല. ലോകത്തിലേ സാമാന്യജനതകൾക്കു അന്നം, വസ്ത്രം, കേറിക്കിടപ്പാനിടം എന്നിവയാണ് രാജ്യാതിർത്തി നിർണ്ണയങ്ങളെയും ജനവിഭാഗങ്ങളുടെ പ്രദേശമാററങ്ങളെയുംകാൾ എത്രയോ ജീവപ്രധാനതാല്പര്യമുള്ള പ്രശ്നങ്ങൾ. രാജ്യങ്ങൾതമ്മിലുള്ള സാമ്പത്തികപരസ്പരാലംബാവസ്ഥ ഒരു സിദ്ധാന്തംമാത്രമല്ല, വസ്തുതയാണ് സാമ്പത്തികലോകത്തിൽ ഇൻഡ്യയ്ക്കു ഒററതിരിഞ്ഞുനിൽക്കുവാൻ സാധിക്കയില്ലെന്നുള്ളതു വാസ്തവംതന്നെ. ഇൻഡ്യയുടെ സഹകരണം സ്വാതന്ത്ര്യവും സമത്വാധിഷ്ഠാനത്തിലുള്ളതും ആയിരിക്കണമെന്നേയുള്ളു. ലോകത്തെ വിവിധരാജ്യങ്ങൾ സാമ്പത്തികവികാസംസംബന്ധിച്ച് ഒരേ നിരപ്പിലെത്തിക്കഴിഞ്ഞിട്ടുള്ളവയല്ലാത്തതിനാൽ വ്യവസായീകൃതവും സുശക്തവുമായ പാശ്ചാത്യരാജ്യങ്ങൾക്കുവേണ്ടി അവയാൽ കണ്ടുപിടിക്കപ്പെടുന്ന പരിഹാരമാർഗ്ഗങ്ങൾ ഇൻഡ്യയെപ്പോലെ, വേണ്ടുംവളവിൽ പുഷ്ടിപ്രാപിച്ചിട്ടില്ലാത്ത രാജ്യങ്ങളുടെവിഷയത്തിൽ, ഗണ്യമായ ഭേദഗതികളോടുകൂടിയല്ലാതെ യോജിക്കുന്നതല്ല.

ലോകത്തെ അഭിമുഖീകരിക്കുന്ന സുപ്രധാന സാമ്പത്തിക പ്രശ്നങ്ങളെസംബന്ധിച്ചു ഇൻഡ്യയ്ക്കു സ്വന്തമായ അഭിപ്രായഗതിയുണ്ടെന്ന വസ്തുത ഇപ്പോൾ അംഗീകൃതമായിട്ടുണ്ട്. ഒരു മുഖ്യഅമേരിക്കൻ ലിബറൽപത്രമായ 'ബാൾട്ടിമോർസൺ' പ്രസിദ്ധം ചെയ്തിരിക്കുന്ന മി. റാഡ്നിക്രൗതറിന്റെ ഒരു ലേഖനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ഏതൊരു സർവ്വരാഷ്ട്രീയസമ്മേളനത്തിലും ഇൻസ്യ മുഴച്ചുനിൽക്കുന്നതിന്റെ കാരണം ഇതാണ്. യുദ്ധാനന്തരകാലത്തേക്കുവേണ്ടി ചെയ്യപ്പെടുന്ന ഏതൊരു സർവ്വരാഷ്ട്രീയവ്യവസ്ഥയിലും, അതു കറൻസിയേയൊ സുരക്ഷയേയൊ വാണിജ്യത്തെയൊ ഏതിനെത്തന്നെ സംബന്ധിക്കുന്നതായിരുന്നാലും, തങ്ങളുടെ പ്രശ്നങ്ങൾ വിഗണിക്കപ്പെടാൻ കഴിവില്ലാത്ത ഘടകങ്ങളാണെന്നു ഇൻഡ്യാക്കാർക്കു വിശ്വാസമുണ്ട്. ലോകവാണിജ്യത്തെ സ്വതന്ത്രമാക്കുന്നതിനെ സംബന്ധിച്ചുള്ള വാദപ്രതിവാദാവസരത്തിൽ ബിസിനസ്കാൺഫറൻസിൽ ഇൻഡ്യ പ്രസംഗിച്ചപ്പോൾ, ലോകത്തിലെ താരിപ്പുകോട്ടകൾ പുതുക്കിപ്പണിയുന്നതിൽ, വ്യാവസായികമായി ഇന്നും ശരിക്കു വികാസം പ്രാപിച്ചിട്ടില്ലാത്ത രാജ്യങ്ങളെ അത്യന്തം പുഷ്ടിപ്രാപിച്ചിട്ടുള്ള രാജ്യങ്ങൾക്കൊപ്പമായി കരുതാനുള്ള ശ്രമങ്ങളിൽ ഇന്ത്യ നീതികാണുന്നില്ലെന്നു 'നോട്ടീസുതരിക'മാത്രമാണ് ഇന്ത്യ ചെയ്തിട്ടുള്ളതു്."

മററുവിധത്തിൽ: പറയുന്നതായാൽ, വൈററുഹാളിനോടല്ലാതെ ഇന്ത്യൻപൊതുജനാഭിപ്രായത്തോട് ഉത്തരം പറയേണ്ടവരെന്ന ബോധമുള്ള ഒരു ഇന്ത്യൻപ്രതിനിധിസംഘത്തിനു് ഇന്നത്തെ അവസ്ഥാന്തരത്തിൽ പരമാവധി ചെയ്യാൻകഴിവുള്ളതു് ഇന്ത്യയെ ഭൂപടത്തിൽ പ്രതിഷ്ഠിക്കുക അഥവാ ഇന്ത്യയെ ലോകലക്ഷ്യിക്കു വിഷയമാക്കുവാൻ ശ്രമിക്കുകയെന്നതുമാത്രമാണ്. ഈ വിഷയത്തിൽ ഇന്ത്യൻവർത്തകപ്രതിനിധികൾ അമാന്തം കാണിച്ചിട്ടില്ലെന്നു പറയുന്നതു് അധികമായിപ്പോകയില്ലെന്നു ഞാൻവിശ്വസിക്കുന്നു. ആരുടെയും പ്രീതിയേയൊ അപ്രീതിയേയൊ വകവയ്ക്കാതെയും, അതിശയോക്തിയൊ വമ്പുപറച്ചിലോ കൂടാതെയും, ഇന്ത്യൻ ഡെലഗേഷൻ, ന്യൂയാർക്കു ടൈംസ് പ്രസ്താവിച്ചതുപോലെ, കാൺഫറൻസിൽ സംബന്ധിച്ച 52 നേഷന്റെ കൂട്ടത്തിൽ അനന്യസാധാരണമായ വിധത്തിൽ ഉദ്ദേശൈക്യത്തോടും അഭിപ്രായൈക്യത്തോടും കൂടി, നമ്മുടെ യഥാർത്ഥസ്ഥിതികളുടെയും ആവശ്യങ്ങളുടെയും ഒരു ചിത്രം കാൺഫറൻസിന്റെ മുമ്പാകെ സമർപ്പിക്കയുണ്ടായി. ലോകത്തെ ശക്തങ്ങളും പുഷ്ടിപ്രാപിച്ചിട്ടുള്ളവയുമായ രാജ്യങ്ങളോടു സഹകരിക്കുവാനുള്ള സന്നദ്ധതയല്ല, സമ്പന്നതയാണ് ഇന്ത്യയ്ക്കില്ലാത്തതെന്നു് ലോകത്തെ വർത്തകരെ അവർ ധരിപ്പിച്ചു. യുണൈറഡ്സ്റ്റേററ്സ് ചേംബർ അഫ്കാമേഴ്സിന്റെ പത്രമായ 'ബിസിനസ്ആക്ഷൻ' ഇപ്രകാരം പ്രസ്താവിക്കുകതന്നെ ചെയ്തു. "ഇന്ത്യയിലെ വർത്തകർ ഗ്രേററുബ്രിട്ടനുമായി ഇന്നും തീരാതെശേഷിക്കുന്ന തങ്ങളുടെ അഭിപ്രായഭിന്നതയെ പ്രകടമാക്കുന്നതിൽ വ്യക്തവചനരായിരുന്നു" ആകയാൽ ഇന്ത്യയുടെ ന്യായമായ വാദം ലോകത്തിന്റെ മുമ്പാകെ വിശദീകരിക്കുവാനുള്ള യാതൊരു സന്ദർഭവും പാഴാക്കുവാൻ പാടുള്ളതല്ല. എന്തുകൊണ്ടെന്നാൽ മി: ക്രൗതർ പറയുംപോലെ "ഇൻഡ്യാക്കാർക്കു് അവർ പോകുന്നിടത്തെല്ലാം ഒരേ ഒരു കാര്യമേ പറവാനുള്ളു. അവരുടെ സ്വന്തം രാജ്യത്തിന്റെ കാര്യം. തങ്ങളുടെ 'ചീട്ടു മലർത്തി മേശപ്പുറത്തു വയ്ക്കുക' എന്നതിൽ അവർ വിശ്വസിക്കുന്നു. ഇതു പഴഞ്ചൻ നയതന്ത്രജ്ഞരിൽ ചിലരെ ശല്യപ്പെടുത്തുന്നു. വാണിജ്യനയമോ കറൻസിബന്ധങ്ങളോ ആയിരുന്നാലും, പുതിയ പ്രദേശങ്ങളിലെ വ്യവസായീകരണമോ ഗതാഗതകാര്യമോ ആയിരുന്നാലും, നിക്ഷേപങ്ങളുടെ പ്രോത്സാഹനമോ സംരക്ഷണമോ ആയിരുന്നാലും, ഉല്പാദകസംഘടനകൾ സംബന്ധിച്ച പ്രശ്നമായിരുന്നാലും, മററു രാജ്യങ്ങളിലെ പ്രവണതകളെയും വികാസവിധങ്ങളെയും പഠിക്കയും അവയോടൊത്തു മുന്നോട്ടു പോകയും, സാമ്പത്തികവും വാണിജ്യപരവുമായ നയങ്ങൾക്കു രൂപം നൽകുന്ന സർവ്വരാഷ്ട്രീയശക്തിവിശേഷങ്ങളുടെ പ്രാധാന്യനിർണ്ണയം നിർവ്വഹിക്കുകയും ചെയ്യേണ്ടതു അത്യന്താപേക്ഷിതമാണ്. നാം സ്വതന്ത്രരല്ലാത്തതിനാൽ, സർവ്വരാഷ്ട്രീയവേദികയിൽ നമ്മുടെ ശബ്ദം വേണ്ടവിധത്തിൽ ഗൗനിപ്പിക്കുവാൻ നമുക്കു കഴിവില്ലാത്തതിനാൽ, നമ്മുടെ രാജ്യത്തെത്തന്നെ ജീവസ്പർശിയായ സാമ്പത്തികനയങ്ങൾ നിർണ്ണയിക്കുകപോലും നമുക്കു സാധ്യമല്ലാതിരിക്കുന്നതിനാൽ, ലോകസംഭവങ്ങൾ നമ്മെ സ്പർശിക്കാതെ കടന്നുപോകുമെന്നോ നമ്മുടെ ആഭ്യന്തരസാമ്പത്തികക്രമത്തിൽ അവയുടെ ആഘാതമുണ്ടാകയില്ലെന്നോ അർത്ഥമാകുന്നതല്ലല്ലോ. ഇന്നു മിക്കവാറും ഏതൊരു സുപ്രധാനസാമ്പത്തിക പ്രശ്നവും അഖിലലോകപശ്ചാത്തലത്തിലാണുവർത്തിക്കുന്നതു്. അതനുസരിച്ചു അതിന്റെ പഠനം നിർവ്വഹിക്കയും വേണ്ടിയിരിക്കുന്നു.

•

ബ്രിട്ടീഷു കാമൺവെൽത്തിലെ ഡൊമിനിയൻ രാജ്യങ്ങൾ അനുഭവിക്കുന്നിടത്തോളമെങ്കിലും സ്വയംഭരണം നമുക്കില്ലെങ്കിൽ നമ്മുടെ ശക്തി ചെലുത്തുവാൻ നമുക്കുകഴിവുണ്ടാകുന്നതല്ലെന്ന പരമാർത്ഥം നിസ്സന്ദേഹം അവശേഷിക്കുകതന്നെ ചെയ്യുന്നു. ഇൻഡ്യാഗവമ്മെൻറിന്റെ നില ഏദയപൂർവ്വമായിരുന്നിട്ടും ബ്രട്ടൻവുഡ്സിൽ ഇൻഡ്യൻ ഡെലഗേഷൻ എത്ര ശ്രമിച്ചിട്ടും, ഇൻറർനാഷണൽ മാണിററി ഫണ്ടിൽ ഇന്ത്യയ്ക്കു് ഒരു സ്ഥാനം കിട്ടാത്തതു മുഖ്യമായി രാഷ്ട്രീയപരിഗണനകൾ നിമിത്തമാണ്. ഇന്നത്തെ ചുററുപാടുകളിൽ ഇന്ത്യയ്ക്കു് ഒരു സ്ഥാനം ലഭിക്കുകയെന്നുവച്ചാൽ അതിന്റെ അർത്ഥം ബ്രിട്ടനു ഒരു വോട്ടുകൂടി ലഭിക്കുകയായിരിക്കും എന്ന കാര്യം മി. മാർഗന്ത തുറന്നു പറവാൻ മടിച്ചില്ല. അതുപോലെതന്നെ കിടപ്പും നയതന്ത്രപരമായ സ്ഥാനവിശേഷവും നിമിത്തം ഇൻറർനാഷണൽസിവിൽ ഏവിയേഷൻ ആർഗനിസേഷന്റെ ഇൻററിം കൗൺസിലിൽ ഒരു സ്ഥാനത്തിനുള്ള അർഹതയുണ്ടായിരുന്നിട്ടും ഇന്ത്യയ്ക്കു ചിക്കാഗോയിൽ ഒരു സ്ഥാനം ലഭിച്ചതു ക്യൂബാ ഒരു സ്ഥാനം ഒഴിഞ്ഞുകൊടുത്തതിനുശേഷം മാത്രമാണ്. ഇതിനും കാരണം യു.എസ്സിലെ ഇന്ത്യൻപ്രതിനിധിയ്ക്കു സ്വതന്ത്രപദവി ഇല്ലെന്നുള്ളതായിരുന്നു. ആകയാൽ സാമ്പത്തികമോ സാങ്കേതികമോ ആയ കാര്യങ്ങളെക്കുറിച്ചു ചിന്തിക്കുവാനുള്ള കാൺഫറൻസുകളിൽപോലും രാഷ്ട്രീയപരിഗണനകൾക്കു പ്രാധാന്യംകൂടുകയും രാഷ്ട്രീയഘടകങ്ങൾ തീരുമാനങ്ങളെ നിയന്ത്രിക്കയും ചെയ്യുന്നു എന്ന വസ്തുത വ്യക്തമായി ഭവിക്കുന്നു. സാമ്പത്തികപ്രശ്നങ്ങൾ വമ്പിച്ച നയകാര്യങ്ങളായിത്തീർന്നുതുടങ്ങുന്നു. സാമ്പത്തിക വിഷയങ്ങൾ തീരുമാനിക്കുന്നതു നയതന്ത്രകാര്യങ്ങൾക്കുവേണ്ടിയോ രാഷ്ട്രീയസഖ്യങ്ങളെയോ മത്സരങ്ങളെയോ ആസ്പദമാക്കിയോ ആണു; സാമ്പത്തികനീതിയെയോ പൊതുവേയുള്ള സാമ്പത്തിക ക്ഷേമാവസ്ഥയെയോ സർവ്വരാഷ്ട്രീയമായ സാമ്പത്തികഭദ്രതയെയോ ആസ്പദമാക്കിയല്ല. രാജ്യങ്ങൾ തമ്മിലുള്ള സാമ്പത്തികസഹകരണം എത്രതന്നെ അത്യന്താപേക്ഷിതമായിരുന്നാലും രാഷ്ട്രീയസുരക്ഷ സുദൃഢമായി സ്ഥാപിക്കപ്പെട്ടാൽ മാത്രമേ അതു സുഗമമായിത്തീരുകയുള്ളു. വിശ്വാസത്തെ പുനഃപ്രതിഷ്ഠിക്കത്തക്കവിധത്തിൽ സമാധാനം പുനസ്ഥാപിക്കപ്പെടുന്നെങ്കിലല്ലാതെ ലോകത്തു സാമ്പത്തിക സുസ്ഥിതി ഉണ്ടായിരിക്കുന്നതല്ല.

ബിസിനസ്സുകാൺഫറൻസു പര്യാലോചിച്ച വിഷയങ്ങൾ ബിസിനസ്സിനെ മാത്രമല്ല രാജ്യത്തെ വിശാലതരമായ സാമ്പത്തികതാല്പര്യങ്ങളെയും സംബന്ധിക്കുന്നവയാണെന്നും ദേശീയസാമ്പത്തികപരിപോഷണവുമായി ഗാഢബന്ധമുള്ളവയാണെന്നും വിസ്മരിച്ചുകൂടാത്തതാകുന്നു. വർത്തകരുടെ താല്പര്യങ്ങളും സമുദ്യമങ്ങളും പരമമായ അപഗ്രഥനത്തിൽ പൊതുക്ഷേമത്തിൽനിന്നു വേർതിരിച്ചു നിർത്താവുന്നതല്ല. ദേശീയസാമ്പത്തികതാല്പര്യങ്ങളോടും നയങ്ങളോടും ബന്ധിച്ചും പൊരുത്തപ്പെടുത്തിയുമാണ് അവയെപ്പററി പഠനം നടത്തേണ്ടതു്. അവരുടെ സമുദ്യോഗങ്ങൾ രാജ്യത്തെ വിശാലതരമായ സാമ്പത്തികജീവിതത്തിൽ കൂട്ടിമുട്ടുന്നവയും അതുമായി ബന്ധിച്ചിരിക്കേണ്ടവയുമാകുന്നു. ഒരു പക്ഷേ സ്വകാര്യവ്യാപാരോദ്യമം എന്ന വിഷയമൊഴിച്ചു ഇന്ത്യൻവാണിജ്യസംഘടനകളും ഇന്ത്യൻപൊതുജനാഭിപ്രായവും തമ്മിൽ ഭിന്നാഭിപ്രായമുള്ള വിഷയങ്ങൾ ഒന്നുംതന്നെയില്ലായിരുന്നു. ഉദാഹരണമായി നേഷൻസു തമ്മിലുള്ളവ്യാപാരനയത്തെ സംബന്ധിച്ചാണെങ്കിൽ ഏതെങ്കിലും ബഹുകക്ഷിവാണിജ്യക്കരാറിലും ഇന്ത്യ ഇന്ത്യയുടെ ധനകാര്യസ്വയംഭരണത്തിനും വ്യാവസായികവും കാർഷികവുമായ വളർച്ചയ്ക്കും സംരക്ഷണവ്യവസ്ഥകൾക്കുംവേണ്ടി നിർബന്ധപൂർവ്വം നിലകൊള്ളുന്നതാണെന്നു ഇന്ത്യൻ ഡെലഗേഷൻ വ്യക്തമാക്കുകയുണ്ടായി. സാമ്രാജ്യമുൻഗണന മുതലായ നിയന്ത്രണനയങ്ങൾക്കു തങ്ങൾ എതിരാണെന്നും, സ്വാതന്ത്ര്യവാണിജ്യം മത്സരം എന്നിവയിൽ യുണൈറഡ്സ്റ്റേററിസിന്റെ നിർബന്ധം, ആ രാജ്യത്തിന്റെ ഉയർന്ന താരിപ്പുകളോടും പരുത്തി ഗോതമ്പു് ഇവയുടെ കയററുമതിയ്ക്കു നൽകപ്പെടുന്ന ധനസഹായത്തോടും പൊരുത്തമില്ലാത്തവയായി തങ്ങൾ കരുതുന്നു എന്നും ഇന്ത്യൻ ഡെലഗേഷൻ ശക്തിമത്തായി ചൂണ്ടിക്കാണിച്ചു 'ഇൻറർനാഷണൽ കാർട്ടലുകൾ ഇന്ത്യയെപ്പോലെയുള്ള ഒരു രാജ്യത്തിലെ നാടൻവ്യവസായങ്ങളുടെ വളർച്ചയ്ക്കു ദോഷകരമായി തങ്ങൾ കരുതുന്നു എന്നും അവർ വ്യക്തമാക്കി. വ്യവസായങ്ങളെ, വിശേഷിച്ചും മർമ്മപ്രധാനവും മൗലികവുമായ വ്യവസായങ്ങളെ അടക്കിഭരിക്കുന്നവർ നാട്ടുകാർതന്നെ ആയിരിക്കേണ്ടതു അത്യന്താപേക്ഷിതമാണെന്ന ഇന്ത്യൻവീക്ഷണഗതി ശക്തിപൂർവ്വം ചൂണ്ടിക്കാണിക്കപ്പെട്ടു. പൂർണ്ണവളർച്ച പ്രാപിച്ചിട്ടില്ലാത്ത ഇന്ത്യയെപ്പോലെയുള്ള രാജ്യങ്ങളുടെ വ്യവസായീകരണം ഭാവിയിൽ സർവരാഷ്ട്രീയ സാമ്പത്തികവികാസത്തിന്റെ ഗതിവേഗത്തെ കൂററിക്കുന്നതായിരിക്കും എന്നും ചൂണ്ടിക്കാണിക്കയുണ്ടായി. കറൻസിബന്ധങ്ങളെ സംബന്ധിച്ചാണെങ്കിൽ ഇന്ത്യയുടെ വിദേശആസ്തികളെ വിവിധരാജ്യസാധാരണമായ വിധത്തിൽ രൂപാന്തരപ്പെടുത്തി സർവരാഷ്ട്രീയവാണിജ്യം വർദ്ധിപ്പിക്കേണ്ട കാര്യത്തെപ്പററി ഇന്ത്യൻ ഡെലഗേഷൻ സ്വാഭാവികമായിത്തന്നെ എടുത്തുപറയുകയും ഇന്ത്യയെ സംബന്ധിച്ച് 'ഡാളർഹോൾഡിംഗ്സി'ന്റെ പ്രാധാന്യം ചൂണ്ടിക്കാണിക്കയുംചെയ്തു. ഇന്ത്യയുടെ വിപുലമായ കടൽ

(ശേഷം പതിനൊന്നാം പേജിൽ)

# സയൻസിനെപ്പററി

(പി. ദാമോദരൻപിള്ള ബി. ഏ.)

മുന്നൊരുലക്കം 'മലയാളരാജ്യം' ആഴ്ചപ്പതിപ്പിൽ മി. കൃഷ്ണൻനായർ ബി. ഏ. കഴിഞ്ഞതിനു മുൻപിലത്തെ തിരുനാളം സംബന്ധിച്ച് 'പൌരധ്വനി' പ്രസിദ്ധീകരിച്ച വിശേഷാൽപ്രതിയിൽ 'സയൻസ്' എന്നപേരിൽ ഞാൻ എഴുതിയിരുന്ന ലേഖനത്തെ ഖണ്ഡിക്കാനോ, എൻെറ തെററുകറ്റു തിരുത്താനോ ശ്രമിച്ചിരിക്കുന്നതായി കണ്ടു. അദ്ദേഹത്തിൻെറ ശ്രമം വിജയകരമായിരുന്നെങ്കിൽഎന്നെപ്പോലെ അതിനെ സ്വാഗതംചെയ്യുന്നവർ കാണുകയില്ല. എന്നാൽ, എൻെറ വാദഗതി എന്തെന്നു ശരിയായി മന ിലാക്കാതെയാണ് ഈ രണ്ടുവർഷത്തിനിടയിൽ മി. കൃഷ്ണൻനായരെപ്പോലെ-ഒരാൾ അതിലെ തെററുതിരുത്താൻ പുറപ്പെട്ടതെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

പ്രതിയോഗി കാര്യം മസ്സിലാക്കിയില്ലെന്നു ഞാൻ പറഞ്ഞതു് വെറും വെറുതെയല്ല. ദൂരദർശിനിയിൽകൂടി കാണുന്ന ചന്ദ്രൻ ഒരു വികൃതഗോളമായിപ്പോകുന്നു എന്നു ഞാൻ ഒരു ഉദാഹരണമായി 'പൌരധ്വനി'ലേഖനത്തിൽ പ്രസ്താവിച്ചിരുന്നു. വാസ്തവത്തിൽ ഹൃദ്യമായ പ്രകൃതി സയൻസിൻെറ ആക്രമണത്താൽ ആ ഹൃദ്യത കൈവിട്ടു് വെറും ശുഷ്കമായ ജഡംമാത്രം ആയി കലാശിക്കുന്നു എന്നു കാണിക്കാനാണ് ഞാൻ ആ ഉദാഹരണം ഉദ്ധരിച്ചതു്. ഇതിനു് മി· കൃഷ്ണൻനായർനല്കുന്ന മറുപടി വ്യാഴം, ശനി മുതലായ ഗോളങ്ങൾ ദൂരദർശിനിയുടെ സഹായത്താൽ കൂടുതൽ സുഭഗങ്ങളായിത്തീരുന്നുണ്ടെന്നാണ്.ശരി; പക്ഷെ ഒരു നല്ല സയൻറിസ്റ്റിനെപ്പോലെ കുറേക്കൂടി ശരിയായി അവയെ അറിയുന്നതിനുവേണ്ടി ശക്തികൂടിയ ദൂരദർശിനി ഉപയോഗിക്കുക, അപ്പോൾ അവയും വിരൂപങ്ങളായിത്തീരുന്നുഎന്നുകാണാം. ഇവിടെ ഞാൻ ഉദ്ദേശിക്കുന്നതു്, പഞ്ചേന്ദ്രിയങ്ങൾകൊണ്ടു് നമുക്കു് ലഭിക്കുന്ന അറിവിനു് സയൻസിൽകൂടി ലഭിക്കുന്ന അറിവിനെ അപേക്ഷിച്ച നമ്മുടെ ഹൃദയത്തെ ആകർഷിക്കാനും രമിപ്പിക്കാനും ഒരു ശക്തിയുണ്ടെന്നാണ്. മഴവില്ലെന്നതു ശാസ്ത്രജ്ഞൻെറ ദൃഷ്ടിയിൽ ഒരു വെറും മിഥ്യയായി കലാശിക്കുമ്പോൾ, അതു് കവിഹൃദയത്തെ ആകെ അതിൻെറ സൌന്ദര്യത്തിൽ ആമഗ്നമാക്കിത്തീർക്കുന്നു. വാസ്തവത്തിൽ ഈയവസ്ഥയിൽ കവി അയാളുടെ സ്വന്തംഹൃദയത്തിൻെറ സൌന്ദര്യം സ്വയം അനുഭവിച്ചു് അതിനെ സാക്ഷാത്കരിക്കുകയാണ് ചെയ്യുന്നതു്. ഈ ആത്മസൌന്ദര്യാനുഭൂതിക്കുള്ള സൌകര്യം സകലതിനെയും ശുഷ്കമായ ജഡവസ്തുവായി കാണാൻ ഉദ്യമിക്കുന്ന സയൻസ് നഷ്ടപ്പെടുത്തുന്നു. അതിൽനിന്നു ലഭിക്കുന്ന അറിവു് ബുദ്ധിയേയും, പഞ്ചേന്ദ്രിയസിദ്ധമായ അനുഭൂതി ഹൃദയത്തെയും ബാധിക്കുന്നു· ബുദ്ധിയിലെത്തുന്ന അറിവു് ബാഹ്യപ്രകൃതിയുടെ സത്യവും, ഹൃദയത്തിലെ അനുഭൂതി ആന്തരസത്യവുമാകുന്നു. ഒന്നു ബുദ്ധിയിലെത്തി വെള്ളത്തിൽ അലിഞ്ഞു് അതിൻെറ അംശമായിത്തീരാതെ ശേഷിക്കുന്ന പൊങ്ങുതടിപോലെ നമ്മുടെ സത്വത്തിൽ ഒരു അന്യവസ്തുവായി Foreign matter കിടക്കുന്നു. നേരെമറിച്ചു് ഹൃദയാനുഭൂതി, വെള്ളത്തിൽ അലിഞ്ഞുചേരുന്ന പഞ്ചസാരപോലെനമ്മുടെസത്വത്തിൽPersonality ലയിച്ചു് അതിനെ പോഷിപ്പിക്കുന്നു. അഥവാ ബുദ്ധിഗതമായ അറിവു് നമ്മുടെ സത്വത്തിൽ ശേഷിക്കുന്ന ഒരു അന്യവസ്തുവാണെങ്കിൽ ഹൃദയജന്യമായ അനുഭൂതി നമ്മുടെതന്നെ ഒരംശം, എന്നല്ല നാംതന്നെആണ് എന്നു് സാരം. സയൻസിനു ബുദ്ധിയെയല്ലാതെ ഹൃദയത്തെ ബാധിക്കാൻ കഴിവില്ല. അത്രത്തോളം അതു് ന്യൂനമായിത്തന്നെയിരിക്കുന്നുമാണ്.

സയൻസു് ഗുണംചെയ്തിട്ടുണ്ടെന്നു് മി. കൃഷ്ണൻനായർമാത്രമല്ല, എല്ലാവരും പറയുന്നുണ്ടു്. പക്ഷെ അതു അതേ അളവിലും, മാത്രയിലും ദോഷവും ചെയ്തിട്ടുണ്ടെന്നുള്ളതും അതുപോലെ അനിഷേധ്യമായ ഒരു പരമാർത്ഥമാകുന്നു. ഗുണം ചെയ്തു എന്നുള്ള വാദത്തിനു് മറുപടിയായിട്ടാണ് ദോഷംചെയ്തകാര്യം ഞാൻ പറഞ്ഞതു്. സയൻസ് ഗുണംചെയ്തിട്ടുണ്ടെന്നുള്ള വാസ്തവം സമ്മതിച്ചുകൊണ്ടുതന്നെയാണു ദോഷത്തെപ്പററി ഞാൻ പ്രസ്താവിച്ചതെന്നു് ഇവിടെ വ്യക്തമാണ്. എന്നിട്ടും മി. കൃഷ്ണൻനായർ സയൻസ് ചെയ്ത ഗുണത്തെ എനിക്കെതിരായി ചൂണ്ടിക്കാണിക്കുന്നു. ഇതു യുക്തിവാദത്തിലെ ഒരു അപകടമാണ് എന്നുതന്നെയല്ല, പെട്ടെന്നു പലരും അതിൽ അകപ്പെടാറുമുണ്ടു്. മി. കൃഷ്ണൻനായർക്കും അങ്ങനെ പററിയെന്നേയുള്ളു.

സയൻസ് ദോഷം ചെയ്തതിനുകാരണം മനുഷ്യൻെറ തകരാറാണ് എന്നു മി. കൃഷ്ണൻനായർ പറയുന്നു. അതുതന്നെയാണു ഞാനും പറയുന്നതു്. ആ തകരാറു പോക്കാൻ സയൻസ് ഒരുതരത്തിലും സഹായിക്കുന്നില്ലെന്നുകൂടി ഞാൻ പരാതിപ്പെട്ടുപോയെന്നേയുള്ളു. പക്ഷെ ഇക്കഥ മനസ്സിലാക്കിയതിൻെറ യാതൊരു ലക്ഷണവും മി. കൃഷ്ണൻനായരുടെ ലേഖനത്തിൽ ഒരടത്തും കാണുന്നില്ല. ചുരുക്കത്തിൽ എൻെറ ലേഖനംകൊണ്ടു ഞാൻ എന്താണ് ഉദ്ദേശിച്ചിട്ടുള്ളതെന്നു് അദ്ദേഹം തെല്ലും മനസ്സിലാക്കിയില്ല. എങ്കിലും ഞാൻ അതിനുത്തരവാദിയല്ലെന്നു സധൈര്യം പറയാം. എന്തെന്നാൽ വാദവിഷയമായ "പൌരധ്വനി" ലേഖനത്തിൽ അതു് എത്രയും സ്പഷ്ടമാണ്.

ആ ലേഖനത്തിൽ ഞാൻ കൊണ്ടുവരാത്ത ഒരു ന്യായംകൂടി ഇപ്പോൾ എനിക്കു പറയാനുണ്ടു്. സയൻസിൻെറ ദോഷത്തിനു് ഉത്തരവാദി മനുഷ്യനാണെങ്കിൽ അതിൻെറ ഗുണത്തിനും ഉത്തരവാദി അവൻതന്നെയായിരിക്കണം. പക്ഷേ സയൻസിൻെറ പക്ഷപാതികൾ ഘോഷിക്കുന്നതുകേട്ടാൽ ഗുണമെല്ലാം സയൻസിനും ദോഷമെല്ലാം മനുഷ്യനുമാണെന്നു തോന്നിപ്പോകും. മി. കൃഷ്ണൻനായരുടെ ലേഖനത്തിലും ഇതേ മനോഭാവംതന്നെ കാണുന്നുണ്ടു്. സയൻസ് സ്വതേ ഗുണമുള്ളതല്ല എന്നാണ് എനിക്കു പറയാനുള്ളതു്. ഗുണമയമായ എന്തോ ഒരു പുതിയ കാര്യമെന്നനിലയിൽ അതിന്മേൽ ചൊരിയുന്ന പ്രശംസകളൊന്നും വാസ്തവത്തിൽ അതു അർഹിക്കുന്നുമല്ല. സയൻസിനെപ്പററിയുള്ള തെററായ ഒരു വീക്ഷണഗതിയെക്കുറിച്ചു് എനിക്കു പറയാനുള്ള ചില കാര്യങ്ങൾ പറയുകയെന്നതായിരുന്നു എൻെറ ലേഖനത്തിൻെറ ഉദ്ദേശം. അ ാവശ്യം തന്നെയായിരുന്നു എന്നു മി. കൃഷ്ണൻനായരുടെ ലേഖനം എനിക്കു കൂടുതൽ ഉറപ്പു നൽകുകയാണു ചെയ്തിരിക്കുന്നതു്.

മനുഷ്യനു സയൻസുകൊണ്ടു ബാഹ്യപ്രപഞ്ചം മുഴുവൻ അളന്നു കുറിയിടിക്കാൻ കഴിഞ്ഞേക്കാം. അതുകൊണ്ടൊന്നും അവൻെറ ജീവിതം അല്പംപോലും കൂടുതൽ സുഖപ്പെടുകയില്ല. ജീവികളെല്ലാം ഒരേ ലക്ഷ്യത്തെത്തന്നെ ലാക്കാക്കി പ്രവർത്തിക്കുന്നു. ആ ലക്ഷ്യം സുഖമല്ലാതെ മറെറാന്നുമല്ല. സയൻസുകൊണ്ടു് അതു ലഭിക്കുമായിരുന്നെങ്കിൽ ഇന്നത്തെ യുദ്ധം ഉണ്ടാകുകയില്ലായിരുന്നു. ഒരു കണ്ടുപിടിത്തംകൊണ്ടു് ഒരു സുഖം കൈവന്നുപോയെന്നു മനുഷ്യൻ ഭ്രമിക്കുന്നു. പക്ഷേ അവൻെറ തജ്ജന്യമായ ഉന്മേഷം മങ്ങുന്നതിനു് അരനിമിഷം തികച്ചു വേണ്ട, അഥവാ, അതേ കണ്ടുപിടിത്തംതന്നെ സകലസുഖത്തെയും ദുഃഖമായി രൂപാന്തരപ്പെടുത്താൻ പ്രയോഗിക്കപ്പെടുകയായി. ഈ സ്ഥിതിയിൽ ലോകം പുരോഗമിക്കുന്നു എന്നു് പറയുന്നതിൽ യാതൊരർത്ഥവും ഞാൻ കാണുന്നില്ല. എന്തെന്നാൽ പണ്ടത്തെ കാപ്പിരി അല്പം തീകൊണ്ടു് ൧൦ വീടു് ചുട്ടുകളഞ്ഞെങ്കിൽ ഇന്നത്തെ വെള്ളക്കാരൻ, സർവ്വിജ്ഞാനപാരവാരപാരംഗതൻ, അതിലേറെ എളുപ്പത്തിൽ അനേകശതം നഗരങ്ങൾ അതേ തീകൊണ്ടു ചാമ്പലാക്കിക്കളയുന്നു. ഇതിൽ പുരോഗതി സയൻസിലോ, അതിൻെറ ദോഷത്തിലോ? വാസ്തവത്തിൽ പുരോഗതിയുണ്ടാകേണ്ടതു് മനുഷ്യൻ തിന്നുന്ന അഹാരത്തിലും, ധരിക്കുന്ന ഉടുപ്പിലും, വലിക്കുന്ന പുകയിലുംമാറമല്ല. സയൻസിനു് ആവക കാര്യങ്ങളിൽ മാത്രമേ വല്ല പുരോഗതിയും കാണിക്കാൻ ഇതുവരെ സാധിച്ചിട്ടുള്ളു. ഇനി സാധിക്കയുമുള്ളു. അഥവാ മനുഷ്യൻെറ മനുഷ്യത്വത്തിൽ യാതൊരു പുരോഗതിയും സയൻസുകൊണ്ടു് ഇന്നുവരെ ഉണ്ടായിട്ടില്ല, മേലാൽ ഉണ്ടാകയുമില്ല. ഇവിടെയാണ് സയൻസിൻെറ ഏററവും മഹത്തായ പരാജയം സ്ഥിതിചെയ്യുന്നതു്.

ഇനി അന്ധവിശ്വാസത്തെപ്പററിയാണെങ്കിൽ, അതിലും സയൻസു് പിന്നാക്കമെല്ലെന്നു് ഞാൻ പറഞ്ഞിരുന്നതു് ശരിയാണ്. എന്തെന്നാൽ പല ശാസ്ത്രീയ സത്യങ്ങൾ അനേകകാലം വിശ്വസിക്കപ്പെട്ടിരുന്നു. അതെല്ലാം മിഥ്യയാണെന്നു അനന്തരകാലങ്ങളിൽ തെളിയുകയുംചെയ്തു. പുതുതായി കണ്ടുപിടിക്കപ്പെട്ട ശാ

(ശേഷം 7-ാംപേജിൽ)




ധാരണ കുളത്തിലോ നദിയിലോ സ്നാനംചെയ്യുന്ന ദക്ഷിണ ഭാരതീയർ മുമ്പെല്ലാം തേച്ചുകുളിപ്പാൻ സോപ്പിനു പകരം ഇലുപ്പപ്പിണ്ണാക്കാണ് അധികമായും ഉപയോഗിക്കാറു് പതിവു്. അന്നു് സോപ്പിൻെറ നാമലേശം പോലും അവർ കേട്ടിട്ടില്ലായിരുന്നു. എന്നാൽ ഇന്നു് ക്ഷണം ശുദ്ധീകരിക്കുന്നതും വിശ്രാന്തിജനകവുമായ ഹമാം ഉണ്ടല്ലോ. സ്നാനത്തിനു് ഒരു പ്രത്യേക ആനന്ദമേകുവാൻ കലപ്പില്ലാത്ത സസ്യതൈലങ്ങളെക്കൊണ്ടു തയ്യാറാക്കപ്പെട്ട ഹമാമിൻ പഴഞ്ചൻ മുറകളുടെ ഗുണവിശേഷങ്ങളൊന്നിച്ചു് നവീനസോപ്പിൻെറ വിശിഷ്ടാംശങ്ങളുമെല്ലാം തികച്ചും കാണാം.

**ഹമാം**



നിങ്ങളുടെ സ്നാനത്തിനു പററിയ വലിയ സോപ്പു്

TATA PRODUCT

ടോമകോ വില്പനശാല, ബിഗ്ബസാർ,
പാലക്കാട്ടു്.


# ചിട്ടി മുന്നറിയിപ്പ്

തലയാളന്മാർ:--

എസ്. പി. സുബ്രഹ്മണ്യയ്യർ, ബാങ്കർ—കൊല്ലം. എസ്. പി. നാരായണയ്യർ, മാനേജിംഗ് ഡയറക്ടർ ദി പ്രസിഡൻസിബാങ്ക്—കോട്ടയം

# പ്രതിമാസലേലച്ചിട്ടി

ടി ചിട്ടി ൧൧൨൦ മേടമാസം ആദ്യവാരത്തിൽ ആരംഭിച്ചു് ൨൫ മാസംകൊണ്ടു് അവസാനിക്കുന്നതും ഇതിൽ

| | | | | | |
|---|---|---|---|---|---|
| ൨൦൦ | ക്കു: രൂപാ വീതം | ൫൦൦൦ | ക്കു്. രൂപാ | മുതലുള്ള | ഏ. ഒന്നും |
| ൧൨൦ | ,, | ൩൦൦൦ | ,, | | ബി. മൂന്നും |
| ൬൦ | ,, | ൧൫൦൦ | ,, | | സി. അഞ്ചും |
| ൩൦ | ,, | ൭൫൦ | ,, | | ഡി. രണ്ടും |
| ൧൦ | ,, | ൨൫൦ | ,, | | ഇ. എട്ടും |

ഉൾപ്പടെ ൨൫൦൦൦ ക്കു: രൂപാ മുതലുണ്ടായിരിക്കുന്നതും ആകുന്നു.

ചിട്ടിയിൽ ചേരണമെന്നു ആഗ്രഹിക്കുന്നവർ തലവരിയോലയ്ക്കു ദി പ്രസിഡൻസി ബാങ്കു് ക്ലിപ്തം കോട്ടയം ആഫീസിൽ ആവശ്യപ്പെടുന്നതായാൽ കിട്ടുന്നതും തലവച്ചോല രണ്ടു പ്രതികളിൽ ഓരോന്നുത്തരും ചേരുന്ന നമ്പരുകൾ കാണിച്ചും അഡ്വാൻസുസഹിതവും ൧൧൨൦ മേടം ൨൫-ാംനുയ്ക്കു മുൻപായി ടി ബാങ്കാഫീസിലേയ്ക്കു അയച്ചുതരേണ്ടതും ആകുന്നു.

കോട്ടയം എസ്. പി. നാരായണയ്യർ

## സയൻസിനെപ്പററി

(6-ാംപേജിൽനിന്നും തുടർച്ച)

സ്ത്രീയസത്യങ്ങൾ മിഥ്യയല്ലെന്ന് തീർത്തു പറയാൻ കഴിയുന്ന യാതൊരു ശാസ്ത്രജ്ഞനും ഇന്നുവരെ ഉണ്ടായിട്ടുമില്ല. ഇതിനിടയിൽ ചില പച്ചപ്പൊളികൾ അവർ തട്ടിവിട്ടിട്ടുമുണ്ട്. അതിനൊരു ഉദാഹരണമാണ് പരസ്പരാകർഷണം. ഇരട്ടനക്ഷത്രങ്ങൾ ഒരു കേന്ദ്രത്തെ ചുററികറങ്ങുന്നതിനാൽ അവതമ്മിൽ ഒട്ടിച്ചേർന്ന് ഒന്നാകാൻ ഇടയില്ലെന്ന് മി. കൃഷ്ണൻനായർ സൂചിപ്പിക്കുന്നു. ഇതു മറെറാരു അന്ധവിശ്വാസമാണ്. എന്തെന്നാൽ ഒരു കേന്ദ്രമുള്ളതുകൊണ്ട് സകലവ്യാപാരവും നിർത്തിവയ്ക്കുന്ന ഒരു ശക്തിയാണ് പരസ്പരാകർഷണം എന്നാണല്ലോ അദ്ദേഹം വിശ്വസിക്കുന്നത്. അങ്ങനെയാണെങ്കിൽ ഒരു കേന്ദ്രമുള്ളപ്പോൾ ആ ശക്തി നിർജ്ജീവമായിപ്പോകും എന്ന് ആരെങ്കിലും പറയേണ്ടതായിരുന്നു. അങ്ങനെ ആരും ചെയ്തിട്ടില്ല. ഒരു കേന്ദ്രത്തെ ചുററിയാൽ രണ്ടു സമീപസ്ഥഗോളങ്ങൾ തമ്മിലുള്ള വടംവലി ഇല്ലാതായിപ്പോകുമെന്ന് എങ്ങനെയാണു വിചാരിക്കുക. ഇതിലേറെ ഭേദം ആകർഷണശക്തിയെത്തന്നെ അവിശ്വസിക്കുന്നതല്ലേ? ഒരുപക്ഷേ ഇങ്ങനെയൊരു സംശയം നേരിട്ടുകൊണ്ടായിരിക്കണം ഗോളങ്ങൾക്കു ചുററും ആകാശംതന്നെയും വർത്തുളമായിരിക്കുന്നു എന്ന് എയിൻസ്റ്റീൻ പ്രസ്താവിക്കാനിടയായതെന്നു തോന്നുന്നു. എന്തെന്നാൽ സൂര്യന്റെ ചുററുമുള്ള ആകാശം വർത്തുളമായിരുന്നാൽ ആ വൃത്തത്തിൽക്കൂടി ഗ്രഹങ്ങൾ സഞ്ചരിച്ചുകൊള്ളും. അതിനു ആകർഷണം ആവശ്യമില്ല, എന്നുതന്നെയല്ല, അവതമ്മിൽ ആകർഷിച്ച് കൂട്ടിയിടിക്കുകയുമില്ല. നേരേമറിച്ച് ഇപ്പോഴത്തെ അവസ്ഥയിൽ ആകർഷണശക്തി അങ്ങനെയൊരവസ്ഥ വരുത്തിക്കൂട്ടാതെ ഗത്യന്തരമില്ലല്ലോ. ന്യൂട്ടന്റെ സിദ്ധാന്തംകൊണ്ട് പല പ്രകൃത രഹസ്യങ്ങൾക്കും ശരിയായ വ്യാഖ്യാനം കണ്ടുപിടിക്കാമായിരിക്കാം. പക്ഷേ ആ വ്യാഖ്യാനം തുല്യമായി ഒത്തിരിക്കേണ്ട എല്ലാസ്ഥാനത്തും ഒക്കുന്നില്ലെന്നുവരുമ്പോൾ, മററു സിദ്ധാന്തങ്ങൾ ആരായേണ്ടിവരും. ആകർഷണസിദ്ധാന്തത്തിനു പററിയ കുഴപ്പവും ഇതുതന്നെയാണ്.

ഇന്ത്യയിൽ ഏതുകാലത്തും ആകാശവസ്തു (Ethey) ഉൾപ്പെടെയുള്ള പഞ്ചഭൂതങ്ങളെപ്പററി വിശ്വസിച്ചിട്ടുണ്ട്. യൂറോപ്പിലേക്കു ഈ വിശ്വാസം പകർത്തിയതു പൈഥാഗോറസ് ആണ്. ഈ അടുത്തകാലംവരെ യൂറോപ്യൻശാസ്ത്രജ്ഞന്മാർ ആ വിശ്വാസം കൈക്കൊണ്ടിരുന്നു. പക്ഷേ ചിലരുടെ പരീക്ഷണങ്ങൾ അതിനെ ഒട്ടൊന്നു തകർത്തു. എയിൻസ്റ്റീൻ പറയുന്നു:—"The idea of ether may well be abandoned" എന്നിട്ടും എല്ലാ ശാസ്ത്രജ്ഞന്മാരും അതു ഉപേക്ഷിച്ചോ എന്നു സംശയമാണ്. ഈ രണ്ടു കൂട്ടരിൽ ആരാണു അന്ധവിശ്വാസികൾ? ഒരു അപരിഷ്കൃതൻ, മഴയുണ്ടാകുന്നതു ഇന്ദ്രൻമൂലമാണെന്നു പറയുമെന്നിരിക്കട്ടെ. പുതിയ ശാസ്ത്രജ്ഞൻ പറയുന്നു, ഇന്ദ്രനും ചന്ദ്രനുമൊന്നുമല്ല, മേഘങ്ങളാണു മഴയുണ്ടാക്കുന്നതെന്ന്. അപരിഷ്കൃതൻ ഇന്ദ്രൻ എന്നുപേരിട്ടതും, ശാസ്ത്രജ്ഞൻ മേഘമെന്നു ആ പേരു മാററിയതുംതമ്മിൽ പരമാർത്ഥത്തിൽ എന്താണ് വ്യത്യാസം? അതുതന്നെയുമല്ല, മേഘങ്ങൾ തന്നെത്തന്നെ മഴയുണ്ടാകുന്നു എന്നു ഒഴുക്കൻമട്ടിൽ പറഞ്ഞാലും വാസ്തവത്തിൽ മേഘത്തിൽ ഏതെല്ലാം പ്രക്രിയകൾ (Processes) ആണു നടക്കുന്നതെന്നു ഇതുവരെ കണ്ടുപിടിച്ചിട്ടില്ലെന്നും, അതിനെപ്പററി ഗവേഷണങ്ങൾ നടക്കുന്നതേയുള്ളു എന്നും ഈയിടെപോലും വായിക്കാനിടയായതു വിസ്തരിക്കാൻ നിവൃത്തിയുമില്ല. നീരാവി ഉയർന്നു വായുവിൽ സഞ്ചരിക്കുന്നതു ഭാരക്കുറവുകൊണ്ടുമാത്രമാണെന്നുള്ള വിശ്വാസംപോലും തെററാണെന്നു സർ സി. വി. രാമൻ തെളിയിച്ചിട്ടുണ്ട്. ചുരുക്കത്തിൽ സാധാരണനും ശാസ്ത്രജ്ഞനുംതമ്മിൽ ഈവക കാര്യങ്ങളിൽ ഗണ്യമായ വ്യത്യാസമൊന്നുമില്ല. ഒരേകാര്യത്തിനു രണ്ടുകൂട്ടരും രണ്ടുപേരു പറയുന്നു എന്നേയുള്ളു. ഇക്കൂട്ടരിൽ ആരാണു അന്ധവിശ്വാസികൾ?

വസ്തുക്കളുടെ രൂപത്തെപ്പററിയുള്ള എന്റെ അഭിപ്രായത്തേയും മി. കൃഷ്ണൻനായർ ചോദ്യംചെയ്യുന്നു. ഒരുകുപ്പിയിലൊഴിച്ച ജലത്തിനു സ്വന്തരൂപമല്ല, കുപ്പിയുടെ രൂപമാണുള്ളതെന്നു പറയാൻകാരണം കുപ്പിയുടെ ഭിത്തികളുടെ മർദ്ദനത്താൽ ജലം അതിന്റെ ആകൃതിയിൽ ഒതുങ്ങിനിൽക്കുന്നതാണത്രെ. ഇതിന്റെ സാരം ഒരുബാഹ്യവസ്തുവിന്റെ സമ്മർദ്ദത്താൽ ജലം ഏതെങ്കിലും രൂപം കൈക്കൊള്ളുന്നുവെന്നും അതിന്റെ സ്വന്തരൂപമില്ലെന്നുമാണല്ലോ. അങ്ങനെയാണെങ്കിൽ ഒരുകസേരയ്ക്കു പ്രത്യേകരൂപമില്ലെന്നും ആശാരിയുടെ ഉളി, കൊട്ടുവടി മുതലായവയിൽനിന്നുണ്ടായ മർദ്ദനത്താൽ അങ്ങനെയൊരു രൂപം സിദ്ധിച്ചുവെന്നേയുള്ളു എന്നും ശാസ്ത്രജ്ഞൻ സമ്മതിക്കേണ്ടിവരുന്നതാണ്. ഒരുവൃക്ഷത്തെ ഉദാഹരണമാക്കിയാലും ഈ വാസ്തവംതന്നെ വീണ്ടും തെളിയും. എന്തെന്നാൽ തടിയ്ക്കു അതിന്റേതായി പറയപ്പെടുന്ന രൂപം സിദ്ധിച്ചതു ആ രൂപം അതിനു സ്വായത്തമായതുകൊണ്ടല്ല; മററു പ്രകൃതി ശക്തികളുടെ സമ്മർദ്ദം ഏൽക്കാനിടയായതുകൊണ്ടുമാത്രമാകുന്നു. ഒരുപാറയുടെ രൂപത്തെസംബന്ധിച്ചും ഇതുതന്നെ പറയാവുന്നതാണ്. അതിനാൽ ജലത്തിനെന്നല്ല, ലോകത്തിലെ യാതൊരു വസ്തുവിനും സ്വന്തമായി, നിയതമായ ഒരുരൂപമുണ്ടെന്നു സൂക്ഷ്മമായി ചിന്തിച്ചാൽ പറയാൻ സാധിക്കുന്നതല്ല. ഇതു മി. കൃഷ്ണൻനായർക്കു മനസ്സിലാകുന്നില്ലെങ്കിൽ മററുള്ളവരെങ്കിലും മനസ്സിലാക്കിക്കൊള്ളുമെന്നു സമാധാനപ്പെടാനേ നിവൃത്തിയുള്ളു.

സയൻസിനെപ്പററി ഞാൻ എഴുതിയ ലേഖനത്തിൽ ചുരുക്കത്തിൽ അർത്ഥമാക്കിയിരുന്നതു എല്ലാ സാമാന്യതത്വങ്ങളും ഒരുതരത്തിൽ അന്ധവിശ്വാസങ്ങൾതന്നെയാണെന്നാണ്. അവയിലൊന്നുമാത്രം മെച്ചമാണെന്നു പറയാൻ പ്രത്യേകിച്ചു ദുരഭിമാനമല്ലാതെ മററുകാരണമൊന്നുമില്ല. അഥവാ, ഒന്നു യഥാർത്ഥതത്വമാണെന്നുസിദ്ധാന്തിച്ചാൽ മററതും അങ്ങനെതന്നെയാണെന്നു സമ്മതിക്കേണ്ടിവരും. മറെറാരുതരത്തിൽ പറയുകയാണെങ്കിൽ പരമസത്യം കണ്ടുപിടിക്കുന്നതുവരെ അന്ധവിശ്വാസവും, ശാസ്ത്രീയസിദ്ധാന്തവും തമ്മിൽ പറയത്തക്ക വ്യത്യാസമൊന്നുമില്ല. സയൻസു ആ പരമസത്യം അറിയാൻ സഹായിക്കുന്നില്ലെന്നും, അതിനുകാരണം അതിന്റെ ജഡത്വമാണെന്നുമാണു എന്റെ ലേഖനത്തിൽപറഞ്ഞിരുന്നതു. ഇപ്പോഴും ആ അഭിപ്രായം മാററേണ്ട ആവശ്യമൊന്നുംകാണുന്നില്ലെന്നുമാത്രമേ ഇവിടെ കൂടുതലായി പറയേണ്ടതുള്ളു.

—o—

## സ്വാഗതം

—o—

കൊട്ടാരം കഥകളി യോഗം ഭാഗവതർ ശ്രീമാൻ ആർ. നീലകണ്ഠൻഉണ്ണിത്താനവർകൾ മുതൽപേർക്ക്.

"സ്വാഗതം സ്വാഗതം" ശ്രീമ-
ന്നീലകണ്ഠാഭിധാദയഃ!
ഭവദ്ഭ്യ ഏതൽനൃത്ത-
കലാഖിലധുരന്ധരാഃ!
സാഹിത്യോചിതഗീതനിർഭരസുധാസം-
(സ്രവന്തീരസ-
സ്ഫായത്തുംഗതരംഗരിംഖണമഹാ-
(നന്ദാനുസന്ദായിനാം
നൃത്തം ഭൃത്തകലാവിശേഷവിദുഷാം-
(മേഷാംനൃപേന്ദ്രാദൃത
സ്ഥേമ്നാം വസ്സുധിയസ്സദാപി കുശലം
(പുഷ്ണാതുകൃഷ്ണോഹരിഃ
(എൻ. പത്മനാഭക്കണിയാർ,
സക്കാർവൈദ്യൻ, കൊട്ടാരക്കര.

## കുസുമോത്സവം

അനാഥയായ കുസുമകുമാരി ചാരിത്ര്യസൂക്ഷ്മംനിമിത്തം അനുഭവിക്കുന്ന നഗ്നമായ കഷ്ടതകളും, ധനവാനെങ്കിലും കുടിലബുദ്ധിയായ ഭാഗീരഥിചരന്റെ കൗടില്യങ്ങളും അനുകരണയോഗ്യനായ വിനയചന്ദ്രന്റെ സ്ഥിരപ്രണയവുംമററും എത്ര തന്മയത്വത്തോടുകൂടി വർണ്ണിച്ചിരിക്കുന്നു.

വില രൂ. 2 ണ. 4.
മാനേജർ,
ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

## പുഷ്പഗീതി

—*—

(തൃക്കൊടിത്താനം,
എം. ഗോപിനാഥൻനായർ)

i

ഒരുനാളുഷസ്സൂക്ഷ്മയാഭയിൽക്കുളിച്ചെത്തി
തിരുകൈത്താരാൽ പ്പൂവ്പീഡ്ങ് മുഖം
(തലോടവേ,
ഞാനൊരു സുരുചിരകോരകമായിട്ടീവൻ-
സൂനവാടിയിൽവന്നുപിറന്നുജാതോല്ലാസം
അന്നുഞാനൊരു കൊച്ചു പത്മരാഗമായ്
(തൂ
മിന്നിനിന്നുല്ലാസത്തിനുള്ളാരാകാരം-
(പോലെ;
അരികെപ്പുതുപൂക്കൾ പുഞ്ചിരിപൊഴി-
(ക്കവേ
വരിവണ്ടുകളെത്തി നമ്മസല്ലാപംചെ-
(യ്കെ,
ഞാനനുവിചാരിച്ചു, പൊൻപ്രഭചൂഴ-
(ന്നൊരു
സൂനമായതിവേഗം വിടരുവാൻ കഴിഞ്ഞെ-
(ങ്കിൽ!!

ii

കല്യഗാനേമാലപിച്ചാഗമിച്ചൊരുകാല്യ-
മുല്ലസന്മോദം, ഞാനന്നുൽഫുല്ലമായി-
(പ്പോയി;
നവതാരുണ്യംപൂണ്ടു കാന്തിചിന്തവേ, മന്ദ
പവനൻ പിടഞ്ഞെത്തി മോഷ്ടിച്ചു മൽ
(സൗരഭ്യം;
ശൃംഗാരഗീതംപാടി, യാടി, യെത്തിയവിട
ഭൃംഗന്മാർമകരന്ദമാസ്വാദിച്ചെങ്ങോ
(പാഞ്ഞു;
അംബരപ്പരപ്പിൽനിന്നും, ക്രൂരദിവാകര-
വൻകരവ്രജമെന്നേതാപസിന്ധുവിലാഴ്ത്തി
ഇന്നുഞാനയ്യോ കഷ്ട! മീവിധം മരുവുന്ത
സന്നയായ്, വിരൂപയാ, യാതങ്കസാത്രൂ-
(പയായ്!
ആനന്ദമെന്നിൽനിന്നുമകന്നു, ശോകം-
(ത്തിയെ-
ന്മാനസംവെണ്ണീറാക്കി, വിളറീമമഗാത്രം!!
ഇന്നുമൽസവിധത്തിൽവന്നുചേരുമാറില്ലാ-
മന്ദമാരുതൻപോലുമെന്തെന്തുദയനീയം?

ആ മനോഹരബാല്യം!—ചാരുവാം
(പൊൻകോരക-
മീവിധം താരുണ്യത്തിൻ കാറേറൽക്കാ-
(തിരുന്നെങ്കിൽ!!

## സഹകരണം

(പറക്കോട്ടു്,
എൻ ശാർങ്ഗധരൻനമ്പൂതിരി)

ഉഴല്വമാത്തരേത്താങ്ങിത്തലോടുവാൻ;
ഉലകിൽമർത്ത്യനനാകംചമയ്ക്കുവാൻ;
അമൃതശീതളശാന്തിതൻകാന്തിയേ—
ററമിതമോഹാന്ധ്യമർദ്ദനംമായുവാൻ;
അടർനിലത്തിലും; കാർഷികഭൂവിലും;
വിപണിതന്നിലും; ശ്രീ വരിച്ചീടുവാൻ;
തുണയരുളിത്തിളങ്ങുന്ന ദൈവതം
സഹകരണം സനാതനസൌഖ്യദം;
കഠിനസംഗ്രാമരക്ഷസ്സുഘോരമാം
രടിതമോടാത്തുലോകം മുടിക്കവേ
ക്ഷുധിതനാഹാരമേകുവാൻ; നഗ്നനേ-
യ്ക്കുടുതുണികൊണ്ടാശ്വസിപ്പിക്കുവാൻ;
ഇരുളിൽ മർത്ത്യനു ദീപം കൊളുത്തുവാൻ;
മധുരിമപരമാസ്വാദിപ്പിക്കുവാൻ.
പരമദൈവതമായി ലസിക്കുമീ-
സഹകരണം സകലാവലംബനം!
കടലിരമ്പിത്തകർത്തിടുത്തീടിലും
കൊടിയദുർഭിക്ഷഭൂതംകയർക്കിലും
പെരിയമാററലർചീർത്തണഞ്ഞീടിലും
ശരണമേകുമീ രക്ഷാനിലയനം.
ഭരതധാത്രിയിലിദ്ദിവ്യമൂർത്തിതൻ
പുരുമഹസ്സാർന്നപള്ളിയറയ്ക്കകം
ഉലകിലെന്തെന്തുനേടണംനമ്മൾക്കു
നിഖിലവുമതിൽ തിങ്ങുന്നു ഭംഗിയിൽ
ഹൃദയശുദ്ധിയും കർമ്മചാതുര്യവും
നിഭൃതമൊത്തു തൽപാദപത്മങ്ങളിൽ
ധാർമ്മികനിസ്വാർത്ഥഭേദവിഹീനരായ്
മനമിണങ്ങി നാം ചേർന്നു സഹജരേ!
പരിചരിച്ചിടാം നമ്മൾക്കു നൽകിടും
പരിചിലെല്ലാമാക്കാരുണ്യകന്ദളം
സഹകരണമെന്നുള്ള പഞ്ചാക്ഷര-
മഹിതമന്ത്രപ്രഭാവം മഹത്തരം
അതിവിശിഷ്ടമാം തൽപ്രഭാവീചിയിൽ
പുളകമാർന്നു നാം ശാന്തിയേറ്റുൽക്കിടാം.


Get your copy of—

**HOW TO TACKLE BEGGARY**

By JOHN P. VALAVI

2nd Edition .... .... Price As. 4

"...I have gone through your brochure "How to Tackle Beggary" and must congratulate you on the thoroughness with which you have dealt this all-important and all-absorbing problem. I wish you all success in your praiseworthy venture," *Mr. S. Chidambaram,* Private Secretary to the Dewan of Travancore.

"...The author places before the public a clear cut and concise programme of work for handling beggar problem." *Calcutta Review,* Calcutta Uuniversity.

"...It is hoped those interested in tackling this humanitarian and social problem will take advantage of Mr. Valavi's remedial suggestions." *The Twentieth Century,* Allahabad.

— Available from

HIGGINBOTAAM'S, Railway Stalls. VALVI & CO., Ernakulam. THE SOCIAL LEAGUE, Ernakulam.

(The Social League will be glad to give free assistance in organising beggar relief)


## Travancore State Transport Department

### Tender Notice

Tenders are invited for the supply of wood charcoal for the use of the vehicles of this Department as per details shown below.

1. The charcoal should be dry, completely carbonised, free of dust and should not be below 3/4" in size.
2. The entire quantity required should be supplied at the Departmental Garage at Kottarakara or Shenkottah.
3. The minimum rate per ton of charcoal should be quoted for supply at Shenkottah and Kottarakara.
4. The quotations should reach this Office on or before 8-9-1120.

Office of the Director
of Transport, Trivandrum,
28-8-1120.

(Sd) N. Ramamurthi,
Supt. of Road Transport.

## * സേവാഗ്രാമത്തിലെ

# സത്യനിഷ്ഠ

—o—

(കെ. എൻ.)

"അന്യർക്കു ദോഷംചെയ്യാത്ത വാക്കു താൻ സത്യഭാഷിതം." എന്ന നിലയിലല്ല ഗാന്ധിജി സത്യത്തെ പരിപാലിക്കുന്നതു്. തന്റെ ജീവനെ രക്ഷിക്കുവാൻവേണ്ടിയോ വല്ല നന്മയേയും മുൻനിർത്തിയോ, കളവുപറഞ്ഞാൽ പാപമില്ലെന്ന സൌകര്യശാസ്ത്രത്തിൽ ഗാന്ധിജിക്കു് അശേഷം വിശ്വാസമില്ല. മൂഢസംസർഗ്ഗത്തെക്കൂടി ചിലപ്പോൾ ക്ഷമിച്ചേക്കാം എന്നാൽ കളവുപറയുന്നവനോടു് അശേഷവും അനുതാപം കാണിക്കുക ഉണ്ടാവില്ല. സബർമതിയിൽ സത്യനിഷ്ഠ ഒഴിച്ചുകൂടാത്തഒരുകർത്തവ്യമാണു്. ചെറുകുട്ടികൾക്കൂടി തമാശക്കു് വേണ്ടിപോലും കളവുപറയുവാൻപാടില്ല.

ഇവിടെ പ്രസ്താവിക്കുവാൻപോകുന്നതു 1916-ൽനടന്ന ഒരു സംഭവമാണു്. അക്കൊല്ലം പഠിപ്പുപൂർത്തിയാക്കിയ ഒരു സർവ്വകലാശാലാബിരുദധാരി സബർമതി ആശ്രമത്തിൽ താമസിച്ചു് ഗാന്ധിജിയുടെഉപദേശം നേടുവാൻ വന്നിരുന്നു. കുട്ടികളോടു വളരെ വാത്സല്യമുള്ള അദ്ദേഹം എത്തിച്ചേർന്നതു് 'കുട്ടികളേയും ദൈവത്തേയും കൊണ്ടാടുന്നേടത്തു' തന്നെയായതിൽ അദ്ദേഹത്തിന്നു് അതിയായ ആനന്ദമുണ്ടായി. ആശ്രമത്തിലുള്ള ചെറുബാലന്മാർ അദ്ദേഹത്തിനു ചുറ്റുംകൂടി. "അമ്മാവ!" "അമ്മാവ!" എന്നുവിളിച്ചു തുള്ളിക്കളിച്ചിരുന്നു. ആ യുവാവു് കഥകൾ പറയുമ്പോൾ ആ കുട്ടികൾ അദ്ദേഹത്തെത്തന്നെ നോക്കിക്കൊണ്ടു് ആ കഥകൾ സശ്രദ്ധംകേട്ടുകൊണ്ടിരുന്നു.

ഒരുദിവസം അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്ന ഒരു വലിയ ചെറുനാരങ്ങ പത്തു വയസ്സായ ഒരു ബാലിക ആവശ്യപ്പെട്ടു. ആ നാരങ്ങ അദ്ദേഹത്തിന്റെകയ്യിൽനിന്നു് സ്വന്തം കയ്യിലാക്കുവാൻ അവൾ തീവ്രയത്നംചെയ്തു. അപ്പോഴൊക്കെ അവൾക്കു് കൈ എത്താത്തവിധത്തിൽ യുവാവു് ആ ഫലം ഉയർത്തിപ്പിടിച്ചു; ഇങ്ങനെ കുറച്ചുസമയംകഴിഞ്ഞു. ആരംഭത്തിൽ ഈ ഒരുവിനോദത്തിൽ അവൾക്കു് വളരെ രസംതോന്നി അവൾ ഇടയ്ക്കിടെ പൊട്ടിച്ചിരിക്കുകയും ചെയ്തിരുന്നു. എന്നാൽ കുറച്ചുസമയം കഴിഞ്ഞപ്പോൾ തനിക്കു് അതു് തീരെ അപ്രാപ്യമെന്നു് അവൾക്കു് ബോധംവരികയും ബാലസ്വഭാവമനുസരിച്ചു കരയുവാൻ തുടങ്ങുകയുംചെയ്തു. യുവാവിന്നു്മനമലിഞ്ഞു. ആശ്രമത്തിലുള്ള ഒരു രോഗിക്കു് കൊടുക്കുവാനായിരുന്നു, അയാൾ ആ നാരങ്ങ കൊണ്ടുവന്നിരുന്നതു്. അതിനാൽ അദ്ദേഹം വളരെസാമർത്ഥ്യത്തോടുകൂടി ആ ഫലത്തെ സബർമതിനദിയിൽ എറിയുന്നതുപോലെ ഭാവിച്ചു ബാലിക കാണാതെ അതുതന്റെ കീശയിൽ നിക്ഷേപിച്ചു. നിർദ്ദോഷയായ ആ പെൺകുട്ടിക്കു് അതിൽ വിശ്വാസവും ജനിച്ചു. "ഇപ്പോൾ ആ നാരങ്ങ എന്തായിത്തീരും?" എന്നുപറഞ്ഞുകൊണ്ടു് അവൾ ആ നദിക്കരികെഓടി അതിനെ അന്വേഷിക്കുവാൻതുടങ്ങി. "അതു് വെള്ളത്തിന്നടിയിലാണ്ടുപോയ്ക്കഴിഞ്ഞു. ഇനി അതുകിട്ടുകയില്ല." എന്നുയുവാവുപറഞ്ഞപ്പോൾ ബാലികയ്ക്കു് സമാധാനവുമായി. രണ്ടുപേരും മുൻപോലെ ചിരിച്ചുപറഞ്ഞുകൊണ്ടു് രോഗികിടക്കുന്ന സ്ഥലം നോക്കിനടന്നു.

യുവാവിന്റെ നിർഭാഗ്യത്താലോ, അല്ല, കളവുപറഞ്ഞതിനാലുള്ള ദൈവകോപംകൊണ്ടോ എന്തോ, അദ്ദേഹത്തിനു പെട്ടെന്നു ഒരു 'തുമ്മൽ' ഉണ്ടാകുകയും, കീശയിൽനിന്നു ടവ്വൽ പുറത്തേക്കു എടുത്തപ്പോഴേക്കും പെട്ടെന്നു നാരങ്ങ താഴെവീണു ഉരുണ്ടുതുടങ്ങുകയും ചെയ്തു, ബാലിക അതെടുക്കുവാൻ ഓടാതെ മിഴിച്ച കണ്ണുകളോടെ, തന്നെ ഉററുനോക്കുന്നതുകണ്ടപ്പോൾ യുവാവു വല്ലാതെ അന്ധാളിച്ചു. 'നിങ്ങൾ എന്നോടു കളവുപറഞ്ഞു; അല്ലേ! വളരെ നല്ലതു്. ഞാൻ ഇപ്പോൾത്തന്നെപോയി ബാപ്പുജിയോടു, താങ്കൾ കള്ളനാണെന്നു പറഞ്ഞുകൊടുക്കും നോക്കിക്കൊള്ളു' എന്നുപറഞ്ഞുകൊണ്ടു ബാലികഓടിപ്പോയി. നദിയ്ക്കഭിമുഖമായുള്ള ഒരു മുറിയിൽ ഗാന്ധിജി എന്തോ കാര്യമായി പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ബാലിക സംഭവം അദ്ദേഹത്തോടു വിവരിച്ചുപറഞ്ഞപ്പോൾ പിന്നീടു അതിനെപ്പററി ആലോചിക്കാമെന്നാണു് മഹാത്മജി പറഞ്ഞതു്.

വൈകുന്നേരം പ്രാർത്ഥന കഴിഞ്ഞപ്പോൾ ഗാന്ധിജി യുവാവിനോടു നടന്നസംഗതി വിവരിക്കുവാൻ ആവശ്യപ്പെട്ടു. സംഭവം ഗാന്ധിജിയെ ധരിപ്പിച്ചുകൊണ്ടു 'താൻവെറും തമാശയ്ക്കുവേണ്ടി ചെയ്തതാണെ'ന്നു യുവാവു് അറിയിച്ചു ഗാന്ധിജി ചിരിച്ചുകൊണ്ടുതന്നെ 'സഹോദരാ! ഇനിമേലിലെങ്കിലും താങ്കൾ വളരെ കരുതിയിരിക്കണം. കളിയായിട്ടുകൂടി കുട്ടികളോടു കളവു പറയരുതു്. തമാശയായി ആരംഭിച്ച ഈ ദുർഗ്ഗുണം കൊണ്ടുതന്നെയാണു കുട്ടികൾ മുതിർന്നു വരുമ്പോൾ കള്ളം പറയുവാൻ അശേഷം മടികാണിക്കാത്തതു്. ഇതു അനർത്ഥത്തിൽ മാത്രമേ അവസാനിക്കയുള്ളു' എന്നുപറഞ്ഞു.

സംഭവം ഇതോടുകൂടി അവസാനിച്ചില്ല. യുവാവാണെങ്കിൽ, ഒരു കാര്യത്തിന്റെ മുഴുവൻ വശങ്ങളും അറിഞ്ഞാൽമാത്രം തൃപ്തിപ്പെടുന്ന ആളാണു്. വിദ്യാസമ്പന്നരായ നമ്മുടെ ഇന്നത്തെ യുവാക്കൾ വെറും സമാധാനം കൊണ്ടുമാത്രം തൃപ്തിപ്പെടുന്നവരല്ലല്ലോ. തമാശ, കളി ഇവയുടെ സമ്പ്രദായങ്ങളെപ്പററ അദ്ദേഹം ആശ്രമവാസികളുമായി ചർച്ചചെയ്യുവാൻ തുടങ്ങി. തമാശയ്ക്കുകൂടി കളവു പറയുവാൻ അനുവാദമില്ലെങ്കിൽ, രാമായണം, ഭാരതം തുടങ്ങിയ ഇതിഹാസങ്ങളും മററു കെട്ടുകഥകളും കുട്ടികളെ കേൾപ്പിക്കാമോ എന്നുള്ള ചോദ്യം ആശ്രമത്തിലെ അദ്ധ്യാപകന്മാരെ വല്ലാതെ കുഴപ്പത്തിലാക്കിത്തീർത്തു. ഗാന്ധിജിയുടെ അടുത്തെത്താതെ ആശ്രമത്തിലെ മററംഗങ്ങളുടെ ഇടയിൽത്തന്നെ നടന്നുകൊണ്ടിരുന്ന ഈ സംശയം ശ്രീ കാകാസാഹേബ് 'വെട്ടൊന്നു തുണ്ടം രണ്ടു്, എന്ന നിലയിൽ വളരെ വേഗത്തിൽ തീർത്തുകളഞ്ഞു.

'നമ്മുടെ ദിവസവൃത്തിയിൽ പറയുന്ന കള്ളങ്ങളെ, പുരാണകഥകൾ, വിനോദകെട്ടുകഥകൾ ഇവയോടു് കലർത്തിപറയുന്നതു വെറും ദുശ്ശാഠ്യം മാത്രമാണു്. വിദ്യാഭ്യാസം സിദ്ധിച്ച നമ്മുടെ യുവാക്കൾ തങ്ങളുടെ വാചാലതയെ കുറച്ചടക്കി തെല്ലിട അഗാധമായി ആലോചിച്ചാൽ കുട്ടികളോടു കളവുതീരെപറയാതെ എല്ലായ്പോഴും അവരെ സത്യത്തിൽതന്നെ ചരിപ്പിക്കുന്നതാണു് ഉത്തമമായ വഴി എന്നവർക്കെളുപ്പത്തിൽ മനസ്സിലാകും.'

കാകാ സാഹേബിന്റെ ഈ തീർപ്പിനുശേഷം ഈ വിഷയത്തെപ്പററി ആരും ഒരക്ഷരം മിണ്ടിയിട്ടില്ല.

* ഒരു തമിഴുലേഖനത്തെ ഉപജീവിച്ചു്.


## Wanted

Applications are invited from young educated orphan girls of well built stature aged 18 years and below; for a post of a manager in a Newspaper agency, Tirumangalam.

Apply to:-
S. S. MANI,
News Agent,
Tirumangalam, Madura Dt.

## കാമബാണരസായനം.

മേഹസംബന്ധമായുണ്ടാകുന്നസകലരോഗങ്ങളേയും നശിപ്പിച്ചു് ഓജസ്സും തേജസ്സും ഉന്മേഷവും പ്രദാനംചെയ്യുന്ന ഒരു ദിവ്യൗഷധം. 30 നേരം സേവിക്കാനുള്ളമരുന്നടങ്ങിയ ടിൻ ഒന്നുക്കു രൂ. രണ്ടര.

ബാംബെ മെഡിക്കൽഹാൾ, കൊല്ലം

# ധന്വന്തരി വൈദ്യശാല

## H. O, തൊടുപുഴ.

ബ്രാഞ്ചുകൾ:—

| | | |
|---|---|---|
| 1 വാഴക്കുളം | 12 മൂവാററുപുഴ | 23 ചേർത്തല |
| 2 പാലാ | 13 കാഞ്ഞാർ | 24 മുണ്ടക്കയം |
| 3 കോട്ടയം | 14 ചങ്ങനാശേരി | 25 കൂത്താട്ടുകുളം |
| 4 വൈക്കം | 15 ആലപ്പുഴ | 26 പിറവം |
| 5 എറണാകുളം | 16 കൊല്ലം | 27 മാവേലിക്കര |
| 6 പൂഞ്ഞാർ | 17 ആലുവാ | 28 കൊട്ടാരക്കര |
| 7 തിരുവനന്തപുരം | 18 പറവൂർ | 29 ഈരാററുപേട്ട |
| 8 തൃപ്പൂണിത്തുറ | 19 പൊൻകുന്നം | 30 നെയ്യാററിൻകര |
| 9 പെരുമ്പാവൂർ | 20 തിരുവല്ല | 31 കായംകുളം |
| 10 കോതമംഗലം | 21 തൃശ്ശൂർ | 32 ആററങ്ങൽ |
| 11 നാഗർകോവിൽ | 22 കോഴിക്കോടു് | 33 മദ്രാസ് 34 പുനലൂർ. |

ഏററവും നിഷ്കൃഷ്ടയിലും സൂക്ഷ്മതയിലും തയാർചെയ്തിട്ടുള്ള പ്രധാനപ്പെട്ട എല്ലാ ആയുർവേദ ഔഷധങ്ങളും എപ്പോഴും തയ്യാറുണ്ടു്. കൂടുതൽ വിവരം അറിയണമെന്നാഗ്രഹിക്കുന്നവർ ഔഷധവിവരപ്പട്ടികയ്ക്കു താഴെക്കാണുന്ന മേൽവിലാസത്തിലെഴുതുക:

വൈദ്യൻ സി. എൻ. നമ്പൂതിരി,
ധന്വന്തരി വൈദ്യശാല,
H. O. തൊടുപുഴ, തിരുവിതാംകൂർ.

# വിരേചനതൈലം

ഞങ്ങളുടെ സ്പെഷ്യൽ ഔഷധങ്ങളിൽ പ്രചുരപ്രചാരം സിദ്ധിച്ചുകഴിഞ്ഞിട്ടുള്ള ഈ തൈലം കേവലം വിരേചനം ഉണ്ടാക്കുക മാത്രമല്ല ചെയ്യുന്നതു്. കുഞ്ഞുങ്ങളുടെ കരപ്പൻ, പീഡ, അരുചി, ജ്വരം, കൃമി മുതലായ സുഖക്കേടുകളെ മാററി ബലത്തേയും, പുഷ്ടിയേയും ദീപനത്തെയും പ്രദാനംചെയ്യുന്നതിനുകൂടി ശക്തിയുള്ള വിധത്തിൽ നിർദ്ദോഷമായ രീതിയിൽ തയ്യാർചെയ്തിട്ടുള്ളതും പ്രായമുള്ളവർക്കും സുഖവിരേചനത്തിനു ഉപയോഗിക്കാവുന്നതും ആകുന്നു.

ഉപയോഗക്രമവും മററും ഔഷധത്തോടുകൂടി ഉണ്ടായിരിക്കും. വില ഔൺസ് 1-ക്കു് 8 ണ.

N B ആയുർവേദവിധിപ്രകാരമുള്ള എല്ലാ ഔഷധങ്ങളും മിതമായ വിലയ്ക്കു കൊടുക്കാൻ ഇവിടെ എപ്പോഴും തയ്യാറുണ്ടു്.

പി. എൻ. അപ്പാവുവൈദ്യൻ (ബാലചികിത്സാസ്പെഷ്യലിസ്റ്റ്)

എസ്സ്. എൻ. വി. ഗവമ്മെൻറംഗീകൃതമുനിസിപ്പൽ ഗ്രാൻറവൈദ്യശാല,
കോട്ടയം.

S. N. V. 2.

ചെറുകഥ

# തൂലികയുടെ പിറകിൽ

—'—

(എസ്. കെ. ആർ. കമ്മത്ത്)

അന്ന് വിജയന് അഭിനന്ദനക്കത്തുകൾ അനവധി കിട്ടി. അയാളുടെ പുതിയകഥ ഏററവും നന്നായിരിക്കുന്നുവെന്നും വിശ്വസാഹിത്യം നില നിൽക്കുന്നിടത്തോളംകാലം അതും നിലനില്ക്കുമെന്നും ഇനിയും തുടർന്നെഴുതണമെന്നുമാണ് കത്തുകളിൽ മിക്കതും. അയാൾ അഞ്ചലാഫീസിൻെറ തിണ്ണയിലിരുന്ന് അവയെല്ലാം ഓടിച്ചു വായിച്ചുതീർത്തു. അവസാനം, എല്ലാം പോക്കററിൽ തള്ളിക്കയററിയിട്ട് അയാൾ അഞ്ചൽശിപായിയുടെ അടുത്തു ചെന്നു.

"ചേട്ടാ, മണിയാഡർ വല്ലതുമുണ്ടോ?" അയാൾ ചോദിച്ചു.

അന്നും അഞ്ചൽശിപായി അയാളുടെ ചോദ്യത്തിനുത്തരമായി പറഞ്ഞു:—

"ഇല്ല."

അയാൾ നിശ്ശബ്ദമായിനിന്ന് അതു കേട്ടു. അയാളുടെ മുഖത്ത് നിരാശ നിറഞ്ഞു. കണ്ണുകളിൽ ഉൽകടമായ് വിഷാദാത്മകത്വം പ്രത്യക്ഷമായി. അയാൾ പയ്യെനടന്നു.

ഞാനോദയം വായനശാലയുടെ മുമ്പിൽനിന്ന ഒരു സഹൃദയൻ, വിജയനെ കണ്ടിട്ട അടുത്തുചെന്നു.

"ഞാൻ കഥവായിച്ചു. വളരെ നന്നായിട്ടുണ്ട്. ചെക്കോവിൻെറ കഥകളെപ്പോലെ അത് എന്നെ രസിപ്പിച്ചു. അതിലെ ഓരോവാചകവും കലാസുന്ദരമാണ്. അതിലെ ഓരോ സംഭവവും വികാരനിർഭരമാണ്. നിങ്ങളെ കേരളചെക്കോവ് എന്നു വിളിക്കുവാൻ ഞാൻ മടിക്കുന്നില്ല." അയാൾ വിജയൻെറ തോളിൽ കൈയിട്ടുകൊണ്ട് ഒററമൂച്ചിൽ പറഞ്ഞു.

വിജയൻ മൗനമായി നിന്നു. അയാളുടെ ചിന്തകൾ മറെറവിടെയോ ആണ്.

വായനശാലയ്ക്കുള്ളിൽനിന്നും മറെറാരാൾ അവരുടെ അടുത്തുവന്നു. അയാൾ ഒരു സംസ്കൃത പണ്ഡിതനാണ്. വിജയൻെറനേരെനോക്കി മന്ദഹാസം പൊഴിച്ചുകൊണ്ട് പണ്ഡിതൻ പറഞ്ഞു:—

'ഞാൻ അത് വായിച്ചു. കൊള്ളാം. വാക്യം രസാത്മകം കാവ്യം എന്ന മഹദ്വചനത്തെ നിങ്ങൾ ആദരിച്ചിട്ടുണ്ട്, ഞാൻ നിങ്ങളെ ഹാർദ്ദമായി അഭിനന്ദിക്കുന്നു. നിങ്ങൾ അനേകകാലം ജീവിച്ച് ഭാഷായോഷയെ അനുഗ്രഹിക്കുവാൻ ഇടയാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.'

അവർ രണ്ടുപേരും രണ്ടുവഴിക്കായി തിരിഞ്ഞു. ഏതാനും നിമിഷംകൂടി അവിടെത്തന്നെ നിന്നതിനുശേഷം വിജയനും നടന്നു.

എങ്ങോട്ടു പോകണമെന്നോ, അടുത്ത നേരത്തേയ്ക്കുള്ള ഭക്ഷണം എവിടെനിന്നു കിട്ടുമെന്നോ അയാൾക്ക് അറിഞ്ഞുകൂടാ. തലേന്നുതൊട്ട് അയാൾ പട്ടിണിയാണ്; കിടക്കുവാൻ ഇടമില്ലാത്തവനാണ്. ഹോട്ടൽക്കാരൻ അയാളെ തലേന്ന് ഹോട്ടലിൽനിന്നും ഇറക്കിവിട്ടു. രാത്രി ബീററുകാർ അയാളെ കണ്ടു. അയാൾ വിശക്കുന്ന വയറോടെ റോഡിൽ ഉലാത്തുകയായിരുന്നു. ഷേവുചെയ്യാത്ത മുഖവും മുഷിഞ്ഞവസ്ത്രവുംകണ്ടു സംശയിച്ചു ബീററുകാർ അയാളുടെ അടുത്തു ചെന്നു.

'ആരതു?' ഒരാൾ ചോദിച്ചു.

ഹാസ്യംനിറഞ്ഞ സ്വരത്തിൽ അയാൾ പറഞ്ഞു:—

'സാഹിത്യകാരൻ!'

'നിങ്ങൾ ഒരിക്കൽ മോഷണക്കുററത്തിന് ജയിലിൽ പോയിട്ടില്ലേ?'

'ഉണ്ട്. പക്ഷെ മോഷണക്കുററത്തിനല്ല'

'നിങ്ങളുടെ പേരു പറയണം'

'അനുഗൃഹീതകഥാകൃത്തായ വിജയൻ ഞാനാണ്. കേട്ടിട്ടില്ലേ?' അയാളുടെമുഖം വീണ്ടും ഹാസ്യനിർഭരമായി.

'ഈ അസമയത്ത് ഇങ്ങനെ നടക്കുന്നതെന്തിനു'

'ഒഴിഞ്ഞപീടികത്തിണ്ണകളില്ലാഞ്ഞിട്ട്. അവയെല്ലാം ഭിക്ഷക്കാരെക്കൊണ്ട് നിറഞ്ഞുകഴിഞ്ഞു.'

ബീററുകാർ പരസ്പരംനോക്കി. പിന്നീട്ട ഒന്നുംചോദിക്കാതെ അവർ നടന്നു. അയാൾ രാത്രി മുഴുവനും അങ്ങനെ ഉലാത്തി.

കാലത്തു നിറഞ്ഞ പ്രതീക്ഷയോടുകൂടിയാണ് അയാൾ അഞ്ചലാഫീസ്സിലേയ്ക്കു നടന്നതു്—അല്ല, ഓടിയതു്. ഒന്നുരണ്ടുപത്രമാഫീസുകളിൽനിന്നും അയാൾക്കു പണം വന്നുചേരാനുണ്ടായിരുന്നു. പക്ഷെ തകർന്ന ഹൃദയത്തോടെയാണ് അയാൾ മടങ്ങുന്നതു്.

സൂര്യൻ ആകാശത്തിൻെറ ഒത്ത നടുക്കെത്തി. ആ കഠിനമായ വെയിലത്തു് അയാൾ നടക്കുകയാണ്.

അയാളുടെ ശിരസ്സിനുള്ളിൽ ആത്മഹത്യയ്ക്കുള്ള ചിന്തകൾ കുതിച്ചു പൊങ്ങുകയായി. അല്പമകലെയുള്ള ആ വഴിയമ്പലവും, പനയ്ക്കൽകാവിൻെറ മദ്ധ്യത്തിലുള്ള ആ വലിയ വൃക്ഷവും അയാൾ ഭാവനയിൽ കണ്ടു. പലരും അവയെ ആത്മഹത്യയ്ക്കുള്ള സുഖവാസസ്ഥലങ്ങളായി ഉപയോഗിച്ചിട്ടുള്ളവിവരം അയാൾക്കു അറിയാം. പക്ഷെ ആ ഏതാനുംനിമിഷങ്ങൾ അനുഭവിക്കേണ്ടിവരുന്ന തീവ്രയാതനയെപ്പററി ഓർമ്മിച്ചപ്പോൾ അയാൾ നടുങ്ങി.

ദൂരെനിന്ന് ബാർബർ ശങ്കു നടന്നുവരുന്നതു് അയാൾ കണ്ടു. ശങ്കുവിന് 30 ഷേവിൻേറയും 5-മുടിവെട്ടിൻേറയും വേലക്കൂലി ചെല്ലാനുണ്ട്. ശങ്കു മുണ്ടിനു കേറിപ്പിടിക്കും. അയാൾ പരിഭ്രമത്തോടെ നാലുവശത്തും നോക്കി. അടുത്തുള്ള ഒരു കെട്ടിടത്തിൻെറ പിറകിൽ ഓടിച്ചെന്ന് അയാൾ ഒളിച്ചു. ശങ്കു അയാളെ കണ്ടില്ല. അയാൾ ദീർഘമായി ഒന്നു നിശ്വസിച്ചു.

അയാൾ വീണ്ടും റോഡിലിറങ്ങി. ഒരു ചുവട്ടുപോലും മുന്നോട്ടു വയ്ക്കുവാൻ ശക്തിയില്ല. വീണുപോകുമെന്ന് അയാൾക്കു തോന്നി. ശിരസ്സു വണ്ടിച്ചക്രംപോലെ കറങ്ങുന്നുണ്ട്.

ഒരു ഹോട്ടലിലെ എച്ചിൽവീപ്പയ്ക്കടുത്തിരുന്ന് ഒരു തെണ്ടിച്ചെറുക്കൻ ഉണ്ണുകയാണ്. അയാൾ അതു നോക്കിനിന്നു. ആ ചെറുക്കൻ ഓരോ ഉരുളച്ചോറും വായിലേക്കു കൊണ്ടുചെല്ലുമ്പോൾ അയാൾ സ്വയമറിയാതെ വാതുറന്നു അയാൾ ഉമിനീര് ഇറക്കി. ഒടുവിൽ രണ്ടുരുളച്ചോറ് ഇലയിൽ ശേഷിച്ചു. ചെറുക്കൻെറ വയറു നിറഞ്ഞ ലക്ഷണമുണ്ട്. അവൻ റോഡിലേക്കു നോക്കുകയാണ്. അവൻെറ കൂട്ടുകാരിൽ ആരെങ്കിലും നില്പുണ്ടോ എന്നു്. ആ രണ്ടുരുളച്ചോറ്!—അയാളുടെ വായിൽ വെള്ളം ഊറി. ചെറുക്കൻെറ കണ്ണുകൾ അയാളുടെ നേരേ പാഞ്ഞു. അയാൾ ഇലയിൽനോക്കി ഉമിനീരിറക്കുന്നതു അവൻ കണ്ടു.

"വേണേങ്കില് വാ!" അവൻ അയാളെ വിളിച്ചു. അയാൾ നടുങ്ങി. അയാൾ ചുററുംകണ്ണോടിച്ചു. ആരും അതുകണ്ടില്ല. അയാൾ വേഗം നടന്നുകളഞ്ഞു.

ദൂരെനിന്നു ഒരു ലോറി അതിവേഗത്തിൽ വരുന്നുണ്ട്. അതു അടുത്തെത്തുമ്പോൾ കുറുകെ ചാടിയാലോ എന്നു അയാൾ ആലോചിച്ചു. മരിക്കുന്നതാണു മാനമെന്നയാൾക്കുതോന്നി. അടുത്ത പ്രഭാതത്തിൽ പ്രസ്തുതവാർത്ത വെണ്ടയ്ക്കാ അക്ഷരത്തിൽ പ്രസിദ്ധപ്പെടുത്തുമെന്നു അയാൾക്കറിയാം. തുടർന്നു പലരും സ്മരണകൾ എഴുതും. വിലാപകാവ്യങ്ങൾ രചിക്കും. അയാളുടെ സ്മാരകം നിർമ്മിക്കുവാൻ പണപ്പിരിവുനടത്തും. അങ്ങനെ ആളുകൾ അയാളോടുള്ള കടമ നിർവഹിക്കും! ലോറി അടുത്തെത്തി. ഹോറൺവിളി മുഴങ്ങി. "മരിക്കൂ! മരിക്കൂ!" ആരോ പറയുന്നതായി അയാൾക്കുതോന്നി. അയാൾ അതിൻെറ മുമ്പിൽ ചാടുവാൻ തയാറായി. അയാൾ എണ്ണി. ഒന്ന്—രണ്ട്.—

പെട്ടെന്നു പിറകിൽനിന്നും ഒരു വിളി;

"ഹലോ!"

അയാളുടെ തോളിൽ ആരോ കരമർപ്പിച്ചു. ഒരു ഞെട്ടലോടെ അയാൾ തിരിഞ്ഞുനോക്കി.

"എന്നെ അറിയുകയില്ലേ?" തവളസ്വരത്തിൽ ആഗതൻ ചോദിച്ചു.

വിജയൻ നിശ്ശബ്ദമായിനിന്നു. ആഗതൻ ഒരു 'സിംബ'ളാണ്. രണ്ടുചെള്ളയിലും വീതുളിപോലെ കൃതാവു പണിഞ്ഞുവച്ചിട്ടുണ്ട്. പിറകോട്ടു ചീകിഇട്ടിട്ടുള്ള ചുരുളൻതലമുടി നട്ടെല്ലിൻെറ പകുതിവരെ തൂങ്ങിക്കിടക്കുന്നു. ഈർക്കിൽ വീതിയിലുള്ള മീശ കവിൾത്തടങ്ങളിൽ പടർന്നു കയറിയിരുന്നു. മസ്‌ലിൻ തുണികൊണ്ടുള്ള ജൂബയും മൽമൽമുണ്ടും ധരിച്ചിട്ടുണ്ട്. കൈയിൽ, വെള്ളികെട്ടിയ ഒരു ചൂരലുണ്ട്.

ആഗതൻ തവളസ്വരത്തിൽ വീണ്ടും ചോദ്യം ആവർത്തിച്ചു—"എന്നെ അറിയുകയില്ലേ?"

"ക്ഷമിക്കണം ഓർക്കുന്നില്ല."

"കഷ്ടം കലാകാരാ സംഗീതനാടകക്കമ്പനിയിലെ നായകനല്ലേ ഞാൻ! എന്നെ അറിയാത്തവർ ആരുണ്ട്? എൻെറ സംഗീതത്തെപ്പററി സ്തുതിച്ചു പറയാത്തവർ ആരുണ്ട്?

"പേരു്"

"കേരളഗാനതിലകം, കേരളകിട്ടപ്പാ, വി. എസ്സ്. എസ്സ്. മാർ! ഇപ്പോൾ ഓർക്കുന്നുണ്ടായിരിക്കും, അല്ലേ?"

ഗാനതിലകം തവളസ്വരത്തിൽ ഒന്നു പൊട്ടിച്ചിരിച്ചു

വിജയൻെറ കാലുകൾ തളരുകയാണ്. അയാളുടെ കണ്ണുകളിൽ പെട്ടെന്നു ഇരുൾ വ്യാപിച്ചു. ലോകം മുഴുവൻ കറങ്ങുന്നതായി അയാൾക്കുതോന്നി. അയാൾ റോഡിൽ വീണുപോയി.

"എന്തു്? എന്തുപററി?" ഗാനതിലകം ചോദിച്ചു.

ഏതാനും നിമിഷങ്ങൾക്കുശേഷം മാത്രമേ അയാൾക്കു സംസാരിക്കുവാനുള്ള ശേഷി ഉണ്ടായുള്ളു. അയാൾ പറഞ്ഞു:—

"ഓ, ഒന്നുമില്ല. ഒരു തലകറക്കം വന്നുപോയി."

അയാൾ എണീക്കുവാൻ ശ്രമിച്ചു. പക്ഷേ കാലുകൾ വിറച്ചു. ഒടുവിൽ സകലശക്തിയുമുപയോഗിച്ചു അയാൾ എണീററു.

ഒരു സിഗററെററടുത്തു അയാളുടെ നേരേ നീട്ടിക്കൊണ്ട് ഗാനതിലകം പറഞ്ഞു:—'ഒരു സിഗററു വലിക്കണം. ഒരു പുക വിട്ടുമ്പോൾ തലകറക്കം സ്റ്റേജിനുള്ളിൽ പമ്പകടക്കും.'

'വേണ്ട. നന്ദിപറയുന്നു. എന്നാൽ നമുക്കു പിന്നെക്കാണാം. എനിക്കു ഇപ്പോൾ അത്യാവശ്യമായി ഒരു സ്ഥലത്തേക്കു പോകേണ്ടിയിരിക്കുന്നു' വിജയൻ അറിയിച്ചു.

'ഹെയ്! അതുനടപ്പില്ല. അത്രവേഗം വിടാനാണോ ഞാൻ പിടികൂടിയതു്? കഴിഞ്ഞ ഒരാഴ്ചയായി ഞാൻ സാറിനെ തിരക്കി നടക്കുകയായിരുന്നു.'

'ഉം?'

'എനിക്കു കുറേ വാചകങ്ങൾ നിർമ്മിച്ചു തരണം. ഉച്ചരിച്ചാൽ പടക്കംപൊട്ടുന്നതുപോലിരിക്കണം. സ്റ്റേജിൽ പറയുവാനാണ്.'

വിജയൻ ഒരു അമ്പരപ്പോടെ പറഞ്ഞു:—'ഞാൻ വ്യസനിക്കുന്നു. എനിക്കതിനു കഴിവില്ല.'

വി. എസ്. എസ്. മാർ, പിന്നെയും നിർബന്ധിച്ചു:—'സാറു എന്നെ ഉപേക്ഷിക്കരുതു്. കുറഞ്ഞതു ഒരൻപതു വാചകമെങ്കിലും എഴുതിത്തന്നേയാകൂ. ഇതെൻെറ വയററുപിഴപ്പാണെന്നുള്ള കാര്യം ദയവുചെയ്തു മനസ്സിലാക്കണം.'

"ഞാൻ മനസ്സിലാക്കുന്നു. പക്ഷേ നിങ്ങളുടേയോ എൻേറയോ വയററുപിഴപ്പിനു വേണ്ടി ചലിക്കുന്ന ഒരു തൂലിക എൻെറ കൈവശമില്ലെന്നു പറയേണ്ടിവന്നതിൽ എനിക്കു ഖേദമുണ്ട്. എൻെറ വികാരങ്ങൾക്കല്ലാതെ എൻെറ തൂലികയെ ചലിപ്പിക്കുവാൻ സാദ്ധ്യമല്ല. അതിനാൽ നിങ്ങളുടെ ഉദ്ദേശ്യസാദ്ധ്യത്തിനുവേണ്ടി വല്ല മുൻഷിമാരേയും സമീപിക്കുകയെന്ന ഏകമാർഗ്ഗമേയുള്ളു."

"അതുകൊണ്ടു ഫലമില്ല, സാറെ. മുൻഷിമാരുടെ വാചകങ്ങൾ വലിയ നീളമുള്ളവയാ. ഒരെണ്ണം അവസാനംവരെ പറഞ്ഞുതീരുമ്പോൾ, പിന്നീടു കുറേനേരംനിന്നു കാളയേപ്പോലെ അണയ്ക്കണം. മാത്രമല്ല, അവന്മാരുടെ സാഹിത്യത്തിനു ഇന്നു വിലയുമില്ല, സാറെ. അതു കേൾക്കുമ്പോൾ ആഡിയൻസ് കോട്ടുവായിട്ടു തുടങ്ങും. അതലൊന്നും ജീവത്സാഹിത്യമില്ലാത്തതാണ് കാരണം."

"ജീവത്സാഹിത്യമോ?"

"ഉം. ജീവത്സാഹിത്യംതന്നെ. ജീവത്സാഹിത്യമെന്നുവച്ചാൽ പുതിയരീതിയിലുള്ള വാചകങ്ങളല്ലേ? അതുകൊണ്ടാ എനിക്കു ആ സാഹിത്യത്തോടു വലിയ പ്രേമം."

വിജയൻ, അവിടെനിന്നും ഓടിപ്പോയാലോഎന്നു ആലോചിച്ചു. അയാൾക്കു അതു സഹിക്കുവാൻ കഴിവില്ലാതായി.

"എന്നാൽ പിന്നെ കാണാം." എന്നുപറഞ്ഞു അയാൾ പോകുവാൻ ഭാവിച്ചു.

ഗാനതിലകം അയാളെ തടഞ്ഞു.

"സാറ് എന്നെ ഉപേക്ഷിക്കരുതു്." അയാൾ അപേക്ഷിച്ചു.

"നിവൃത്തിയില്ല. ഞാൻ യാത്ര പറയുന്നു" വിജയൻ നടന്നു. ഗാനതിലകം വീണ്ടും അയാളെ തടഞ്ഞുനിറുത്തി.

"എന്നാൽ—"

"ഉം?" വിജയൻ ചോദിച്ചു.

"എന്നാൽ—ഒരുവാചകത്തിനു മൂന്നണവീതം പ്രതിഫലം തരാം. എന്നാലെങ്കിലും സാറ് എഴുതിത്തരണം."

വിജയൻെറ നെററി ചുളിഞ്ഞു. പുരികങ്ങൾ വളഞ്ഞു കണ്ണുകൾ ചുമന്നു.

അതൊന്നും ശ്രദ്ധിക്കാതെ ഗാനതിലകം തുടർന്നു:—

"തല്ക്കാലം ഞാൻ പത്തുരൂപാ അഡ്വാൻസായി സാറിനു തരാം. മൂന്നു രംഗങ്ങളിൽ പ്രയോഗിക്കുവാനുള്ള വാചകങ്ങളാണ് എനിക്കു വേണ്ടതു്. ഒന്ന്, പ്രേമനൈരാശ്യത്താൽ കാമുകൻ കഠാരി എടുത്തു ആത്മഹത്യചെയ്യാൻ പോകുന്ന രംഗമാണ്. അപ്പോഴത്തെ വാചകങ്ങൾക്കു നല്ല കട്ടിയുണ്ടായിരിക്കണം, സാറെ. ഓരോന്നും പറഞ്ഞുതീരുമ്പോൾ അപ്ലാസു കിട്ടണം. മറെറാന്ന്, നായികനും വില്ലനും

(ശേഷം ൧൦-ാംപേജിൽ)

ചോരഭയം കൂടാതെ നിങ്ങളുടെ ധനം സൂക്ഷിക്കുവാൻ

N. S. കമ്മത്ത് & കമ്പനിയുടെ
ബലവും ഈടും ഭംഗിയുമുള്ള

ഇരുമ്പുപെട്ടികൾ
ആഫീസ് അലമാരകൾ
ഇരുമ്പുമേശപ്പെട്ടികൾ

വാങ്ങുവിൻ

മിതമായ വിലയ്ക്കു് എവിടെയും എപ്പോഴും എത്തിച്ചുകൊടുക്കുന്നതാണ്.

ഹെഡാഫീസ്:— കൊല്ലം. ബ്രാഞ്ച്:— ആലപ്പുഴ

## തൂലികയുടെ പിറകിൽ

---

(ഒൻപതാംപേജിൽനിന്നും തുടർച്ച)

തമ്മിൽ വഴക്കുണ്ടാകുന്ന രംഗമാണ്. വില്ലനെ ശപിക്കുന്ന വിധത്തിലുള്ള കുറെ വാചകങ്ങളാണ്. സാറെ, അവിടെ വേണ്ടത്. അവയിലെ വള്ളിപുള്ളിപോലും ജീവത്സാഹിത്യമായിരിക്കണം. എങ്കിലേ—"

"എങ്കിലേ—!" വിജയൻ പല്ലിറുമ്മി. "ഒരുതെയ്യതെ. എങ്കിലേ—" "നിറുത്തണം.' വിജയൻ ഗജ്ജിച്ചു. അയാൾ തുടർന്നുപറഞ്ഞു:—"ക്ഷമിക്കൂ. ഈ പ്രകാരമുള്ള കലാകൊലപാതകത്തിനു ഞാൻ തയ്യാറില്ല. നമസ്കാരം! നിങ്ങളേപ്പോലെയുള്ള നാടകക്കാരിൽനിന്നും കലാലോകത്തെ രക്ഷിക്കണമേ എന്നുള്ള പ്രാർത്ഥനയോടെ ഞാൻ പോകുന്നു"

വിജയൻ നടന്നു. ഗാനതിലകം സ്തംഭിച്ചുനിന്നു.

വഴിപോക്കരിൽ പലരും വിജയനെ തുറിച്ചുനോക്കി. കൂടെക്കൂടെ അയാൾ മറിഞ്ഞുവീഴാൻപോകുന്നതു അവർ കണ്ടു.

റോഡരുകിലുള്ള ഒരുകിണററിൽനിന്നും വെള്ളംകോരിക്കൊണ്ടുനിന്ന ഒരു വൃദ്ധയുടെ അടുത്തുചെന്നു അയാൾ കുറെ വെള്ളം വാങ്ങിച്ചുകുടിച്ചു. എന്നിട്ടു അയാൾ അടുത്തുള്ള ഒരാലിൻചുവട്ടിൽചെന്നു ഇരുന്നു. അവിടം വിജനമായിരുന്നില്ല. കുറച്ചകലെ മാറി ഒരുസംഘം യാചകന്മാർ ഇരിപ്പുണ്ട്. ഒരാൾ പൊട്ടക്കണ്ണനാണ്. ഒരാൾക്കു ഒരുകാലും മൂക്കുമില്ല. മറെറാരാൾക്കു കൈയില്ല. പൊട്ടക്കണ്ണൻ കഥ പറയുകയാണ്. അതു ഏതോ ഒരുനായയുടെ കഥയാണ്. മററുള്ളവർ അതു സശ്രദ്ധം കേൾക്കുന്നുണ്ട്. അതു ശോകാത്മകമായ കഥയാണെന്നു തോന്നുന്നു. ശ്രോതാക്കളുടെ കണ്ണുകൾ നിറഞ്ഞുകണ്ടു.

വിജയൻ ഇടയ്ക്കിടെ അങ്ങോട്ടു നോക്കി. കഥയുടെ ചില ഭാഗങ്ങൾ അയാളുടെ ചെവിയിലും പതിയുന്നുണ്ട്. പൊട്ടക്കണ്ണനു ആ നായയോടു വലിയ സ്നേഹമായിരുന്നു. അതു അവൻെറ കണ്ണായിരുന്നു. അതു അവനെ പലസ്ഥലങ്ങളിലും കൊണ്ടുപോയിട്ടുണ്ട്. കാലു കഴച്ചു അവൻ വല്ലിടത്തുംകിടക്കുമ്പോൾ അതു അവൻെറ കാലുനക്കി അവനെ സുഖിപ്പിച്ചിരുന്നു. ഒരുനാൾരാത്രി അതു പതിവില്ലാത്തവിധം അധികനേരം കിടന്നു കുരച്ചു. കുറേസമയം അതു അവൻെറ കാലോടു ചേർന്നുകിടന്നു ദയനീയമായി എന്തോ മുരമുറുത്തു; അതൊരു യാത്രപറച്ചിലായിരുന്നു. പൊട്ടക്കണ്ണൻ നിരുദ്ധകണ്ഠനായ. കഥയുടെ ശേഷംഭാഗം അവൻ പറഞ്ഞില്ല. അവിടെ ശോകാത്മകമായ ഒരു നിശ്ശബ്ദത വ്യാപിച്ചു.

കുറെ കഴിഞ്ഞപ്പോൾ ഒരുത്തി ഒരുചിരട്ടയിൽതീയുമായി അവിടെ വന്നു. കീറിപ്പറിഞ്ഞ ഒരുതോർത്തു ഉടുത്തിട്ടുണ്ട്. നെഞ്ഞു മറിച്ചിട്ടില്ല. മുഖംമുഴവനും മസൂരിക്കല നിറഞ്ഞതാണ്. തലമുടി കാററത്തു പാറിക്കൊണ്ടിരുന്നു. അവൾ സൌന്ദര്യത്തിൻെറ ഒരുശ്മശാനമാണ്.

അവൾ അവിടെ ഒരു അടുപ്പു കൂട്ടി. അടുത്തു കിടന്ന ചുള്ളിക്കമ്പുകൾ പെറുക്കി അടുപ്പിൽവച്ചു തീ കത്തിച്ചു. മണ്ടയുടഞ്ഞ ഒരുകലമെടുത്തു അടുപ്പത്തു വച്ചു.

അവൾ അവരോട നേരേ നോക്കി പറഞ്ഞു:—"അരിയെടുക്കിൻ!"

ഓരോരുത്തരും അവരവരുടെ ഭാണ്ഡമഴിച്ചു. എല്ലാംകൂടി മുന്നാഴി അരിയോളം വരും. അവൾ അതെല്ലാമെടുത്തു കലത്തിലിട്ടു

വിജയൻ അവിടെ കിടപ്പായി. അയാളുടെ കണ്ണുകൾ അടഞ്ഞിരുന്നു. അയാൾ ഉറങ്ങുകയല്ല. എന്നാൽ ഉണർവോടെ കിടക്കുകയുമല്ല. ക്ഷീണാധിക്യത്താൽ അയാൾ ബോധശൂന്യതയിലേക്കു നീങ്ങുകയാണ്. അയാളുടെ ശരീരം നിശ്ചേഷ്ടമായിരുന്നു.

ആ അവസ്ഥയിൽ എത്രനേരം കിടന്നുവെന്നു അയാൾക്കു അറിഞ്ഞുകൂടാ. ആരോ അയാളെ കുലുക്കിവിളിച്ചു. ആരോ അയാളുടെ മുഖത്തു പച്ചവെള്ളം തളിച്ചു. അയാൾ കണ്ണുതുറന്നു. രണ്ടുകണ്ണുകൾ അയാളെ സൂക്ഷിച്ചുനോക്കുന്നുണ്ട്. ആ നോട്ടത്തിൽ നിറഞ്ഞ സഹതാപമുണ്ട്. അതു അവളാണ്—ആ യാചകി!

"കഞ്ഞിവേണോ?" അവൾ പയ്യെ ചോദിച്ചു.

അയാൾ എണീററിരിക്കുവാൻ ശ്രമിച്ചു. പക്ഷേ അയാളുടെ ശ്രമം വിഫലമായി. അയാൾ കിടന്നുകൊണ്ടു തന്നെ ചുററും കണ്ണോടിച്ചു. അവിടെ കൂടിയിരുന്ന യാചകന്മാരെല്ലാം പൊയ്ക്കഴിഞ്ഞിരുന്നു. സൂര്യൻ അസ്തമിച്ചിട്ടു അധികംനേരമായി. ഇരുട്ട്, കരിമ്പടവുമായി മെല്ലെമെല്ലെ വരികയാണ്.

'കഞ്ഞിവേണോ?' അവൾ വീണ്ടും ചോദിച്ചു.

'ഉം' അയാൾ ക്ഷീണിച്ചസ്വരത്തിൽ മൂളി.

അവൾ എണീറുചെന്ന് ഒരു ചട്ടിയിൽ കഞ്ഞിയുമായി വന്നു, അവൾ അയാളെ താങ്ങി എഴുന്നേല്പിച്ചു.

കഞ്ഞികുടിച്ചുകഴിഞ്ഞപ്പോൾ അയാളുടെ ക്ഷീണം ഒരുവിധം മാറി. അയാൾ കൃതജ്ഞതയോടെ അവളെ നോക്കി.

'ഞാൻ ഇതു മറക്കുകയില്ല.' അയാൾ പറഞ്ഞു. അയാളുടെ കണ്ണുകൾ നിറഞ്ഞുപോയി.

ഏതാനുംനിമിഷത്തെ നിശ്ശബ്ദതയ്ക്കുശേഷം അവൾ ചോദിച്ചു—

'നോക്കാനാരുമില്ലേ?'

'ഉണ്ട്. അനേകായിരംപേരുണ്ട്. പക്ഷെ എൻെറ മരണത്തിനുശേഷംമാത്രമേ അവർ എനിക്കുവേണ്ടി എന്തെങ്കിലും ചെയ്യുകയുള്ളൂ.'

അവൾ അയാളെ തുറിച്ചുനോക്കി. അവൾക്ക് ഒന്നും മനസ്സിലായില്ല.

അയാൾ എണീറുനിന്നു. ഒരിക്കൽകൂടി അയാൾ അവളോടു നന്ദിപറഞ്ഞു. എന്നിട്ട് അയാൾ നീണ്ടുകിടന്ന പാതയിലൂടെ മുന്നോട്ടു നടന്നു.

പട്ടണം വിജനമായിക്കഴിഞ്ഞിരുന്നു. സമയം പതിനൊന്നുമണിയായിട്ടുണ്ട്. അയാൾ ഒരു ഇലക്ട്രിക്കുപോസ്റ്റിൻെറ ചുവട്ടിൽ നിൽക്കുകയാണ്.

അയാൾ പോക്കററിൽനിന്നും അഭിനന്ദനക്കത്തുകൾ വെളിയിലെടുത്തു. അടുത്തുള്ള ഒരു ബീടിക്കടയുടെ മുമ്പിൽ അയാൾ നടന്നുചെന്നു. ഉറങ്ങിക്കിടന്ന കച്ചവടക്കാരനെ വിളിച്ചുണർത്തിയിട്ടു് അയാൾ പറഞ്ഞു—

'കുറെ കടലാസുണ്ട്, വേണോ? അരയ്ക്കാൽറാത്തലോളംവരും. പകരം ബീടി തന്നാൽ മതി.'

കച്ചവടക്കാരൻ അതു വാങ്ങി. പ്രതിഫലമായി നാലു ബീഡി കൊടുത്തു. അയാൾ ഒരെണ്ണമെടുത്തു കത്തിച്ചു. ശേഷിച്ചതു് പോക്കററിലിട്ടു നടന്നു.

അയാൾക്കു ഒരു ഒഴിഞ്ഞ പീടികത്തിണ്ണ ആവശ്യമുണ്ട്. അവസാനം അയാൾക്ക് അതു കിട്ടി. ഒരാൾക്ക് കഷ്ടിച്ചു ചുരുണ്ടുകൂടിക്കിടക്കുവാൻ സ്ഥലമുണ്ടായിരുന്നു.

അയാൾ തിണ്ണയിൽ കേറിക്കിടന്നു. അയാൾ മരിച്ചുകഴിയുമ്പോൾ, അയാളുടെ ആരാധകർ അനേകായിരംരൂപാ ചിലവഴിച്ചു് മാർബിൾക്കല്ലുകൾകൊണ്ടു നിർമ്മിച്ചിട്ടുള്ള ഒരു മന്ദിരത്തനകത്തു് അയാളുടെ ഒരു ദീർഘകായപ്രതിമ പ്രതിഷ്ഠിക്കാതിരിക്കുകയില്ല. അന്നു് അയാൾക്കു ഓടയിൽനിന്നും വീശുന്ന ദുർഗ്ഗന്ധംനിറഞ്ഞകാററു ശ്വസിക്കേണ്ടിവരികയില്ല. മഞ്ഞും മഴയും ഏല്ക്കേണ്ടിവരികയില്ല. ജീവിതാവശ്യങ്ങൾക്കുവേണ്ടി അലഞ്ഞുതിരിയേണ്ടിവരികയില്ല. അതെല്ലാമോർത്തു അയാൾക്കു എന്തുകൊണ്ടു് ആശ്വസിച്ചുകൂടാ?

—൦—


### "പ്രതിഭ"

മഹാപ്രൗഢയായ 'സുപ്രഭ'യുടെ ഗാംഭീര്യവും പരമസുന്ദരനായ 'പ്രകാശ'ത്തിൻെറ മഹാപ്രകാശവും ഒന്നിച്ചിണങ്ങി ലസിക്കുന്ന ഒരു മഹാകുലീനയായ ചെറുസുന്ദരിയെ കണ്ടു് ആനന്ദിക്കണമെങ്കിൽ ശ്രീ. മുൻഷി പരമുപിള്ളയുടെ പ്രതിഭ വാങ്ങിവായിക്കുക. വില രൂ. 1

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.



# കൺട്രോൾ വിലയ്ക്കു
# കടലാസ്സും
# കാഡ്ബോഡും
## നിങ്ങൾക്കിപ്പോൾ ലഭിക്കും

പേപ്പർ കൺട്രോൾ (എക്കോണമി), പേപ്പർ കൺട്രോൾ (ഡിസ്ട്രിബ്യൂഷൻ), ഈ ആർഡറുകളിലെ നിബന്ധനകളെ പോഷിപ്പിക്കുന്നതിനുവേണ്ടി, ഇന്ത്യാഗവർമ്മെണ്ടിൻെറ ഇൻഡസ്ട്രീസ് & സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെൻറിൽനിന്നും താഴെ പറയുന്ന ചട്ടങ്ങൾകൂടി ഏർപ്പെടുത്തിയിരിക്കുന്നു.

1. സ്ട്റാബോർഡും, മിൽബോർഡും ഒഴിച്ചു്, ഇപ്പോൾ ഇൻഡ്യയിൽ ഉണ്ടാക്കാൻ അനുവദിച്ചിട്ടുള്ള എല്ലാംത്തരം കടലാസ്സുകളേയും, ബോർഡുകളേയും സംബന്ധിക്കുന്ന 1944-ലെ പേപ്പർ പ്രൈസ് കണ്ട്റോൾ ആർഡർ.

2. ഇൻഡ്യയിലുണ്ടാകുന്ന സ്ട്റാബോർഡിനേയും മിൽബോർഡിനേയും സംബന്ധിച്ച 1944-ലെ പേപ്പർ കണ്ട്റോൾ (ബോർഡുകളുടെ വിലനിയന്ത്രണം) ആർഡർ.

ഈ ചട്ടങ്ങളുടെ ഉദ്ദേശ്യം വാങ്ങുന്നവർക്ക് ആവശ്യസാധനങ്ങൾ ന്യായമായ വിലയ്ക്കു് ലഭിക്കുക എന്നതാണ്.

## താഴെ പറയുന്നവയാണ് ഇതിലെ പ്രധാന നിബന്ധനകൾ.

മില്ലുകളിൽനിന്ന് പ്രധാനപ്പെട്ട സ്ഥലങ്ങളിലേക്ക് തീവണ്ടിയിൽ എത്തിക്കുന്നതിനാൾപ്പെടെയുള്ള മിൽ വില ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. മൊത്തവിലയ്ക്കും ചില്ലറവിലയ്ക്കും യഥായോഗ്യം 10-ശതമാനവും, 25-ശതമാനവും കൂടുതൽ വില നിശ്ചയപ്പെടുത്തിയിട്ടുണ്ട്.

ഈ ആർഡറിൽ നിശ്ചയിച്ചിട്ടുള്ള വിലയിൽ കൂട്ടി, പട്ടികയിൽ ചേർന്ന തരങ്ങൾ ഒരു മില്ലുടമസ്ഥനും വ്യാപാരിയും വില്ക്കാൻ പാടില്ല.

കടലാസ്സോ കാർഡുബോർഡോ വില്ക്കുന്ന ഓരോ വ്യാപാരിയും അയാളുടെ ഷാപ്പിൽ മൊത്തവിലയുടേയും, ചില്ലറവിലയുടേയും പട്ടിക കാണത്തക്കവണ്ണം വച്ചിരിക്കുകയും, ആവശ്യപ്പെട്ടാൽ കാണിക്കുകയും ചെയ്യേണ്ടതാണ്.

ഈ ആർഡർ അനുസരിച്ചു് കൂടുതൽ വിലയ്ക്കു വില്ക്കുന്നതുമാത്രമല്ല അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ വില കൊടുത്തു വാങ്ങുന്നതും കുററകരമാണെന്നു് നിങ്ങൾ ഓർമ്മിച്ചു കൊള്ളണം.

പട്ടികയിൽചേർത്ത തരങ്ങളുടെ പൂർണ്ണവിവരങ്ങളും, മിൽ ഡെ. ഓ. ആർ ഡസ്റ്റിനേഷൻ വിലകളും, 1944-ലെ പേപ്പർ പ്രൈസ് കണ്ട്റോൾ ആർഡറിലും, പേപ്പർ കണ്ട്റോൾ (ബോർഡുകളുടെ വിലനിയന്ത്രണം) ആർഡറിലും വിവരിച്ചിട്ടുണ്ട്. കാപ്പികൾ—മാനേജർ ഓഫ് പബ്ലിക്കേഷൻസ്, സിവിൽ ലൈൻസ്, ഡൽഹിയിൽനിന്നോ, ഗവമ്മെൻറ പ്രസിദ്ധീകരണങ്ങൾ വില്ക്കുന്ന ഏതെങ്കിലും ഏജൻറന്മാരിൽനിന്നോ ലഭിക്കുന്നതാണ്.

ഓരോ ആർഡറിനും കാപ്പി ഒന്നുക്ക് വില 1 അ.

കാര്യങ്ങൾ മനസ്സിലാക്കുക
നിങ്ങളുടെ അവകാശങ്ങൾ ചോദിച്ചു വാങ്ങുക

ഡിപ്പാർട്ടുമെൻറ് ഓഫ് ഇൻഡസ്ട്റീസ് & സിവിൽ സപ്ലൈസ്
ന്യൂ ഡൽഹി.

AAA—1214 ML



# ൧൧൧ ദിവസത്തെ
# ആട്ടക്കഥകൾ

വില രൂപാ ൪ൽ മാത്രം.

മാനേജർ, ശ്രീരാമവിലാസം പ്രസ്സ്—കൊല്ലം.

## ലക്ഷ്മീകാന്ത കൊലക്കേസ്

(൧൨-ാംപേജിൽനിന്നും തുടർച്ച)

യാനന്ദനേയും പിന്നീട്ട രണ്ടാംപ്രതിയേയും ഞാൻ കാണിച്ചുകൊടുത്തു.''

മി. മുൻഷി ക്രാസ് ആരംഭിച്ചു.

''ഞാൻ ൧-൩൦-ന സ്റ്റേഷനിൽ പോയി. ഇൻസ്പെക്ടരുടെ പേരു വക്കീൽ പറഞ്ഞുതന്നില്ല. ഇൻസ്പെക്ടർ ഒരു തമിഴനാണെന്നു തോന്നി. ''ഇൻസ്പെക്ടർഎന്നെ വിളിച്ചു വക്കീൽ പറഞ്ഞയച്ചയാളാണോ'' എന്നുചോദിച്ചതായി കീഴ്ക്കോടതിമൊഴിയിൽ എഴുതിയിട്ടുണ്ടെങ്കിൽ അതു എഴുതിയആളിൻെറ തെററാണ്. ഞാൻ തമിഴിലാണ് മൊഴികൊടുത്തതു്. അതു ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തിയതിൽ പിശകു പററിയിരിക്കാം.''

''ചോ—കാരണമൊന്നും ചോദിച്ചില്ല. കീഴ്ക്കോടതിയിൽ അങ്ങിനെ പറഞ്ഞില്ലേ? ഉ—ഓർമ്മയില്ല.

ജഡ്ജി—ഇൻസ്പെക്ടർ തമിഴനാണോ? ഉ—തമിഴനാണെന്നുതോന്നി. പക്ഷേ കേശവമേനോനാണെന്നു ഇപ്പോൾ അറിയാം.

ചോ—പിണ്ണാക്കുവാങ്ങുമ്പോൾ എന്തു സമയമായിരിക്കും? ഉ—൯-[illegible]ായിരിക്കും. ഉദ്ദേശമാണ്. വാച്ചോ [illegible]മില്ലായിരുന്നു.

ചോ—൯ മണി ആയിരുന്നുകൂടെ? ഉ—അല്ല.

ചോ—പത്തു മണിയായിരുന്നുകൂടേ? ഉ—ഇരിക്കയില്ല.

ചോ—എന്തു നിശ്ചയം? ഉ—പത്തുവിനെ കറക്കുന്ന സമയമായതുകൊണ്ടറിയാം.

കോടതി—എപ്പോഴാണ് പത്തുവിനെ കറക്കുന്നതു്? ഉ—ഏഴുമണിക്കു കറന്നാൽ പിന്നെ പത്തുമണിയ്ക്കും പതിനൊന്നിനോ കറക്കും.

ചോ—൧൦-൧൫-൧൫ മണിക്കു കടയിൽ പോയതായി കീഴ്ക്കോടതിയിൽ പറഞ്ഞില്ലേ? ഉ—ഇല്ല. 'ഉദ്ദേശം' എന്നാണു പറഞ്ഞതു്.

''ഞാൻ നിന്നിടത്തുനിന്നു വെങ്കിടാചലമുതലിത്തെരുവു കാണാം. കടയുടെ എതിർവശത്തുനിന്നാൽ നെല്ലുച്ചല്ലടത്തെരുവിൻെറ ഒരു ഭാഗവും വെങ്കിടാചലമുതലിത്തെരുവുമുഴുവനും കാണാം. ട്രാംലൈൻ കാണാൻ സാധിക്കയില്ല. ട്രാം പോകുന്നതു കാണാം.''

മി. മുൻഷി—നിങ്ങൾ പറയുന്നിടത്തുനിന്നാൽ വെങ്കിടാചലമുതലിത്തെരുവുവഴി അവർ ഓടിയതു കാണാൻ സാധിക്കയില്ലെന്നു ഞാൻ പറയുന്നു.

സാക്ഷി—കാണാൻ സാധിക്കും. വേണമെങ്കിൽ ഞാൻ നിങ്ങളെ വിളിച്ചുകൊണ്ടു പോയി കാണിക്കാം.

ജഡ്ജി—വേണ്ട. ഞാൻ പോയി കണ്ടിട്ടുണ്ടല്ലൊ.

കോടതി ലഞ്ചിനു പിരിഞ്ഞു.

* * *

ലഞ്ചിനുശേഷം മി. മുൻഷി വിസ്താരം തുടർന്നു.

''ഞാൻ അരമണിക്കൂർ കടയുടെ മുൻപിൽ നിന്നു. മൂന്നുപേർ വരുന്നതു കണ്ടു. വേഗം നടക്കുകയായിരുന്നു.''

ചോ—''ഫോട്ടോ പിടച്ചപോലെ'' അവരുടെ മുഖം മനസ്സിൽ പതിഞ്ഞോ? ഉ—പതിഞ്ഞു. മൂന്നാമൻെറ മുഖം ഞാൻ ശ്രദ്ധിച്ചില്ല. മദനഗോപാലിനോടു സംസാരിച്ചതു കാത്തായാളാണ്. (ജയാനന്ദൻ) പാലിൻെറ സംഗതിയെപ്പററിയും ഞാനും മദനഗോപാലും മററുമായി സംസാരിച്ചു. ൪൦ പടി പാൽ മദനഗോപാൽ 'സപ്ലൈ'ചെയ്യുന്നുണ്ട്. മൂന്നുപേരും തന്നോടു സംസാരിച്ചതായി മുനിസ്വാമി പറഞ്ഞു. തന്നോട്ട് മൂന്നുപേരും സംസാരിച്ചസംഗതി അയാൾ മദനഗോപാലിനോടു പറഞ്ഞതായി ഞാൻ കേട്ടില്ല. മദനഗോപാലാണ് എന്നെ വക്കീലിൻെറ വീട്ടിൽ വിളിച്ചുകൊണ്ടുപോയതു്. വീണ്ടും അയാൾ വൈകിട്ടു വന്നു. പത്താംതീയതിയും അയാളാണു വക്കീലിൻെറ വീട്ടിൽ എന്നെ വിളിച്ചുകൊണ്ടുപോയതു്.''

മി. വീരരാഘവൻ സാക്ഷിയെ രണ്ടാം പ്രതിയ്ക്കുവേണ്ടി ക്രാസുചെയ്തു.

7-ഉം 8-ഉം പ്രതികൾക്കുവേണ്ടി ക്രാസ്

ചോ—മി. നർഗ്ഗുണത്തിനു പാൽസപ്ലൈ ചെയ്യുന്നുണ്ടോ? ഉ—ഇല്ല.

ചോ—ലക്ഷ്മീകാന്തത്തിനെ അറിയുമോ? ഉ—പരിചയമുണ്ട്.

ചോ—'തമിഴ് ഉലകം' പത്രാധിപരുടെ കേസിൽ ലക്ഷ്മീകാന്തത്തിനുവേണ്ടി സാക്ഷിയെഴുതിയിട്ടില്ലെ? ഉ—ഇല്ല.

ചോ—സാക്ഷിഎഴുതണമെന്നാവശ്യപ്പെട്ടില്ലേ? ഉ—ഇല്ല.

ചോ—സാക്ഷിപ്പട്ടികയിൽ ചേർത്തിരുന്നതായി അറിയാമോ? ഉ—അറിഞ്ഞുകൂടാ.

ചോ—വേറെ ഏതു കേസ്സിലെങ്കിലും സാക്ഷി എഴുതിയിട്ടുണ്ടോ ഉ—ഇല്ല.

ചോ—പിണ്ണാക്കും മററും വാങ്ങി വീട്ടിൽ കൊണ്ടുവച്ചിട്ട തിരിച്ചുവന്നില്ലേ? ഉ—നോക്കാൻ വെളിയിൽവന്നു.

''പാല്ക്കാരൻ പാല്ക്കറന്നുവച്ചിരുന്നു. ഉടൻതന്നെ എടുത്തുകൊണ്ടിറങ്ങി. ഒൻപതുമണിയായിരിക്കും വക്കീലിൻെറ വീട്ടിൽനിന്നും സ്റ്റേഷനിലേയ്ക്കു നാലുഫർലാംഗുദൂരം വരും. ൧൦-ാംനു ൯-൩൦ ന ഇൻക്വസ്റ്റ് നടക്കുമെന്നറിഞ്ഞുകൂടായിരുന്നു.'

ഇതോടുകൂടി ചിട്ടിബാബുവിൻെറ വിസ്താരം സമാപിച്ചു

### മി. കൃഷ്ണമാചാരിയുടെ മൊഴി

അടുത്ത സാക്ഷി ആണററിമജിസ്ത്രേട്ടു മി. കൃഷ്ണമാചാരിയായിരുന്നു.

''൧൧-ാംനു-വൈകിട്ടു ൪-൪൫-ന ക്രൈംബ്രാഞ്ചുഇൻസ്പെക്ടരുടെ ആവശ്യപ്രകാരം ഞാൻ അടയാളവിചാരണ നടത്തി. പുള്ളി ജയാനന്ദനായിരുന്നു. സാക്ഷികൾ മുനിസ്വാമിയും ചിട്ടിബാബുവുമായിരുന്നു. അവർ എ. ആർ. പി. ഷെൽട്ടറിലായിരുന്നു. മുനിസ്വാമി താൻ എട്ടാംതീയതി കണ്ടയാൾ ഇതാണെന്നു ജയാനന്ദനെ ചൂണ്ടിക്കാണിച്ചു, മുനിസ്വാമിയെ സ്റ്റേഷനു പിറകിൽ പറഞ്ഞയച്ചു. ജയാനന്ദനെ സ്ഥലംമാററിനിറുത്തി. ഈ പ്രാവശ്യവും സാക്ഷി ആളെ ചൂണ്ടിക്കാണിച്ചു.''

രണ്ടുസാക്ഷികളും പ്രതിയെ തിരിച്ചറിഞ്ഞവിവരം സാക്ഷി ബോധിപ്പിച്ചു ''അടുത്തദിവസം ൨-൧൫-ന മറെറാരു അടയാളവിചാരണ നടന്നു. മദനഗോപാലൻ ജയാനന്ദനെ അടയാളംകണ്ടു കാണിച്ചുതന്നു. ഏഴുപേരെ നിറുത്തി ഇടയ്ക്കു നാലാമതായി ജയാനന്ദൻ നിന്നു. പിന്നീട്ട അയാളെ ആറാമതായി നിറുത്തി. ഈ പ്രാവശ്യം സാക്ഷി ആളിനെ കണ്ടുപിടിച്ചു. ൨-൩൫-ൽ മറെറാരു അടയാളവിചാരണനടത്തി. നാഗലിംഗത്തിനെ ഗോപാൽ, ചിട്ടിബാബു, മദനഗോപാൽ, മുനിസ്വാമിഎന്ന നാലുപേരും തിരിഞ്ഞുപിടിച്ചുചൂണ്ടിക്കാണിച്ചു.'' അടയാളവിചാരണച്ചടങ്ങുകൾ നടത്തിയവിധംമുഴുവൻ സാക്ഷി വിവരിച്ചു.

മി. മുൻഷി സാക്ഷിയെ ക്രാസ്സുചെയ്തു.

''വിചാരണ നടന്നസമയം മുഴുവനും കേശവമേനോനുംസബ്ഇൻസ്പെക്ടർ രാമനുജവും എൻെറകൂടെ ഉണ്ടായിരുന്നു. രണ്ടു മൂന്നു പോലീസുകാരും ഉടുപ്പില്ലാതെ മററു രണ്ടുപേരുംകൂടി ഉണ്ടായിരുന്നു. മൂന്നുപേർക്ക് അടയാളവിചാരണ നടത്താനുണ്ടെന്ന് അവിടെചെന്നശേഷമേ ഞാനറിഞ്ഞുള്ളു.''

ചോ—മൂന്നുപേരെയും ഒന്നിച്ചുനിർത്തിആകാമായിരുന്നില്ലേ? ഉ—ജയാനന്ദനെ ഒരാൾമാത്രം കണ്ടുപിടിച്ചാൽ മതിയായിരുന്നു.

ചോ—ആ സാക്ഷി രാജബാത്തരെയും നാഗലിംഗത്തെയുംകൂടി കണ്ടുപിടിയ്ക്കേണ്ടിയിരുന്നില്ലേ? ഉ—വേണ്ടിയിരുന്നു.

ചോ—അവരെ എന്തുകൊണ്ട് ഒന്നിച്ചു നിർത്തിയില്ല. ഉ—അതെനിയ്ക്കറിഞ്ഞുകൂടാ.

ചോ—സാധാരണ അങ്ങിനെയാണോ പതിവ്?

ചോ—എഗ്മൂർ‌സ്റ്റേഷൻെറ പിറകിൽ ഒരു കതകില്ലേ? ഉ—ഉണ്ട്.

ചോ—അതടച്ചിരുന്നോ എന്ന് ശ്രദ്ധിച്ചോ? ഉ—ഇല്ല.

ചോ—അതിനടുത്തല്ലേ ലാക്കപ്പ്? ഉ—അതേ അടുത്ത ഹാളാണ്.

ജഡ്ജി—മുൻഹാളിൽനിന്നാൽ ലാക്കപ്പ് കാണാമോ? ഉ—സാധിക്കയില്ല.

ചോ—മദ്ധ്യഹാളിൽ രണ്ടു ജനലുകളുണ്ട്? ഉ—എനിയ്ക്കറിഞ്ഞുകൂടാ.

ചോ—വിചാരണകഴിഞ്ഞു സാക്ഷിയെ സ്റ്റേഷനുപിറകിൽ അയച്ചതായി മുൻപു ബോധിപ്പിച്ചല്ലോ? അയാൾ ലാക്കപ്പു കടന്നല്ലേ പോയിരിക്കാൻ തരമുള്ളു? ഉ—ഇല്ല. മുൻപിൽക്കൂടിയാണു അയച്ചതു്.

ചോ—വിചാരണനടത്തിയവരുടെ പേരും മററും കുറിച്ചോ? ഉ—ഇല്ല. അതിൽ പിന്നീട്ട നടന്ന വിചാരണകളിലും കുറിച്ചില്ല.

മി. ഷരീഫ് നടത്തിയ വിചാരണയിൽ പേരും മേൽവിലാസവും കുറിച്ചിട്ടുണ്ടെന്നു മി. രാജഗോപാലാചാരി അനുസ്മരിപ്പിച്ചു.

മി. രാജഗോപാലാചാരി—സാക്ഷികളെല്ലാം യാതൊരു സങ്കോചവുംകൂടാതെ പ്രതികളെ കാണിച്ചുതന്നോ? ഉ—കാണിച്ചുതന്നു.

ഏഴും എട്ടും പ്രതികൾക്കുവേണ്ടി മി. സുന്ദരരാജൻ ക്രാസാരംഭിച്ചു.

ചോ—ക്രൈംബ്രാഞ്ചിൽനിന്നും എപ്പോൾ അറിവു കിട്ടി? ഉ—രാവിലെ ൯, ൧൦ മണിയായിരിക്കും.

ചോ—വിചാരണയ്ക്കു പ്രതികളോടുകൂടി നിന്ന മററുള്ളവർ സാക്ഷികൾക്കു പരിചയമുള്ളവരാണോ അല്ലയോഎന്നു നിങ്ങൾക്കറിയാമോ? ഉ—അറിഞ്ഞുകൂടാ.

ചോ—അവസാനവിചാരണയിൽ രാജബാത്തരെ കണ്ടുപിടിച്ചില്ലേ? ഉ—കണ്ടുപിടിച്ചു.

ചോ—അടുത്തപ്രാവശ്യം അയാൾ അതിനു സന്നദ്ധനായില്ല? ഉ—ഇല്ല.

ചോ—എന്തുകൊണ്ടാണെന്നു നിങ്ങൾ ചോദിച്ചോ? ഉ—ഇല്ല.

ജൂറർമാർ—സാക്ഷിയോടു ആരെ കണ്ടുപിടിക്കാനാണ് പറഞ്ഞതു്? ഉ—എട്ടാംതീയതി ഓടിയ ആളിനെ കണ്ടുപിടിക്കാൻ പറഞ്ഞു.

ചോ—മറെറാന്തെങ്കിലും പിന്നീട്ട ചോദിച്ചോ? ഉ—ഇയ്യാളാണെന്നു നിശ്ചയമായി പറയാൻ സാധിക്കുമോഎന്നു ചോദിച്ചു. സാധിക്കുമെന്നു മറുപടിയും പറഞ്ഞു.

ചോ—സാക്ഷികൾ ഉടൻ അടയാളം കണ്ടുപിടിച്ചോ? ഉ—കണ്ടുപിടിച്ചു. ഉടൻതന്നെ.

ചോ—ഈ എ. ആർ. പി. സങ്കേതത്തിനും സ്റ്റേഷൻഹാളിനുംതമ്മിൽ എന്തു ദൂരംവരും? ഉ—ഉദ്ദേശം മുപ്പതുഗജം.

ചോ—സാക്ഷികളെ ആരാണ് വിളിച്ചുകൊണ്ടുവന്നതു്? ഉ—പോലീസുകാർ.

മി. രാജമന്നാർ—സ്റ്റേഷനു മുൻവശത്തു ഒരു എ. ആർ. പി. ചുവരില്ലേ? ഉ—ഉണ്ട്. റോഡിൽനിന്നാൽഒന്നും കാണാൻ സാധിക്കയില്ല.

ജഡ്ജി—അപ്പോൾ സാക്ഷികൾ റോഡിൽനിന്നു ഒന്നും കണ്ടിരിക്കാൻ ഇടയില്ലായിരിക്കും. ഉ—ഇടയില്ല.

ഇതോടുകൂടി ഇന്നത്തെ നടപടികൾ അവസാനിച്ചു. വെള്ളിയാഴ്ച കോടതി അവധിയാകകൊണ്ടു വിസ്താരം ശനിയാഴ്ച തുടരുന്നതാണ്. കമലാനാഥനെ മിയ്ക്കവാറും അന്നുതന്നെ വിസ്തരിക്കുന്നതാണെന്നു പ്രതീക്ഷിക്കുന്നു.

## റൈസമ്മേളനം

(5-ാംപേജിൽനിന്നും തുടർച്ച)

വാണിജ്യത്തെയും ഇന്ത്യയുടെ നയതന്ത്രപരമായ സ്ഥാനവിശേഷത്തെയും നാഷനൽ ഡിഫൻസിൻെറ ആവശ്യങ്ങളെയും ആസ്പദമാക്കി നോക്കുമ്പോൾ ഇന്ത്യൻ കച്ചവടക്കപ്പലുകളുടെ ദുരാവസ്ഥ ചൂണ്ടിക്കാണിക്കപ്പെടുകയും കപ്പൽഗതാഗതവും വ്യോമഗതാഗതവും സംബന്ധിച്ചുള്ള ഇന്ത്യയുടെ കാംക്ഷിതങ്ങൾ കാൺഫറൻസിൽ പ്രതിപാദിക്കപ്പെടുകയുംചെയ്തു അതുപോലെതന്നെ അസംസ്കൃത വിഭവങ്ങൾ ഭക്ഷ്യസാധനങ്ങൾ എന്നിവ സംബന്ധിച്ചും ഇന്ത്യയുടെ മനോഗതി എന്തെന്നു വിശദമാക്കപ്പെട്ടു. വളർച്ച പ്രാപിച്ചിട്ടില്ലാത്ത ഇന്ത്യയെപ്പോലെയുള്ള ഒരുരാജ്യത്തിനു സ്വന്തവിഭവങ്ങൾ സ്വയം വിനിയോഗിക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നും അത്യന്തം വ്യവസായവികാസം പ്രാപിച്ചിട്ടുള്ള രാജ്യങ്ങളുടെ ഗുണത്തിനുവേണ്ടി നിരർത്ഥകമായ ഉല്പാദനനിയന്ത്രണം, അസംസ്കൃതവിഭവങ്ങളുടെ കയററുമതി എന്നിവയ്ക്കു അന്തരം രാജ്യത്തെ നിർബന്ധിക്കരുതെന്നും ഡെലഗേഷൻ വാദിച്ചു. സ്വകാര്യവ്യാപാരോദ്യമം എന്ന പ്രശ്നത്തെ സംബന്ധിച്ചതന്നെയും ഇന്ത്യൻവ്യാപാരികളിൽ ഉദാരദൃഷ്ടികളുടെയെങ്കിലും വീക്ഷണഗതിയും പൊതുവെ ജനാഭിപ്രായഗതിയും തമ്മിൽ പുറമേ കാണുന്നതിനേക്കാൾ കുറവാണ് അന്തരം ഉദാഹരണമായി വ്യവസായങ്ങളെ ദേശീയമാക്കുന്നതിനുള്ള ഏതു പദ്ധതിക്കു മുമ്പായി ഗവൺമെൻറിനെ തന്നെ ദേശീയമാക്കേണ്ടതു അത്യന്താപേക്ഷിതമാണെന്നുള്ളതിൽ അഭിപ്രായൈക്യമാണുള്ളതു ചില രൂപത്തിലുള്ള നിയന്ത്രണങ്ങൾ ഒഴിച്ചുകൂടാൻപാടുള്ളതല്ലെന്നു നാം സ്മരിക്കേണ്ടിയിരിക്കുന്നു. അത്തരം നിയന്ത്രണങ്ങൾ കാര്യക്ഷമവും നിഷ്പക്ഷവുമായിരിക്കണമെന്നേയുള്ളു. എന്തെന്നാൽ അത്തരം നിയന്ത്രണങ്ങൾ യുദ്ധകാലസാമ്പത്തികക്രമത്തിൽനിന്നു സമാധാനകാല സാമ്പത്തികക്രമത്തിലേക്കുള്ള പരിവർത്തനം സാധിക്കുവാനും യുദ്ധാനന്തര പുനർനിർമ്മാണം നിർവ്വഹിക്കുവാനും മാത്രമല്ല, സംവിധാനബദ്ധമായ സാമ്പത്തികക്രമത്തിനുവേണ്ടിത്തന്നെയും ആവശ്യമായിരുന്നേക്കാം. ''ട്രാൻസിഷൻഫ്രംവാർ ടുപീസ് എക്കോണമി' എന്ന ലീഗ് അഫ്നേഷൻസ് പ്രസിദ്ധീകരണത്തിൽ പ്രസ്താവിച്ചിരിക്കുന്നതുപോലെ ''ഉല്പാദനം എന്നതു് ഏകകാലത്തിൽ തന്നെ ഒരു സാമൂഹ്യസമുദ്യോഗവും ഒരു സാമൂഹ്യചുമതലയുമാണ്. സ്വകാര്യപരസമുദ്യമം അപര്യാപ്തമെന്നുവന്നുകൂടുമ്പോൾ കാര്യങ്ങളുടെനില ശരിപ്പെടുത്തുവാൻ ഗവമ്മെൻറു വേണ്ട നടപടികൾ അവലംബിക്കണം'' ഇതിനും പുറമേ, ''വ്യവസായം ഏതാനുംചില ഓഹരിയുടമസ്ഥരുടെയോ ചില ട്രേഡ്യൂണിയൻ സിൻെറയോ സ്വകാര്യവ്യാപാരമെന്നനില അവസാനിച്ചിരിക്കുന്നു. എല്ലാവരുടേയും ഗുണത്തിനുവേണ്ടി നടത്തപ്പെടുന്ന ഒരു സാമൂഹ്യപ്രവർത്തനമാണതു്' നിയന്ത്രണവും സമ്മതവും തമ്മിലും, ക്രമീകരണവും വ്യാപാരോദ്യമവും തമ്മിലും സമുചിതമായ ഒരു സമീകരണം ഉണ്ടായിരിക്കണം. ഏതായിരുന്നാലും സ്വകാര്യവ്യാപാരപ്രശ്നം മററു പ്രശ്നങ്ങളെപ്പോലെയല്ലാതെ ആഭ്യന്തരമായ ഒരു പ്രശ്നമാണ്. അതിനെ നാം നമ്മുടെ സംയുക്തമായ ബുദ്ധിസാമർത്ഥ്യത്താലും യത്നങ്ങളാലും പരിഹരിക്കേണ്ടതുമാണ്.

യുദ്ധാനന്തരം വിദേശീയം സാമ്പത്തിക പരിഗണനകളോടൊപ്പം നയതന്ത്രപരിഗണനകളാലും നിർണ്ണയിക്കപ്പെടുന്നതാണെന്നു ഗ്രഹിക്കേണ്ടതായുണ്ട്. എന്നാൽ 'ഉള്ള' രാജ്യങ്ങളും 'ഇല്ലാത്ത' രാജ്യങ്ങളും ആയി വേർതിരിക്കപ്പെട്ട ലോകം തുടരുന്നകാലത്തോളവും, വളർച്ച പ്രാപിച്ചിട്ടില്ലാത്ത ദുർബലജനതകളുടെമേലുള്ള ആധിപത്യവും ചൂഷണവും ലോകത്തെ സുശക്തരാജ്യങ്ങളുടെ സാമ്പത്തികശക്തിയുടെയും പുരോഗതിയുടെയും നിദാനമായിരിക്കുന്ന കാലത്തോളവും, സമാധാനത്തിനുള്ള സാമ്പത്തികമായ അടിത്തറ ഉറപ്പിക്കുവാൻ സാധിക്കുന്നതല്ല. സമാധാനത്തെപ്പോലെ അഭ്യുദയവും അവിഭാജ്യമാണ്.

(കാപ്പിറൈററ്, നാഷണൽപ്രസ സിൻഡിക്കേററ്, ഇൻഡ്യാ).

Vol. XVI THE MALAYALA RAJYAM, Quilon, Monday 16th April 1945 No. 268

## വിഷയവിവരം

—o—


പേജ്

1 കമ്പിവാർത്തകൾ

2 പ്രസിഡൻറ് ട്രൂമൻ

3 ബർമ്മയിൽനിന്നുള്ള ഏൻറെ വിജയകരമായ പിന്മാററം (പി. കെ. രാജരാജവർമ്മ എം. ഏ.)

5 റൈ സമ്മേളനം (ഗഗനവിഹാരി എൽ. മേതാ)

6 സയൻസിനെപ്പററി (പി. ദാമോദരൻപിള്ള ബി. ഏ.)

7 പുഷ്പഗീതി (കവിത)

,, സഹകരണം (കവിത)

8 സേവാഗ്രാമത്തിലെ സത്യനിഷ്ഠ (കെ. എൻ.)

9 തൂലികയുടെ പിറകിൽ (ചെറുകഥ) (എസ്. കെ. ആർ. കമ്മത്ത്)

12 കമ്പിവാർത്തകൾ


—o—



[?] പ്രസിഡൻറ് റൂസ്‌വെൽററിൻെറ അദ്ധ്യക്ഷതയിൽനടന്ന ക്രൈമിയൻ സമ്മേളനത്തിൽ ബ്രിട്ടീഷുപ്രധാനമന്ത്രി മി: വിൻസ്റ്റൻ ചർച്ചിൽ ഇടതുവശം പ്രസിഡൻറ് റൂസ്‌വെൽററിന് അഭിമുഖമായി ഇരിക്കുന്നു) സോവിയററ് റിപ്പബ്ളിക്കിൻെറ പ്രസിഡൻറായ മാർഷൽ ജോസഫ് വി സ്റ്റാലിൻ (മേശയുടെ അങ്ങേവശത്തു ഇടതുനിന്നു രണ്ടാമതായി ഇരിക്കുന്നു) യൂണൈററഡ് സ്റ്റേററ്സ് പ്രസിഡൻറ് ഫ്രാങ്ക്ളിൻ ഡി. റൂസ്‌വെൽററ് (ഇടതുകൈകൊണ്ടു ടൈ തൊട്ടുകൊണ്ടു മേശയുടെ വലതുവശം ഇരിക്കുന്നു) എന്നിവർ തങ്ങളുടെ സ്റ്റാഫുകൾ സഹിതം ൧൯൪൫ ഫെബ്രുവരി ആദ്യം ക്രൈമിയൻ കരിങ്കടൽ തുറമുഖമായ യാൾട്ടായിലെ കൊട്ടാരത്തിൽവച്ചു കൂടിയാലോചന നടത്തുന്നവേളയിൽ എടുത്ത ചിത്രം. ഇവിടെവച്ചു എട്ടു ദിവസം നീണ്ടുനിന്ന സമ്മേളനത്തിലാണു യൂറോപ്പിലെ യുദ്ധത്തിൻെറ ദൈർഘ്യം ചുരുക്കുന്നതിനുള്ള പദ്ധതികളിന്മേൽ ൩ സഖ്യനേതാക്കന്മാരും ഒരു ഒത്തുതീർപ്പുണ്ടാക്കിയതെന്നുള്ളതും സ്മരണീയമാണ്.

# ലക്ഷ്മീകാന്തം കൊലക്കേസ്

## പാലുകാരൻ ചിട്ടിബാബുവിൻെറ മൊഴി

മദ്രാസ്, ഏപ്രിൽ ൧൨.

ജ: മി. വെറിമാക്കററിൻെറയും സ്പെഷ്യ ജൂറിയുടെയും മുൻപാകെ ഇന്നു മദനഗോപാലിൻെറ വിസ്താരം വീണ്ടും തുടന്നു.

രണ്ടാംപ്രതിക്കുവേണ്ടി മി. രാമനാഥൻ ക്രാസുചെയ്തു. തൻെറ തൊഴുത്ത് കന്തപ്പമുതലിത്തെരുവിലുണ്ടെങ്കിലും അതു വാടകയ്ക്കു കൊടുത്തിരിക്കുകയാണെന്നും, താൻ വീട്ടിലല്ല വെങ്കിടാചലമുതലിത്തെരുവിലുള്ള തൊഴുത്തിലാണ് പശുക്കളെ കെട്ടുന്നതെന്നും സാക്ഷി മദനഗോപാൽ മൊഴി കൊടുത്തു.

അടുത്തതായി മി. രാജഗോപാലാചാരി ക്രാസുചെയ്തു.

"ഞാൻ മുക്കിൽ പിണ്ണാക്കുകടയുടെയടുത്താണു നിന്നതു്. ട്രാം പോകുന്നതു കാണാമായിരുന്നു. കടയിൽ നിന്നാൽ കാണുകയില്ല. റോഡിൽ നിന്നാൽ കാണാം.

ചോ—ആളിടുങ്ങിയ സ്ഥലത്തു ആരെങ്കിലും ഓടുകയാണെങ്കിൽ അധികസമയം കാണുവാൻ സാധിക്കുകയില്ലല്ലൊ? ഉ—ഞാൻ നല്ലവണ്ണം കണ്ടു. "മോഷനിൽ" ഓടിയിരുന്നെങ്കിൽ ശ്രദ്ധിച്ചിരിക്കുകയില്ല. അവർ "പെരുംനട"യായിട്ടു് നടക്കുകയായിരുന്നു. വേണമെങ്കിൽ ഞാൻ 'ആക്ഷൻ' ചെയ്തു കാണിക്കാം. ൧൯൪൫ മൊഴിയിൽ മുൻപും പിറകുമായി ഓടിയെന്നു ബോധിപ്പിച്ചിരിക്കുന്ന ഭാഗം കോടതിയിൽ വായിച്ചു.

ചോ—പോലീസുകാർ ചോദിച്ചപ്പോൾ ഈ വിധത്തിലും കീഴ്ക്കോടതിയിൽ 'നടന്നു' എന്നും പറഞ്ഞിരിക്കുന്നല്ലോ? ഉ—"പെരുനടയായി" നടന്നു എന്നാണ് പറഞ്ഞിട്ടുള്ളതു്.

ചോ—തിരിഞ്ഞുനോക്കി എന്നു ബോധിപ്പിച്ചതു് ആരാ മനസ്സിലാക്കി എന്നു ധരിപ്പിക്കാനല്ലെ? ഉ—അല്ല. അവർ നിക്കർ ഇട്ടിരുന്നതും ഞാൻ ശ്രദ്ധിച്ചു.

ചോ—അതിലൊരാൾ പൊക്കം കുറഞ്ഞ ഒരു തടിയനാണെന്നു പറഞ്ഞില്ലേ? ഉ—പറഞ്ഞു.

ചോ—രണ്ടാംപ്രതി പൊക്കം കുറഞ്ഞ ഒരു തടിയനാണോ? ഉ—അല്ല.

താനും ചിട്ടിബാബുവുംതമ്മിൽ കണ്ടതു ആകസ്മികമായിട്ടാണെന്നും, കൃഷ്ണവിലാസം ഹോട്ടലിൽവച്ചു കണ്ടുമുട്ടിയതും യാദൃച്ഛികമായിട്ടായിരുന്നുഎന്നും, ഹോട്ടലിൽവച്ചാണു കുത്തിൻെറ വിവരം അറിഞ്ഞതെന്നും സാക്ഷി ബോധിപ്പിച്ചു.

### നാലാംപ്രതിയ്ക്കുവേണ്ടി ക്രാസ്സ്

ചോ—ഇന്നാല നീ സാക്ഷിക്കൂട്ടിൽ ഓടി കൃത്താടികാണിച്ചില്ലേ? ഉ—കാണിച്ചു.

ചോ—ആ മൂന്നുപേരും അങ്ങിനെ ഓടുകയെന്നാണോ പറയുന്നതു്? ഉ—അതെ. വേണമെങ്കിൽ ഓടിക്കാണിക്കാം. (ചിരി.)

ചോ—അവർ തെരുവിൽക്കൂടി അങ്ങിനെ ഓടിയോ? ഉ—ഓടി. ഇന്നലെ ശരിയായിട്ടു ഓടിക്കാണിക്കത്തക്ക സ്ഥലസൌകര്യം കോടതിമുറിയിലില്ലായിരുന്നു. ഇന്നു "ഒരൊഞ്ചം ഇടവിസ്താരമായിരിക്കിറതു്. ഇന്നും ഓടിക്കാട്ടട്ടുമാ?"

കോടതി—ഓടാൻ പറയട്ടെ?

ജൂറി—വേണമെന്നില്ല.

അടുത്തതായി മി. സുന്ദരരാജൻ ക്രാസ്സ് ആരംഭിച്ചു.

"രാവിലെ പന്ത്രണ്ടുമണിക്കുമുമ്പു മുനിസ്വാമിയുടെ തൊഴുത്തിൽ പോയില്ല. ൧൨-൪൫-ന ചിട്ടിയുമായി സംസാരിച്ചുകൊണ്ടിരുന്നു. ൧൨-൩൦-നാണ് കടയിൽ പോയതു്."

ചോ—അന്നു നീ വാച്ചു കെട്ടിയിരുന്നോ? ഉ—ഇല്ല. വീട്ടിൽ അഴിച്ചുവച്ചിരുന്നു. "ശായന്തരം ഉലാത്തപ്പോനാൽ കടികാരംകട്ടിക്കൊണ്ടുപോവേൻ" (സായാഹ്നസവാരിക്കുപോകുമ്പോൾ വാച്ചു കെട്ടിക്കൊണ്ടുപോകും) [ചിരി.]

ചോ—ചിട്ടിയെ കണ്ടതു്? ഉ—൧൨-൩൦-ന്.

ചോ—൧൫ മിനിററുനേരം സംസാരിച്ചു എന്നു് കീഴ്ക്കോടതിയിൽ ബോധിപ്പിച്ചില്ലെ? ഉ—ബോധിപ്പിച്ചു.

ചോ—സ്ത്രീകൾ ധാരാളമുണ്ടായിരുന്നതുകൊണ്ടു് അധികനേരം കാത്തുനിന്നു എന്നും ബോധിപ്പിച്ചു? ഉ—അതേ.

ചോ—൧൨-൪൫-ന ലക്ഷ്മീകാന്തത്തിനു കുത്തേററ എന്നറിയാമോ? ഉ—ഇപ്പോൾ അറിയാം.

'മുനിസ്വാമി വന്നപ്പോൾ ൧൨ മണിയായി. മുനിസ്വാമിയുടെ മൊഴിവാങ്ങിയപ്പോൾ ഞാനില്ല. ഓടിയവരുടെ മുഖത്തു വിയർപ്പു പൊടിയുന്നുണ്ടായിരുന്നുഎന്നു് കീഴ്ക്കോടതിയിൽ പറയാഞ്ഞതു് ഇവിടെ വരുമ്പോൾ പറഞ്ഞാൽ മതിയെന്നുവിചാരിച്ചാണ്"

ചോ—പബ്ളിക്ക്റോഡിൽ ഫുട്ബാൾകളിച്ചതിന്നു് നിങ്ങളെ ൧൦ രൂപാ ശിക്ഷിച്ചെന്നു ബോധിപ്പിച്ചല്ലൊ? ഉ—അതെ. ആ ചിരിച്ചുകൊണ്ടിരിക്കുന്ന വക്കീലാണ് എനിക്കുവേണ്ടി വാദിച്ചതു് (സാക്ഷി മി. എൻ. എസ്. വീരരാഘവനെ കാണിച്ചു)

ചോ—നിർഗ്ഗുണം ലക്ഷ്മീകാന്തത്തിൻെറ വക്കീലാണെന്നറിഞ്ഞാണോ പോയതു്? ഉ—അതേ.

ചോ—നീ ലക്ഷ്മീകാന്തത്തെ അഭിനന്ദിക്കുന്നുണ്ടു്. അല്ലെ? ഉ—ഈ നാട്ടുകാരെല്ലാം അയാളെ 'കെട്ടിയക്കാരൻ'(മിടുക്കൻ) എന്നു് അഭിനന്ദിക്കുന്നല്ലൊ. ഞാനും അയാളുടെ പേപ്പർ വായിക്കുന്നുണ്ടു്. ഭാഗവതരെയും കൃഷ്ണനെയുംപററിയെല്ലാം എഴുതും.

ചോ—ഇതെല്ലാം വായിക്കുമ്പോൾ നിങ്ങൾക്ക് സന്തോഷമാണോ കോപമാണോ ഉണ്ടാകുക? ഉ—കോപം വരേണ്ടയാവശ്യം?

ചോ—തൃപ്തിയുണ്ടായോ? ഉ—"തൃപ്തി എന്നാൽ?"

മി. രാജമന്നാർ സാക്ഷിയെ 'റീ' വിസ്തരിച്ചു.

### ജഡ്ജിയുടെ ചോദ്യങ്ങൾ

ചോ—അടയാളവിചാരണച്ചടങ്ങുകൾ എവിടെവച്ചു നടന്നു? ഉ—എഗ്‌മൂർ സ്റ്റേഷനിൽ.

ചോ—അകത്തുള്ള വരാന്തയിലാണോ? ഉ—അതെ.

ചോ—പത്തു പന്ത്രണ്ടു പേരുണ്ടായിരുന്നില്ലെ? അവിടെവച്ചു ആദ്യമാണോ പ്രതികളെ കണ്ടതു്? ഉ—അതിനുമുൻപു കണ്ടില്ല.

ചോ—അതുവരെ എവിടെയാണു? ഉ—എ. ആർ. പി. ട്രഞ്ചിൽ.

ജൂറർമാർ—എന്നും ആ സമയത്താണോ പിണ്ണാക്കും മററും വാങ്ങാൻ പോകുന്നതു്? ഉ—അതെ. ജോലി കാലത്തു തീർന്നാൽ നേരത്തെ പോകും.

ചോ—ആ പ്രദേശത്തുള്ളവരെയെല്ലാമറിയുമോ? ഉ—ഞാൻ "പാൽസപ്ലൈ" ചെയ്യുന്നതുകൊണ്ടു് അറിയും.

ചോ—അതുകൊണ്ടു് പുതിയ ആളുകൾ വന്നാൽ നീ പ്രത്യേകം ശ്രദ്ധിക്കും അല്ലേ? ഉ—അവർ തിരിഞ്ഞു തിരിഞ്ഞു നോക്കിക്കൊണ്ടു പോയതുകൊണ്ടാണ് ശ്രദ്ധിച്ചതു്. പുതിയയാളുകളായതുകൊണ്ടു മാത്രം അത്ര ശ്രദ്ധിക്കാനൊന്നുമില്ല.

അടുത്ത സാക്ഷി ചിട്ടിബാബുവായിരുന്നു.

മി. രാജമന്നാർ സാക്ഷിയെ ചീഫ് ചെയ്തു.

"പാലുകാരനാണ്. കന്തപ്പമുതലിത്തെരുവിലാണു തൊഴുത്ത്. മദനഗോപാലിനെ കുട്ടിക്കാലംമുതൽക്കേ അറിയാം. ൧൨ വർഷങ്ങൾക്കുമുൻപ് ഞാൻ ആരണിമുത്തയ്യത്തെരുവിൽ മദനഗോപാലിൻെറ കൂടെ താമസിച്ചിരുന്നു. ലക്ഷ്മീകാന്തത്തെ അറിയാം. ലക്ഷ്മീകാന്തം കുത്തി എന്നറിയാം. (കോടതിയിൽ ചിരി) അല്ല. ലക്ഷ്മീകാന്തത്തിനെ കുത്തി എന്നറിയാം. അദ്ദേഹം മരിച്ചുപോയി. ഞാൻ പിണ്ണാക്കും മററും വാങ്ങാൻ പോയപ്പോൾ മൂന്നുപേർ ഒന്നിനുപിറകേ ഒന്നായി തിരിഞ്ഞു തിരിഞ്ഞു നോക്കിക്കൊണ്ടു വരുന്നതുകണ്ടു. എവിടെപ്പോകുന്നു എന്നു മദനഗോപാൽ ചോദിച്ചു. "ഒണ്ണുമില്ലപ്പാ" എന്നവർ പറഞ്ഞു. എന്നിട്ടു് അവർ വെങ്കിടാചലമുതലിത്തെരുവുവഴി പോയി. സമയം ൧൨-൩൦."

സാക്ഷി പ്രതികളെ ചൂണ്ടിക്കാണിച്ചു. ജയാനന്ദനെയും കോടതിയിൽ ഹാജരാക്കി.

"അന്നു് ഇതുപോലെ താടിയില്ലായിരുന്നു. ഞാൻ അവരെക്കണ്ടതിനുശേഷം നാരായണൻനായരുടെ മിലിററി ഹോട്ടലിൽ പോയി. പിന്നീടു് കൃഷ്ണവിലാസിൽ പോയി. അവിടെവച്ചു മദനഗോപാലിനെ കണ്ടു. ഞങ്ങൾ കാപ്പികുടിച്ചിട്ടു് വെളിയിലിറങ്ങിയപ്പോൾ ലക്ഷ്മീകാന്തത്തിനെ കുത്തി എന്ന വിവരം അറിഞ്ഞു. ഞങ്ങൾ മാടത്തെരുവിൽ വന്നു. 'ആരപ്പാ കുത്തിയതു്' എന്നു ഞാൻ ചോദിച്ചു. മുനിസ്വാമി മൂന്നുപേരെ കണ്ടവിവരം പറഞ്ഞു. ഞങ്ങളും കണ്ട സംഗതി പറഞ്ഞു. ഞങ്ങൾ വൈകിട്ടു ൭ മണിക്ക് വക്കീലിനെക്കണ്ടു വിവരമറിയിച്ചു. വക്കീൽ ഒരു റിക്ഷായിലും ൭ വറെ്റാരാൾ കൂടെയും വരുകയായിരുന്നു."

(ഗോപാലസ്വാമിചെട്ടിയാർ കോടതിയിൽ വന്നു. ഇയ്യാളാണ് നിർഗ്ഗുണത്തിൻെറകൂടെ വന്നതെന്നു സാക്ഷി ബോധിപ്പിച്ചു.)

"അന്നുരാത്രി സ്റ്റേഷനിൽ പോയി. ഇൻസ്പെക്ടർ ഇല്ലായിരുന്നു. രണ്ടുദിവസം കഴിഞ്ഞുപോയി. അപ്പോൾ സബ് ഇൻസ്പെക്ടർ ഉണ്ടായിരുന്നു. മുനിസ്വാമിയെ കൂട്ടിക്കൊണ്ടുവരുവാനായി മദനഗോപാലിനെ അയച്ചു. എന്നിട്ടു എൻെറ തെളിവു വാങ്ങി. എഗ്മോർസ്റ്റേഷനിൽവച്ചു അടയാളവിചാരണ നടന്നു. ആദ്യം ജ

(ശേഷം ൧൧-ാംപേജിൽ)

Printed and published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.